2017 ജനുവരി 25 മുതൽ ഫെബ്രുവരി 24 വരെ

വില 10 രൂപ

# നക്ഷത്രരാജ്യം

**The National, State, District, Village star news Kerala & India**

**Cinema**
**Sports**
**Arts &**
**Literature**




പി.ആർ. നാഥൻ (വിചാരം)
എം.എസ്.കുമാർ (കഥ)
സുകുമാർ കൂർക്കഞ്ചേരി (കഥ)
ഭാസി മലാപ്പറമ്പ് (സ്പോർട്സ്)
നക്ഷത്രരാജ്യം ഇ.രാധാകൃഷ്ണൻ (നാടകം)
ജോസഫ് പൂതക്കുഴി (ലേഖനം)
കുട്ടികൃഷ്ണൻ നായർ ഇളവന (കവിത)
രവീന്ദ്രൻ വൈദ്യർ കൊടാപ്പള്ളി (കവിത)
ബാലചന്ദ്രൻ മഞ്ചേരി (കഥ)
ഇന്ദിര വിശ്വനാഥ് (കഥ)
ടി.പി.ശിവദാസൻ നെന്മാറ (കഥ)
അശോകൻ മല്ലിശ്ശേരി (ലേഖനം)
സി.കെ.രാഘവൻ (ലേഖനം)


**റിപ്പബ്ലിക് ദിനാശംസകൾ**




മുഖചിത്രം:
കീർത്തി സുരേഷ്
(ഫിലിം സ്റ്റാർ)


Since : 2008
**NAKHATRA RAJYAM**
(Monthly Magazine)

2017 JANUARY 25
Reg. No. 2008/11/2718/D/
RNI EN No. 40980
Dated: 10-10.2007
Issu 55 Volume 6



Managing Editor, Publisher &
Owned by:
**Nakhatrarajyam E. Radhakrishnan**
Edoli House, Kommeri P.O.
Kozhikode - 673 007

Address
Managing Editor
NAKHATRA RAJYAM
P.B. No. 1205
Mankave P.O, Kozhikode - 7
Kerala, India.
Mob: 9847649567, 9744233997
email:nakhathrarajyam@gmail.com



Layout:
Sundargraphics, Calicut -1.

Inside Art:
Gireesh Moozhipadam

Cover
Redefine Graphics

Price 10.00


**എഡിറ്റോറിയൽ**



# കേരളം വരളുന്നു

വർഷങ്ങളായി കേരളീയർ വരൾച്ചദുരിതം അനുഭവിച്ചുകൊണ്ടിരുന്നത് മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലായിരുന്നു. ഈ വർഷം 2016 ഡിസംബർ മാസം പകുതിയിൽ തന്നെ വരൾച്ച കേരളത്തിലെ ജനങ്ങൾക്ക് കനത്ത ദുരിതമാവുകയാണ്. കാലാവസ്ഥ വ്യതിയാനം സംഭവിച്ചു കൊണ്ടിരിക്കുന്ന കേരളത്തിൽ പറമ്പുകളും, വയലുകളും, തോട്ടങ്ങളും മകരമാസത്തിൽ പോലും ചുട്ടുപൊള്ളി വിണ്ടുകീറുന്നു. നാട്ടിൽ വെള്ളമില്ല. വയലേലകൾ ഉണങ്ങി വരണ്ടു കിടക്കുന്നു. നെല്ലും, പയറും, കാപ്പിയും, കുരുമുളകും, മറ്റു പച്ചക്കറി വിത്തുകളും വിതച്ചാൽ നാമ്പെടുക്കുന്നില്ല. തെങ്ങുകളിൽ മഞ്ഞച്ച നാളികേരം പുഷ്ടിപ്പെടാതെ ശോഷിച്ചു നിൽക്കുന്നു. കൃഷിക്കാർക്ക് ജീവിക്കാനുള്ള ആശയും കൃഷിയോടുള്ള വിരക്തിയും വർദ്ധിച്ചു കൊണ്ടിരിക്കുന്നു. കായികാദ്ധ്വാനം കൊണ്ടും കൃഷിയോടുള്ള അഭിവാഞ്ഛ കൊണ്ടും ജനങ്ങളെ ഊട്ടുന്ന കൃഷിക്കാരൻ ദരിദ്രനും കടക്കാരനുമാകുന്നു. കൃഷി ഉല്പന്നങ്ങൾ വാങ്ങി വിൽക്കുന്നവർ സമ്പന്നരാകുമ്പോഴും മണ്ണിനോട് മല്ലടിച്ച്, പണം മുടക്കി വെളുത്ത മനസ്സോടെ നാടിനെ ഊട്ടുന്ന കൃഷിക്കാരനും കർഷകത്തൊഴിലാളിയും നാട്ടിൽ ആത്മഹത്യ മുനമ്പിൽ ജീവച്ഛവമായി നിസ്സഹായനാകുന്ന അവസ്ഥ. മാറി മാറി വരുന്ന ഭരണകൂടങ്ങൾ ആവിഷ്ക്കരിക്കുന്ന എൻ. എച്ച്. റോഡ് പദ്ധതികളുടെ ഗുണഭോക്താവായി ഭൂമിയുടെ വിലവർദ്ധനവിലൂടെയോ, നിർമ്മിച്ചുകൊണ്ടിരിക്കുന്ന റോഡുകളുടെ സമീപത്തായതിനാലുള്ള ഭൂമിയുടെ വില വർദ്ധനവിലൂടേയോ കേരളത്തിൽ വിരലിലെണ്ണാവുന്ന ചില കൃഷിക്കാരും വൻ കൃഷിഭൂമി ഉടമകളും ചെറിയതും വലിയതുമായ പുത്തൻ സമ്പന്നരാകുന്നു. ദൈവത്തിനേയും കൃഷിയേയും പൂജിച്ചിരുന്ന കൃഷിക്കാർ ഇന്ന് കൃഷിക്കും ദൈവത്തിനും പകരം തന്റെ കൃഷിയിടത്തിൽ എൻ. എച്ച്. റോഡായ ഗ്രീം...ബൈപ്പാസ്സ് റോഡായ ഗ്രീം എന്ന് ജപിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വനത്തിൽ ജീവിക്കുന്ന ഗോത്ര വർഗ്ഗ കുട്ടികളും സ്ത്രീകളും പോഷകാഹാരക്കുറവുമൂലവും പട്ടിണിമൂലവും ജീവൻ രക്ഷ മരുന്നിന്റെ ലഭ്യത അഭാവത്തിലും മരണപ്പെട്ടുകൊണ്ടിരിക്കുന്നു. ദരിദ്രജന വിഭാഗങ്ങളേയും ആദിവാസികളേയും മനുഷ്യനായ്പ്പോലും അംഗീകരിക്കാത്ത "അത് അവരുടെ യോഗമാണെന്ന് പറഞ്ഞ് കയ്യൊഴിയുന്ന" പ്രവണത കേരളത്തിലെ പ്രാദേശിക രാഷ്ട്രീയത്തിൽ സ്പോടകാത്മക സ്ഥിതി സംജാതമാക്കുന്നു. ദരിദ്രജന ഗോത്രങ്ങളേയും ദരിദ്ര നാരായണൻമാരേയും കണ്ടില്ലെന്നു നടിക്കുന്നവർ ഭാരതത്തിൽ വീണ്ടുമൊരു അംബേദ്ക്കറുടേയും, മഹാത്മാ ഗാന്ധിയുടേയും, റാണി ലക്ഷമി ഭായിയുടേയും, താന്തിയ തോപ്പിയുടേയും പുനർജനിക്ക് വഴി തുറക്കുകയാണെന്നുള്ള തിരിച്ചറിവിൽ ഉണർന്നിരിക്കുക!

മാനേജിംഗ് എഡിറ്റർ



# വൈത്തീശ്വരൻ കോവിൽ

പി. ആർ. നാഥൻ

ശാരീരികമായ അസ്വസ്ഥതകൾ വരുമ്പോൾ ആദ്യം ഓർക്കേണ്ടത് ശിവൻ എന്ന ദേവതയെയാണ്. ശിവചൈതന്യമാണ് നശ്വരമായ ഈ ജീവിതത്തെ താൽക്കാലികമായിട്ടെങ്കിലും നിലനിർത്തുന്നത്. അസുഖത്തെ ഭേദപ്പെടുത്താനുള്ള സിദ്ധി നമുക്കു കിട്ടേണ്ടത് ശിവമൂർത്തിയിൽ നിന്നാണ്. ശിവന് വ്യത്യസ്തമായ മുഖങ്ങളുണ്ട്. ഋഷിമാർ വളരെ വ്യക്തമായി ഇതേക്കുറിച്ച് നമുക്കു പറഞ്ഞുതന്നിട്ടുണ്ട്. രോഗത്തെ മാറ്റുന്നത് വൈദ്യനാഥനാണ്. അറിവിന്റെ പരിപൂർണ്ണതയാണത്. ശിവനേക്കാൾ വലിയ വൈദ്യനില്ല. അതിനാൽ വൈത്തീശ്വരിനിലേക്ക് കേന്ദ്രീകരിക്കുമ്പോൾ എങ്ങിനെയാണ് അസുഖം ഭേദപ്പെടുന്നത് എന്നോർത്ത് മസ്തിഷ്ക്കത്തെ ക്ഷീണിപ്പിക്കേണ്ടതില്ല. ഞാൻ ബാല്യം മുതൽക്കെ തന്നെ വൈത്തീശ്വരനെക്കുറിച്ച് കേട്ടിരുന്നു. പക്വതവന്നതോടെയാണ് വൈത്തീശ്വരൻ കോവിലിൽ പോകണമെന്നും, അവിടുത്തെ സൂക്ഷ്മതത്വങ്ങളുമായി താദാത്മ്യം പ്രാപിക്കണമെന്നും തോന്നിയത്.

തമിഴ്നാട്ടിലെ ഏറ്റവും പ്രധാനപ്പെട്ട പുണ്യക്ഷേത്രങ്ങളിലൊന്നാണ് വൈത്തീശ്വരൻ കോവിൽ അഥവാ പുള്ളിരിക്കവേലൂർ. ഇത് ശീർകാഴിയ്ക്ക് അടുത്തുതന്നെയാണ്. പോണ്ടിച്ചേരിയിൽ നിന്നാണ് ഞാൻ വൈത്തീശ്വരൻ കോവിലിലേക്കു പോയത്. കേരളീയരെ സംബന്ധിച്ചിടത്തോളം ഇപ്പോൾ പോണ്ടിച്ചേരിയിലേക്ക് തിവണ്ടിയുള്ളതുകൊണ്ട് വൈത്തീശ്വരൻ കോവിലിൽ വലിയ ബുദ്ധിമുട്ടില്ലാതെ എത്താൻ കഴിയും.

രോഗം മാറ്റുന്ന ശിവനായിട്ടാണ് ഇവിടത്തെ വൈത്തീശ്വര ചൈതന്യം നിലനിൽക്കുന്നത്. ഈ പ്രദേശത്തിന് വളരെയേറെ പ്രത്യേകതകളുണ്ടെന്ന് പൗരാണികർ പറയുന്നു. നവഗ്രഹക്ഷേത്രങ്ങളിലൊന്നാണ് വൈത്തീശ്വരൻ കോവിൽ. അംഗാരകനെ ഇവിടെ ആരാധിക്കുന്നു. നാഡീജ്യോത്സ്യക്കാരുടെ ബോർഡുകൾ കാണാം. പണ്ടുകാലം മുതൽക്കുതന്നെ കേരളത്തിൽ നിന്നും ധാരാളം ആളുകൾ ഫലം അറിയാനായി അവിടേയ്ക്ക് പോകാറുണ്ടായിരുന്നു. നാഡീജ്യോതിഷവുമായി ബന്ധപ്പെട്ട് ധാരാളം കഥകൾ ഞാൻ കേട്ടിട്ടുണ്ട്. പൊതുവെ ജ്യോതിഷസംബന്ധമായ കാര്യങ്ങളെകുറിച്ച് അറിയാൻ താൽപര്യം കുറവായതുകൊണ്ടുമാത്രമാണ് ഞാൻ നാഡീപരിശോധനയുമായി ബന്ധപ്പെടാത്തതെങ്കിലും വൈത്തീശ്വരദർശനം അസാധാരണമായ ഒരു അനുഭവ





മാണ്. ശിവശക്തിയുടെ ആഴങ്ങളെക്കുറിച്ച് ഒരു ശരാശരി മനുഷ്യന് ചിന്തിക്കാനുള്ള സാഹചര്യം ഈ ക്ഷേത്രം ഉണ്ടാക്കുന്നു. അല്ലംങ്കിലും നിസ്സാരനായ ഒരു മനുഷ്യന്റെ ബുദ്ധികൊണ്ട് എന്താണ് അറിയുക? സമുദ്രത്തെ ഒരു സ്പൂൺ കൊണ്ട് കോരിയെടുക്കുന്ന അവസ്ഥയാണിത്. അംഗാരകന്റെ മുൻപിൽ നിൽക്കുമ്പോൾ പരിസരബോധം നഷ്ടപ്പെടുന്നു.

പരിസരബോധത്തെക്കുറിച്ച് ചിന്തിക്കുന്നവർ ഇത്തരം പശ്ചാത്തലങ്ങളിൽ ചെന്നാൽ നിരാശകരാകും. പശ്ചാത്തല ശുചിത്വത്തെക്കുറിച്ച് ചിന്തിച്ചു പോയാൽ ആശയത്തിന്റെ ഉൾക്കരുത്ത് കണ്ടത്താൻ നമുക്ക് കഴിയുകയില്ല. നാഗപട്ടണം ജില്ലയിലുള്ള വൈത്തീശ്വരൻ കോവിൽ ചെന്നയിൽ നിന്നും 325 കിലോമീറ്റർ അകലെയാണ്. തഞ്ചാവൂരിൽ നിന്നാണെങ്കിൽ 110 കിലോമീറ്റർ യാത്രചെയ്താൽ മതി. ക്ഷേത്രക്കുളം അതിമനോഹരം ''ശൈവനായനാ''മാരെ സ്മരിച്ചു പോകും. പാച്ചൽപെറ്റ സ്ഥലം എന്ന നാമം അർത്ഥവത്താണ്. ക്ഷേത്രക്കുളത്തെ വിളിക്കുന്നതുതന്നെ സിദ്ധാമൃതമെന്നാണ്. രാമായണ കഥയിലെ ജഡായുവിനെ ദഹിപ്പിച്ചത് ഇവിടെയാണ്. അംഗാരകന് കുഷ്ഠരോഗം വന്നപ്പോൾ വൈത്തീശ്വരനാണ് അത് മാറ്റിക്കൊടുത്തത്. പഞ്ചഭൂതാത്മകമായ ഭൂമിയിൽ ചിലയിടങ്ങളിൽദൈവീകമായ ശക്തിവിശേഷങ്ങളുണ്ട്. വാതവും, പിത്തവും, കഫവും ക്ഷോഭിക്കുമ്പോൾ വൈത്തീശ്വരൻ രക്ഷക്കെത്തുന്നു എന്ന അർത്ഥം കഥയിൽ ഒളിഞ്ഞിരിക്കുന്നു. തയ്യൽ നായകിയായ ദേവിഅസുഖങ്ങൾ മാറ്റാനുള്ള ഔഷധവുമായി സമീപത്ത് കുടികൊള്ളുന്നു.

ആരോഗ്യകരമായി ചിന്തിച്ചാൽ മനുഷ്യരുടെ ശക്തിവിശേഷങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നു. ജീവിത ശൈലിയിൽ വന്ന മാറ്റങ്ങളാണ് ഇതിന് കാരണം. അടിസ്ഥാനചൈതന്യത്തെ വിസ്മരിച്ചു കൊണ്ടുള്ള ഒരു ജീവിതമാണ് നാമിന്ന് നയിച്ചുകൊണ്ടിരിക്കുന്നത്. അതിനാൽ ജീവിത ശൈലി രോഗങ്ങൾ എന്നൊരു പദപ്രയോഗം ഇപ്പോൾ സാധാരണയായിരിക്കുന്നു. ആയുർവ്വേദത്തിലെ പ്രജ്ഞാപരാധം തന്നെയാണ് ജീവിതശൈലി രോഗങ്ങൾ. കൃതയുഗത്തിൽ മനുഷ്യരെല്ലാം നൂറുശതമാനം ധർമ്മം അനുഷ്ടിച്ചത് ദ്വാപരയുഗത്തിൽ അത് നാൽപ്പതിലെത്തി. ഇപ്പോൾ ഈ കലിയുഗത്തിൽ ധർമ്മത്തിന്റെ തോത് ഇരുപത്തഞ്ച്ശതമാനം മാത്രമാണെന്ന് ചിന്തകൻമാർ പറയുന്നു. ഒരു പകൽ മുഴുവൻ ഞാൻ സുഹൃത്തുക്കളുമൊത്ത് വൈത്തീശ്വരൻ കോവിലിൽ കഴിച്ചുകൂട്ടി. വലിയ ക്ഷേത്രമായതിനാൽ വിശ്രമിക്കാനായി ധാരാളം ഇടങ്ങളുണ്ട്. വിഗ്രഹങ്ങൾക്കു മുമ്പിൽ മാത്രമാണ് ജനത്തിരക്കുള്ളത്. ക്ഷേത്രത്തിന്റെ മഹത്വമറിഞ്ഞ് എത്തിയ ഭക്തർ നാഢിജ്യോത്സ്യത്തെക്കുറിച്ച് ചർച്ച ചെയ്യുന്നു. നാഢി ജ്യോത്സ്യത്തെക്കുറിച്ച് കേട്ടറിഞ്ഞ് അവിടെയെത്തിയ ചിലർ ക്ഷേത്രക്കുളത്തിലേക്കും വന്നിട്ടുണ്ട്. സിദ്ധാമൃതമെന്ന ക്ഷേത്രക്കുളത്തിൽ നിന്നും തണുത്ത കാറ്റടിക്കുന്നു. ഏഴാം നൂറ്റാണ്ടിൽ ശൈവനായന്മാരുടെ കാലം മുതൽക്കുതന്നെ വൈത്തിശ്വരനെ ദക്ഷിണേന്ത്യക്കാർ ആരാധിച്ചു. വൈത്തീശ്വൻ നമ്മെ ആശ്വസിപ്പിക്കുന്ന സ്വരം ശ്രവിക്കാനായി കർണ്ണപുടങ്ങളെ ഒരുക്കി നിർത്തുക.

ഭൂമിയുടെ പുത്രനാണ് ചൊവ്വ. ആലം എന്നാൽ വിഷം എന്നാണ് അർത്ഥം. ആലം വായിലാക്കിയ സ്ഥലമാണല്ലോ ആലുവ. ശ്രീശങ്കരൻ അവിടെ ജന്മമെടുത്തതിൽ അദ്ഭുതമില്ല. നമുക്ക് അംഗങ്ങൾ ഉണ്ടാക്കുന്നവനാണ് അംഗാരകൻ. അംഗാരകന്റെ കോവിലിനു മുകളിൽ ഉറപ്പിച്ചുനിർത്തിയ രണ്ടു പ്രതിമകൾ എന്നെ ചിന്താധീനനാക്കി. രണ്ട് ആടുകളുടെ പ്രതിമയായിരുന്നു അത്. ആട് അഗ്നിതത്വമാണ്. അഗ്നിയാണ് ചലനങ്ങൾ ഉണ്ടാക്കുന്നത്. രോഗം മാറ്റാനുള്ള ശക്തിയെ പ്രദാനം ചെയ്യുന്നതും അഗ്നിയാണ്. ക്ഷേത്രങ്ങൾ സ്ഥാപിച്ച മഹദ്വ്യക്തിത്വങ്ങൾ എത്രമാത്രം യുക്തിചിന്തയുള്ളവരായിരുന്നുവെന്ന് വൈത്തീശ്വരൻ കോവിലിനെക്കുറിച്ച് പഠിക്കുമ്പോൾ മനസ്സിലാകും. ഒരു ഭാഗത്ത് വീരഭദ്രപ്രതിഷ്ഠ. ശിവൻ വീരഭദ്രന്റെ സഹായം തേടുന്നു. നമ്മിലെ ശിവശക്തിയും വീരഭദ്രനെ

പ്രോത്സാഹിപ്പിക്കണം. വീര്യത്തെ ഭദ്രമാക്കി നിർത്തുക എന്ന അവസ്ഥയാണത്. പഞ്ചേന്ദ്രിയങ്ങളിലൂടെ നാം നിയന്ത്രണമില്ലാത്ത ലോകത്തെ അനുഭവിച്ചു കൊണ്ടിരിക്കുന്നു. സ്വന്തം അനുഭവമണ്ഡലമാണ് ലോകം. ഇന്ദ്രിയങ്ങളെ നിയന്ത്രിക്കാത്തവരുടെ അസുഖം ഭേദപ്പെടുകയില്ല. അവർ ഇന്ദ്രിയങ്ങളുടെ ദുർവിനിയോഗത്തിലൂടെ അസുഖത്തെ ക്ഷണിച്ചുവരുത്തിയവരാണ്. വീരഭദ്രനെ തൊഴുമ്പോൾ ഈ ധാരണ മനസ്സിൽ ഉറപ്പിക്കണം. തയ്യൽ നായികയായ അമ്മാൾ സമീപത്തുണ്ട്. ഈ അമ്മയാണ് എല്ലാം ശുഭകരമാക്കുന്നത്. ശിവന്റെ ഗുരുവാണ് വാമദേവർ. ഉത്സവമൂർത്തിയാണ് സോമസ്തന്ദർ. വൈത്തീശ്വരന്റെ മുൻപിൽവെച്ച് സോമസ്തന്ദർ മനസ്സിനെ ഹനിക്കാനായി ആഹ്വാനം നൽകുന്നു. കാഴ്ചകൾ മാത്രം കാണുന്നവർ വൈത്തീശ്വരനെ അറിയുന്നില്ല. വൈത്തീശ്വരന് എവിടെനിന്നാണ് ഈ ശക്തി വിശേഷം കിട്ടിയത്? സംശയം വേണ്ട. "ആദി വൈദ്യസ്വാമിയുടെ" പ്രതിഷ്ഠ ഇവിടെയുണ്ട്. ഇനിയും പിറകോട്ടു പോകുക. ഇന്ദ്രിയങ്ങളെ പിറകോട്ടു തിരിക്കുമ്പോൾ വൈത്തീശ്വരനെ കാണുന്നു. നാം ശിവം തന്നെ എന്ന് സ്വയം അറിയുന്നു. വൈത്തീശ്വരൻകോവിലിൽ മണികൂറുകളോളം ചുറ്റിനടന്നിട്ടും എനിക്ക് ഒരു ക്ഷീണവും അനുഭവപ്പെട്ടില്ല. വൈത്തീശ്വരൻ ചോദിക്കുന്നു. രോഗമോ? അതെന്താണ്? ഞാൻ ഇവിടെയുള്ളപ്പോൾ ആർക്കാണ് അസുഖം? ആയിരം സൂര്യന്മാർ ഒരുമിച്ച് വൈത്തീശ്വരനായി ഉദിക്കുമ്പോൾ അസുഖത്തിന്റേതായ ഇരുട്ട് എവിടെയാണ് ഒളിച്ചിരിക്കുക?

*





*കോഴിക്കോട് ജില്ലാ അൺഎക്യുപ്ഡ് പവർലിഫ്ടിംഗ് ഓവറോൾ ചാമ്പ്യൻമാരായ കുതിരവട്ടം കലിക്കറ്റ് ബാർബൽ ക്ലബ് ടീം അംഗങ്ങൾ ട്രോഫിയുമായി*



കഥ

# താദാത്മ്യം



എം.എസ്. കുമാർ

**കൂ**ടുപോലുള്ള തന്റെ വിശ്രമമുറിയിലിരുന്ന് കുഞ്ചു മാഷ് പുറത്തെ റോഡിലേയ്ക്ക് നോക്കി. പതിവുപോലെ. നായ്ക്കളും പട്ടികളും തലങ്ങും വിലങ്ങും സഞ്ചരിക്കുന്നു. സംരക്ഷിക്കാനാളില്ലാതെ സ്നേഹിക്കാനാരുമില്ലാതെ നെട്ടോട്ടമോടുന്ന അനാഥരെ ജനം വിളിയ്ക്കുന്നു. തെരുവുനായ്ക്കൾ.

എന്തിനാണിവ ഓടികൊണ്ടിരിയ്ക്കുന്നത്? അച്യുതൻകുട്ടി മേനോൻ സ്വയം ചോദിച്ചു. ഒരു ഭാഗത്തൊന്നിരിയ്ക്കാൻ ഇവർക്കൊട്ടും സമയമില്ലേ!

നായയ്ക്കു പ്രത്യേകിച്ചൊരു പണിയില്ല. എന്നാൽ നായയ്ക്ക് ഇരിയ്ക്കാനൊട്ടു നേരവുമില്ല! എങ്ങോ കേട്ട പഴമൊഴി മേനോൻ ഓർമ്മിച്ചു.

ആലോചന തന്നിലേയ്ക്കുതന്നെ എത്തുന്നു. ഉഗ്രപ്രതാപിയായ കുഞ്ചുമാസ്റ്റർ– നാട്ടുകാർക്ക് ഭയഭക്തി ബഹുമാനങ്ങൾ. ഭാര്യയും മക്കളും ജോലിയ്ക്കു പോകവേ വീടു കാക്കാൻ ഉഗ്രൻ അൽസേഷ്യൻ ഇരിമ്പുകൂട്ടിലുണ്ടായിരുന്നു. താൻ റിട്ടയർ ചെയ്തപ്പോൾ മക്കൾ രണ്ടുപേരും ചേർന്ന് നായയെ വിൽക്കാൻ തീരുമാനിച്ചു. വീടുകാവലിന് ആളായല്ലോ.

കാലം നീങ്ങിയപ്പോൾ കണ്ണും ചെവിയും പിടിക്കാതായി. കൈയും കാലും മനസ്സിനെ അവഗണിക്കുന്നു. മക്കൾ അരുണനും രമണനും സ്വത്തുക്കൾ സ്ഥാവരവും ജംഗമവും സമമായി വീതിച്ചു. അച്ഛനെന്തിനാണിനി സ്വത്തും പണവും! അവർ നയം വ്യക്തമാക്കി.

ഓർത്തുകൊണ്ടിരിയ്ക്കെ



ഗെയ്റ്റിനു മുന്നിലൂടെ കഴുത്തിലിട്ട കുടുക്കുമായി ചിലർ നായ്ക്കളെ വലിച്ചിഴച്ചുകൊണ്ടു പോകുന്നു. അവർ സർവ്വശക്തിയുമെടുത്ത് പിന്നോട്ട് വലിയ്ക്കുന്നുണ്ട്. വികൃതശബ്ദങ്ങൾ പുറപ്പെടുവിയ്ക്കുന്നു.

ഏതാനും പേർ നടന്നു നീങ്ങുന്നതു കണ്ട് കഞ്ചുമാഷ് കൂനികൂനി ഗേറ്റിനടുത്തേക്ക് നീങ്ങി. മഞ്ഞോ മഴയോ എന്നു തിരിച്ചറിയാനാകാത്ത കുളിർകാറ്റ്. മാഷ് ഗേറ്റ് തുറന്നു കറുത്തകരിമ്പടംകൊണ്ടു തലയും മുഖവും മൂടി. ഗേറ്റിനു വലതുഭാഗത്തെ റോഡിന്റെ വീതിയുള്ള അരികിലായി കൂട്ടിയിട്ട തെരുവുനായ്ക്കളുടെ ജഢങ്ങൾ. ചിലകാലുകൾ അനങ്ങുന്നുണ്ട്.

നാലുപാടും നോക്കി. ആരുമില്ല. അല്ലെങ്കിലും ആരുണ്ടാവാൻ! അദ്ദേഹം നാലുകാലിൽ നടന്നു.ശുനക കൂമ്പാരത്തിലെത്തി. മുഖവും കണ്ണും കരിമ്പടം മൂടി കൂമ്പാരത്തിലേയ്ക്ക് ഊളിയിട്ടു.

ഏതാനും നായ്ക്കളെ കൂടി വലിച്ചുവന്ന പിടുത്തക്കാർ ഓരോ ഇഞ്ചക്ഷൻകൂടി കൊടുത്ത് അവയെ നിശ്ചലമാക്കി കൂമ്പാരത്തിനു മുകളിലടുക്കി.

“ദേണ്ടടോ ഇടയിലൊരു വെളുത്തകാലിളകുന്നു''. ഒരാൾ വിളിച്ചു പറഞ്ഞു. “നോക്കണ്ട ഒരുഡോസ് കേറ്റിക്കേ”

അയാൾ ഒരിഞ്ചക്ഷൻ കൊടുത്തു. വെളുത്തകാൽ നിശ്ചലമായി.

*

വായനാനുഭവം


# പുതുമയിൽ പഴമതേടുന്ന ശ്രാവണ പൗർണ്ണമി



പി.ആർ. നാഥൻ

**വാ**സു അരീക്കോടിന്റെ ശ്രാവണ പൗർണ്ണമി എന്ന നോവൽ നമുക്ക് പുതിയൊരു വായനാനുഭവം നൽകുന്നു. ആദ്യ പുസ്തകത്തിൽ നിന്നും മാറി അദ്ദേഹം ഇപ്പോൾ വ്യത്യസ്ഥമായ ഒരു ശൈലി അവലംബിച്ചിരിക്കുന്നു. എക്സ്പ്രസ്സ് ബുക്സ് പ്രസിദ്ധികരിച്ച ഈ നോവൽ വായനക്കാരെ ഒട്ടും മുഷിപ്പിക്കുന്നില്ല. 79 പേജിൽ വാസു സുദീർഘമായ കഥ ചുരുക്കി പറഞ്ഞിരിക്കുന്നു. കഥയുടെ ഭംഗി അതിന്റെ അവതരണരീതിയിലാണ്. വർഷങ്ങളുടെ പാരമ്പര്യം നോവൽ ശാഖക്ക് അവകാശപ്പെടാമെങ്കിലും വിരലിലെണ്ണാവുന്ന കൃതികൾ മാത്രമാണ് പ്രേക്ഷക ഹൃദയത്തെ കീഴടക്കിയത്. ഒരു കാലത്ത് വ്യഥസ്ഥൂലത കൊടികുത്തിവാണു. എന്തും കുത്തി നിറക്കാനുള്ള കീറചാക്കാണോ നോവൽ എന്ന് നിരൂപകർ വാദിച്ചു തുടങ്ങി. അതിനിടയിൽ അത്യന്താധുനിക സാഹിത്യം രംഗപ്രവേശനം ചെയ്തു. വായിച്ചാലും മനസ്സിലാകാത്ത കൃതികൾ അശ്ലീലത്തിന്റെ മേമ്പൊടിയോടെ ധാരാളം പുറത്തിറങ്ങി. അത്തരം കൃതികളെ പ്രശംസിക്കാനായി നിരൂപകർ രംഗത്തു വന്നു. കാലം അത്ഭുതങ്ങൾ സൃഷ്ടിക്കുന്നു. നിരൂപകരുടെ നിരതന്നെ ഇല്ലാതായി. ആധുനിക സാഹിത്യം അസ്തമിച്ചു. വായിച്ചാലും മനസ്സിലാകാത്ത കൃതികൾക്ക് പ്രാധാന്യം വർദ്ധിച്ചു. പുതിയ രചന ശിൽപ്പങ്ങൾ സ്വാഗതാർഹമാണെങ്കിലും പഴയ മട്ടിൽ കഥ പറയുന്ന കൃതികൾ സ്വീകാര്യമായി. വാസു അരീക്കോട് പഴയ മട്ടിൽ കഥ പറയുന്നു. ഉണ്ണി എന്ന ഒരു ചെറുപ്പകാരന്റെ ജീവിതകഥ ഭംഗിയായി അദ്ദേഹം ആലേഖനം ചെയ്തിരിക്കുന്നു. ക്ലേശമില്ലാതെ വായിക്കാവുന്ന ഈ കൃതി ആസ്വാദക മനസ്സുകളെ കീഴടക്കുമെന്ന് നമുക്ക് വിശ്വസിക്കാം. ജാടകളില്ലാത്ത ആഖ്യാന ശൈലി, ലളിതമായ ഭാഷ, ഗ്രാമീണതയിൽ ഊന്നി നിൽക്കുന്ന കഥാപാത്രങ്ങൾ, ഉണ്ണിയുടെ ജീവിതത്തിന്റേതായ നിമ്നോന്നതങ്ങൾ നമ്മെ ചിന്തിപ്പിക്കും എന്നതുകൊണ്ടും ഭേദപ്പെട്ട ഒരു നോവലാണ് ഇത്.





ശ്രാവണ പൗർണമി നോവലിസ്റ്റ്
വാസു അരീക്കോട്

---

കവിത






എം.കെ. രവീന്ദ്രൻ വൈദ്യർ
കൊടാപ്പള്ളി

**തി**റയാടുക തിറയാടുക താളത്തിൽ കവിതേ
കവികുല വേദിയിൽ തിറയാടുക കവിതേ
മലനാടിൻ കവിതക്ക് ഹാരവുമായി
അതിവേഗമണയുക കവിതയുമായി (തിറ)
ചിരിപൂക്കും പൂമലരിൽ സുഗന്ധവുമായി
മലനാട്ടിൽ നീയങ്ങനെ വിഹരിക്കൂ കവിതേ
പലനാളായ് യണിയറയിൽ പലചിന്തകളുമായ്
വേഷപകർച്ചക്കൊരു കഥ വെട്ടം കാത്തു (തിറ)

കവികുല ക്ഷണമെത്തി കവിതയും വന്നു.
അതിലൊരു താളത്തിൽ നടനവും കണ്ടേൻ
ഞൊറിയിട്ട പാവാട യണിയുകയുമായി
പലവർണ്ണ കൂട്ടുകൾ മേനിയിൽ ചാർത്തി
അതിലങ്ങനെ ലയമാടി കവിതയും നീങ്ങി
കലയുടെ മണിവളകൾകരഘോഷം തീർത്തു
കരളിന്റെ കരളായ കവിതയും വന്നു (തിറ)

കഥ



സുകുമാർ കൂർക്കഞ്ചേരി

# സ്വർണ്ണവള



**വു**റത്തേയ്ക്കിറങ്ങുമ്പോൾ അമ്മയുടെ മുഖത്ത് വല്ലാത്തൊരാശങ്കയാണ് കണ്ടത്. അത്ഭുതമായിരിക്കുന്നു എന്ന് അപ്പു വിചാരിച്ചു. എങ്ങോട്ടെങ്കിലും പോകാനൊരുങ്ങി അമ്മയുടെ മുമ്പിലെത്തുമ്പോൾ ഭിത്തിയിലിരുന്ന് അമ്മ തെളിമയോടെ ചിരിക്കാറുള്ളതാണ്. ഇഷ്ടപ്പെടാത്ത കാര്യം വല്ലതുമാണെങ്കിൽ മുഖം കറുക്കുന്നതു കാണാം. സന്ദർഭമനുസരിച്ച് ആ മുഖത്ത് ഭാവങ്ങൾ മാറിവരുന്നത്കണ്ട് അപ്പുവിന് വിസ്മയം തോന്നിയിട്ടുണ്ട്.

ഏതായാലും അമ്മയെ തൊട്ടുവന്ദിച്ചുകൊണ്ട് അപ്പു ചെന്ന് സ്ക്കൂട്ടർ സ്റ്റാർട്ടാക്കി. പെൻഷൻകാരുടെ യൂണിയൻ സന്ധ്യയ്ക്കാണ് ടൗണിൽ യോഗം വിളിച്ചിട്ടുള്ളത്.

കടകൾക്ക് മുന്നിലെല്ലാം പേരിന് ഓരോ ബൾബ് മാത്രമേ പ്രകാശിച്ചിരുന്നുള്ളു. ജനറേറ്ററുകളുടെ ശബ്ദം നിരന്തരം അലോസരപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു. തെരുവ് വിളക്കുകളും കണ്ണ് തുറക്കാത്തതുകൊണ്ടാവാം ഇരുട്ടിന് കട്ടി കൂടുതൽ തോന്നിയത്. പെട്ടെന്ന് ഏതോ വാഹനം സ്ക്കൂട്ടറിൽ തട്ടി. നിയന്ത്രണം വിട്ടുമറിഞ്ഞ സ്ക്കൂട്ടറിനോടൊപ്പം അപ്പുവും മൂക്കുകുത്തി നിലം പതിക്കേണ്ടതാണ്. അതിന് മുമ്പേ ഇരുട്ടിൽ നിന്നാരോതാങ്ങി. അമ്മയാവുമോ– അതോ വീടുവിട്ടുപോയ മകൻ ഓടിയെത്തിയതോ–? ഇങ്ങനെ തണുത്ത വിരലുകൾ അമ്മയുടേതാവാനേ വഴിയുള്ളു. ആരായാലും തക്ക സമയത്ത് കൈനീട്ടി പിടിച്ചില്ലെങ്കിൽ ഒരുനിമിഷം കൊണ്ട് എല്ലാം തീർന്നേനേ. പ്രായമാവുമ്പോൾ മക്കൾ പ്രകാശമാവേണ്ടതാണ്. ഒറ്റ മകനാണെങ്കിൽതന്നെ വിട്ടുപോയിട്ട് നാളേറെയായല്ലോ. അമ്മ ഇവിടം വിട്ടുപോകുവോളവും ഒന്നും അറിയിച്ചിരുന്നില്ല. എന്നിട്ടും ഒരു ദിവസം രാത്രി അമ്മ പരിഭവം പറഞ്ഞു

"എങ്കിലും എന്നെയൊന്നു കാണാനെങ്കിലും നിന്റെ മോൻ വന്നില്ലല്ലോ. പ്രസവിച്ച് ഇരുപത്തെട്ടിന്റന്ന് ഒരു തുണിയിൽ പൊതിഞ്ഞു കൊണ്ടു വന്നതല്ലേ അവനെ–? ബാലാരിഷ്ടത മാറും വരെ ഞാനാ നോക്കി വളർത്തീത്."

"അല്ലെന്ന് ആരും പറഞ്ഞില്ലല്ലോ അമ്മേ"

–അപ്പു ഇടയ്ക്ക് കയറി പറഞ്ഞു.

" ഇപ്പോ നിനക്കും ഉപകരിക്കാതെ പോയി. നിന്റെ ദുഃഖം കാണാൻ വയ്യാത്തതോണ്ട് ചോദിക്കാത്തതാ അപ്പു. ഒന്നും എനിക്കറിയാഞ്ഞിട്ടല്ല."

അപ്പുവിന്റെ സ്ക്കൂട്ടർ മൂക്കുകുത്തി മറിഞ്ഞ് തെരുവോരത്തെ വിളക്കു കാലിന്റെ ചുവട്ടിൽ നമസ്ക്കരിച്ചു കിടപ്പാണ്.

ഇരുട്ടിൽ തിരിച്ചറിയപ്പെടാതെ അപ്പു അതിനരുകിൽ ഒറ്റപ്പെട്ടുനിന്നു.

അമ്മേ എനിക്കൊന്നും കണ്ടു കൂടല്ലോ...

അമ്മ പറഞ്ഞു:

"അറിയില്ലേ- പ്രായമാവുമ്പോ മക്കള് വെളച്ചമാവേണ്ടതാ. കയ്യിൽ സെൽഫോണില്ലേ- വിളിച്ചാൽ നിന്റെ മോൻ ഓടിയെത്തേണ്ടതല്ലേ?"

അപ്പുവിന് കരച്ചിൽ വന്നു.

സ്ക്കൂട്ടറുയർത്താൻ കുറച്ചുപേർ എവിടൊന്നൊക്കെയോ ഓടി വന്നിരിക്കുന്നു.

ഒരാൾ ചോദിച്ചു: അല്ലാ- ഇനീം ഇതോടിച്ചു പോകാനാണോ- മക്കളെ യാരെയെങ്കിലും വിളിച്ചുവരത്തിക്കൂടെ-? അതോ മക്കളാരൂല്യേ-?

മറുപടിക്കു വേണ്ടി കാത്തുനിന്നയാളോട്, എന്താപോരുന്നോ മകനായിട്ട് എന്ന് ചോദിക്കാൻ തോന്നി. വാർദ്ധക്യത്തിൽ കൂടെനിൽക്കുന്നവനാണല്ലോ മകൻ.

എത്ര ശ്രമിച്ചിട്ടും സ്റ്റാർട്ടാവാത്തതുകൊണ്ട് അതവിടെത്തന്നെ ഉപേക്ഷിച്ചിട്ട് അയാൾ നടന്നു.

''ഒരു പ്രായം കഴിഞ്ഞാൽ ഇതൊന്നും പറഞ്ഞിട്ടുള്ളതല്ല. ബസ്സോ കാറോ ഒക്കെയാ നല്ലത്"

ഒരാഴ്ചമുമ്പ് ഡോക്ടർ പ്രകാശൻ പറഞ്ഞത് അയാൾ ഓർത്തു:"നിങ്ങൾക്കിനീം സ്കൂട്ടർ ഉപേക്ഷിക്കാറായില്ലേ? ഈ പ്രായത്തിൽ കഴിയാവുന്നത്ര നടക്കുകയാണ് വേണ്ടത്. തിരക്കും ബഹളവുമൊക്കെ നിങ്ങളൊന്നു വീഴുന്നതുവരേയേ ഉണ്ടാകൂ. വീണാൽ പിന്നെ എഴുന്നേൽക്കില്ല."

തെരുവിലും കടകളിലും വെളിച്ചം ഇനിയും വന്നിട്ടില്ല. ഇരുട്ടിൽനിന്നും വന്നവർ ഓരോരുത്തരായി ഇരുട്ടിലേയ്ക്ക് മറയുന്നു. പോകുന്നതിനുമുമ്പ് അവസാനത്തെയാൾ ചോദിച്ചു:"ഇപ്പോ എത്രയായിക്കാണും പ്രായം ഒരെഴുപത്?"

അപ്പു തിരിച്ചു ചോദിച്ചു: "എനിക്കോ സ്ക്കൂട്ടറിനോ-?"

രാത്രി അപ്പുവിന് ഉറക്കം വന്നതേയില്ല. സാധാരണ കട്ടിൽ കാണുമ്പോഴേക്കും ഉറങ്ങിപോകാറുള്ളതാണ്. ഇന്നെന്തുപറ്റിയെന്നു ഭാര്യ ചോദിച്ചു. സ്ക്കൂട്ടറപകടത്തിന്റെ കാര്യമൊന്നും പറയാൻ പോയില്ല. പിന്നെ ഒരുപാട് വിസ്തരിക്കേണ്ടി വരും.

ഉറക്കത്തെ കണ്ണിറുക്കിപ്പിടിച്ചു കിടക്കുമ്പോൾ എപ്പോഴോ അമ്മ ഭിത്തിയിൽനിന്നിറങ്ങിവന്നു.

"അപ്പു ഇന്ന് വല്ലാതെ ഭയന്നുപോയോ-? ഒന്നുംല്ല്യലോ. ഞാനില്ലേ എപ്പോഴും നിന്റെകൂടെ- പിന്നെന്താ?"

അമ്മ ബാല്യത്തിൽ കേൾപ്പിക്കാറുള്ള കവളപ്പാറകൊമ്പന്റെ കഥ ഈണത്തിൽ പാടി. 1100 ലുണ്ടായ കൊടുങ്കാറ്റിന്റേയും വെള്ളപ്പൊക്കത്തിന്റേയും കഥയും പാടിത്തന്നു. അമ്മയുടെ മടിയിൽ തല വെച്ച് അപ്പു എല്ലാം കേട്ടുറങ്ങി.

രാവിലെ ഇളയ അനുജത്തി സുനന്ദ സെൽഫോണിൽ വിളിച്ചു. എടുത്തപ്പോൾ പറഞ്ഞു: "ഏട്ടൻ ഇങ്ങോട്ടൊന്നു വിളിക്കൂ. ഇതിൽ ചാർജ്ജില്ല."

ലാന്റ് ഫോൺ ഇരിക്കുന്നിടത്തേയ്ക്ക് നടക്കുമ്പോൾ ചായ കൊണ്ടു വന്ന ഭാര്യ പറഞ്ഞു: "എളേ പെങ്ങളാവും. അങ്ങോട്ടുവിളിക്കാൻ പറഞ്ഞുകാണും -ല്ലേ?"

ഫോണിൽ സുനന്ദ എന്നത്തേയുംപോലെ പരാതിപറഞ്ഞു: "എനിക്ക് കടംകൊണ്ട് നിന്നുകൂടാതായി. തറവാട് വിൽക്കാൻ ഇനിയും ആളായില്ലെങ്കിൽ ഒരു കഷ്ണം പറമ്പ് എനിക്ക് മുറിച്ചു തന്നോളൂ. ആർക്കെങ്കിലും കൊടുത്തു കാശു വാങ്ങാലോ-"

അപ്പു ചോദിച്ചു: ഒരാൾക്കു വേണ്ടി മുറിച്ചാൽ ബാക്കി സ്ഥലത്തിന് നല്ല വില കിട്ടാതെ പോവില്ലേ?

"പിന്നെ ഞാനെന്തു ചെയ്യാനാ- തൽക്കാലം ഏട്ടൻ എനിക്ക് ഒരമ്പതിനായിരം രൂപ തന്നേയ്ക്കൂ."

അപ്പു ഒന്നും പറഞ്ഞില്ല.

നിനക്കെന്താ- പ്പോ-ത്ര ചെലവ്? ജോലിയില്ലേ- മക്കളും പ്രാരാബ്ധവുമില്ലല്ലോ. പിന്നെന്താ-ത്ര ബുദ്ധിമുട്ട്- എന്നൊക്കെ മുമ്പും ചോദിച്ചിട്ടുള്ളതാണ്. അന്നൊക്കെ അവൾ പറഞ്ഞു: "എനിക്ക്മാത്രം പ്രാരാബ്ധമില്ലാത്തതാണോ കുറ്റം? മറ്റുള്ളവരുടെ കഷ്ടപ്പാടൊക്കെ സ്വയം ഉണ്ടാക്കിവച്ചതല്ലേ- ഏട്ടനുൾപ്പെടെ."

"ആയിരിക്കാം. നിന്റച്ഛനും അമ്മയും പോലും നിറഞ്ഞ പ്രാരാബ്ധങ്ങളുടെ നടുക്കാണ് നിന്നെയൊക്കെ വളർത്തി ഉദ്യോഗസ്ഥയാക്കിയത് "

"അങ്ങനെയൊന്നും പറയണ്ട." - അവൾ പറഞ്ഞു:

"എനിക്കോർമ്മ വെയ്ക്കുമ്പോൾ വീട്ടിലൊരു കഷ്ടപ്പാടുമില്ല."

"ഇല്ലേ-?"

-അപ്പുവിന്റെ ശബ്ദം തളർന്നുപോയി.

"ജീവിതത്തിലെന്നും സത്യമേ പറയാവൂ എന്നു പറഞ്ഞു പഠിപ്പിച്ചതാണ് ഇളയവളായ നിന്നെ. സത്യമെന്ന വാക്കുപോലും നീയിപ്പോൾ മറന്നു പോയല്ലോ."

അമ്മ പറയാറുണ്ട്.- "ആരൊക്കെ എങ്ങനെയൊക്കെയായാലും നീ ബുദ്ധിമുട്ടിയിട്ടുള്ളതൊന്നും സുനന്ദ മറക്കില്ലപ്പൂ. അവളെന്നും നിനക്കൊപ്പമുണ്ടാവും"

അപ്പു അതൊന്നും ഓർമ്മിക്കാൻ പോയില്ല.

വൈകിയിട്ട് ഭദ്രൻ വിളിച്ചു.

"ഏട്ടൻ ഒന്നു പോലീസ് സ്റ്റേഷൻവരെ വരണം. ഉച്ചയ്ക്ക് വർക്ക് സൈറ്റിൽവെച്ച് കാറിലിരുന്നൊന്ന് മയങ്ങിപ്പോയി. ഉണരുമ്പോൾ കാറിലുണ്ടായിരുന്ന പണം കാണാനില്ല. ആയിരത്തിന്റെ ഇരുന്നൂറ് നോട്ടുകളുണ്ടായിരുന്നു. വൈകിട്ട് കൂലി വെക്കാൻ വെച്ചിരുന്നതാ-"

കേട്ടപാടെ അപ്പുവൊന്നു ഞെട്ടി- ഇത്രയധികം പണമോ-? പോലീസിൽ ഉടൻ പരാതി കൊടുക്കാൻ പറഞ്ഞു.

"ഞാൻ പിന്നാലെ പോയി സബ്ബ് ഇൻസ്പക്ടറെ കണ്ടോളാം..."

സബ്ബ് ഇൻസ്പക്ടർ പുതിയ

ആളായിരുന്നു. ഹെഡ്കോൺസ്റ്റബിൾ പരിചയപ്പെടുത്തിയപ്പോൾ ഇരിക്കാൻ പറഞ്ഞു.

"പരാതി കിട്ടിയപ്പോൾ സ്ഥലത്തുപോയി നോക്കി. പണം നഷ്ടപ്പെട്ടതൊക്കെ ശരിയാവാം. എന്നാൽ സംഭവം നടന്നത് അവിടെവെച്ചാവാൻ ഒരു സാധ്യതയുമില്ല. എന്റെ ജൂറീസ്ഡിക്ഷനിലല്ലാത്ത കാര്യം ഞാനന്വേഷിക്കേണ്ടതില്ലല്ലോ."

"അപ്പു സംശയം പ്രകടിപ്പിച്ചു: അതെങ്ങനെ പറയാൻ പറ്റും?"

"സ്ഥലവും സാഹചര്യവും നേരിൽ കണ്ടാൽ ആർക്കും മനസ്സിലാവും. അയാൾ- അതായത് നിങ്ങളുടെ ബ്രദർ നന്നായി മദ്യപിച്ചിരുന്നു. സൈറ്റിലെത്തുന്നതിനു മുമ്പ് എവിടെയൊക്കെ കറങ്ങിയെന്ന് അയാൾക്കുതന്നെ നിശ്ചയം പോരാ."

പോരും വഴി അതുവരെ തോന്നാത്ത അശുഭചിന്തയുടെ ഒരു ചീള് അപ്പുവിന്റെ മനസ്സിൽ തറച്ചു.

ഒരുപക്ഷേ അത്യാവശ്യം വന്നപ്പോൾ ഭദ്രന് കടംകൊടുത്ത രണ്ടു ലക്ഷം രൂപ പെട്ടെന്നൊന്നും ആവശ്യപ്പെടാതിരിക്കാനുള്ള തന്ത്രമായിരുന്നോ ആ മോഷണകഥ? അങ്ങനെ ആവാതിരിക്കട്ടെ എന്ന് അപ്പു ആഗ്രഹിച്ചു.

വീട്ടിലെത്തുമ്പോൾ മഴ കോരിച്ചൊരിയുന്നുണ്ടായിരുന്നു. ഊണ് കഴിഞ്ഞ് അപ്പു ഉമ്മറത്ത് വന്ന് മഴയെ നോക്കിയിരുന്നു.

അമ്മ മരിച്ചദിവസവും ഇതുപോലെ പെരുമഴയായിരുന്നു. അകായിലെ സിമന്റുതറയിൽ കിനിഞ്ഞ ഈർപ്പം തുടച്ചുമാറ്റിയാണ് അമ്മയെ നിലത്തിറക്കികിടത്തിയത്. തൊട്ടുമുമ്പ് അമ്മയുടെ നെഞ്ച് ശ്വാസത്തിനുവേണ്ടി പിടയ്ക്കുമ്പോൾ സുഭദ്ര പിന്നിൽനിന്ന് തോണ്ടി.

"ദേ- അമ്മ- അമ്മയ്ക്കധികാ-ന്ന് തോന്നുന്നു..."

തലയ്ക്കലിരുന്ന ഗ്ലാസ്സിലെ വെള്ളത്തിൽ തുളസിയിലയിട്ടു വെച്ചിരുന്നു. അപ്പു നനഞ്ഞ തുളസിയിലയെടുത്ത് അമ്മയുടെ ചുണ്ടു നനച്ചു. രണ്ടിറ്റുവെള്ളം വായിലൊഴിച്ചുകൊടുക്കുകയും ചെയ്തു. സുഭദ്രയും, സുമതിയും, സുനന്ദയും, ഭദ്രനുമൊക്കെ ഒരു ചടങ്ങുപോലെ അതുതന്നെ ആവർത്തിച്ചു. അമ്മയ്ക്ക് ആരുടെ ദാനവും വേണ്ടായിരുന്നു. വായിൽ നിറഞ്ഞ വെള്ളം അപ്പോൾത്തന്നെ പുറത്തേയ്ക്ക് തികട്ടിപ്പോന്നു. അപ്പു അടുത്തിരുന്ന് അമ്മയുടെ നെഞ്ചും നെറ്റിയും മെല്ലെ തടവി. സുഭദ്ര അനിയത്തിമാരോട് പറയുന്നതു കേട്ടു: "ദേ പോയീട്ടോ-അമ്മ പോയി..."

തലയ്ക്കൽ നിലവിളക്ക് കത്തിച്ചുവെയ്ക്കാനും നാളികേരമുടച്ച് തിരിയിട്ട് കത്തിച്ചുവെയ്ക്കാനുമൊക്കെ സുഭദ്ര തന്നെയാണ് സഹായിച്ചത്. പിന്നെ അപ്പുവിന്റെ കയ്യിൽ നിന്നാദ്യം സെൽഫോൺ വാങ്ങി മകളെ വിളിച്ചു.

"പ്രീതേ- അമ്മ മരിച്ചൂട്ടോ. ദേ ഇപ്പം എന്റെ മടിയിൽക്കിടന്നാ കണ്ണടച്ചത്."

മറുതലയ്ക്കൽ നിന്നും പ്രീതയുടെ ശബ്ദം കേട്ടു:

"എന്നെ കാക്കണ്ട. ഞാനേതായാലും വരുന്നില്ല. ജീവിച്ചിരുന്നപ്പോ എന്തു കാര്യാ തള്ളേക്കൊണ്ട് ഉണ്ടായിട്ടുള്ളത്!"

സുഭദ്ര ചുറ്റും നോക്കുന്നുണ്ടായിരുന്നു. ആരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോ എന്നാവും.

"കോടി പുതച്ചുകിടന്ന ഞാനേതായാലും ഒന്നും കേൾക്കാൻ പോകുന്നില്ലെന്നാണ് അവൾ കരുതിയത്."

പൊടുന്നനെ അമ്മയുടെ ശബ്ദം കേട്ടു നോക്കുമ്പോൾ ഭിത്തിയിലെ ചിത്രത്തിലിരുന്ന് അമ്മ കുടുകടെ ചിരിക്കുന്നു.

"എന്റെ തലയ്ക്കൽ അങ്ങോട്ടുമിങ്ങോട്ടും ഉലാത്തികൊണ്ടാണവൾ പിന്നെ അവളുടെ മകനെ വിളിച്ചത്."

അമ്മയുടെ മുഖത്തിപ്പോൾ നേരത്തെ കണ്ട ചിരിയില്ല. മുഖം നിറയെ കനത്ത ദുഃഖവും നിരാശയുമാണ്.

"എന്റപ്പൂ. ഒരമ്മയ്ക്ക് മക്കളെ നന്നായി വളർത്തേണ്ട ചുമതലയേയുള്ളു. മക്കളുടെ മക്കളെ നോക്കി വളർത്തേണ്ടത് അവരുടെ അമ്മമാരാണ്. സുഭദ്രയുടെ മകനിപ്പോ ലണ്ടനിലും മകളുടെ ഭർത്താവ് അമേരിക്കയിലുമൊക്കെയല്ലേ? എങ്ങന്യാ അവർക്കൊക്കെ ഈ അവസ്ഥയുണ്ടായത്? മാനിക്കേണ്ടവരെ മാനിക്കാൻ പറഞ്ഞുകൊടുക്കേണ്ടത് അമ്മമാരാ. എന്നാലല്ലേ മക്കൾക്കറിയാനാവൂ. സൂക്കേടുകാരിയായ സുഭദ്രയെ ഞാനന്ന് വേണ്ടവിധത്തിൽ നോക്കിയില്ലെങ്കിൽ അവൾ ഗ്രഹണി പിടിച്ചു ചത്തേ



# ചരമം

## കൃഷ്ണൻകുട്ടി

**ജനനം 03– 11– 1954**
**മരണം 10–01–2017**
**തിരുവണ്ണൂർ കൈപ്പുറത്ത്**
**കൃഷ്ണൻകുട്ടി (62)**
**നിര്യാതനായി.**

**ഭാര്യ: ഗീത.**
**മക്കൾ: നിജേഷ്, മനേഷ്**
**സഹോദരങ്ങൾ: സദാനന്ദൻ, പരേതരായ ചന്ദ്രൻ, ദാസൻ**

നേ. അവളുടെ ജോലിയൊന്നുമില്ലാത്ത അച്ഛനല്ല നീയാണവളെ പഠിപ്പിച്ചത്. ഇല്ലെങ്കിൽ അവൾ ഉദ്യോഗസ്ഥയാകുമായിരുന്നോ-? എന്റപ്പൂ നീയിനിയും എന്നാണ് ലോകം മനസ്സിലാക്കുന്നത്? ജനിച്ചുവീഴുന്ന കുഞ്ഞിനറിയാമോ അതിന്റെ അച്ഛനാരെന്ന്! അമ്മ കാണിച്ചുകൊടുക്കുന്നതാ അച്ഛൻ. അച്ഛന്റെ അമ്മയേയും അച്ഛനേയും ആ അച്ഛൻ കാണിച്ചുതരും. നമ്മുടെ അറിവെല്ലാം മറ്റുള്ളവര് കാട്ടിത്തരുന്നതാ അപ്പൂ. നമ്മുടെ കണ്ണുകൊണ്ട് പുറംകാഴ്ചയേ പറ്റൂ. അകം കാഴ്ചക്ക് കണ്ണ് വേറെ വേണം."

അപ്പു വല്ലാതെ അത്ഭുതപ്പെട്ടുപോയി. തന്റെ പാവം അമ്മയ്ക്ക് ഈ വക അറിവുകളൊക്കെ എങ്ങനെയുണ്ടായി-? മരിച്ചുപോയാൽ എല്ലാം അറിയാനുള്ള കഴിവുണ്ടാകുമോ ആവോ-!

അമ്മ പറഞ്ഞു:"അങ്ങനെയൊക്കെ ചോദിച്ചാ എനിയ്ക്കറീല്യപ്പൂ. ഇപ്പോ ഞാനിങ്ങനെയൊക്ക്യാ- എനിക്കത്രേ അറിയൂ."

"ജീവിച്ചിരിക്കുന്ന സുഭദ്രയ്ക്കും സുനന്ദയ്ക്കുമൊക്കെ ഇപ്പോഴും ഒന്നും അറിയാത്ത മട്ടാ. ഒരുപക്ഷേ മരിച്ചു പോയാൽ അവർക്കും എല്ലാം മനസ്സിലാവുമായിരിക്കും. അല്ലേ?"

"ജീവിച്ചിരിക്കുമ്പോ അറിയാത്തതാണോ മരിച്ചിട്ട് അറിയാൻ പോണത്?"

-അമ്മ ചോദിച്ചു:

"കല്യാണത്തിന് പന്തലിലേക്കിറങ്ങുമ്പോ രണ്ടു വളയെങ്കിലും വേണമെന്ന് സുഭദ്രയുടെ ഭർത്താവിന്റമ്മ വാശിപിടിച്ചത് ഓർമ്മല്യേ നിനക്ക്? അവര് എത്ര തവണ അപ്പൂനെ വീട്ടിലേക്കു വിളിച്ചുവരുത്തി വള കാണിച്ചുകൊടുക്കാൻ നിർബന്ധിച്ചു! ഒടുവിൽ എന്റെ മോൻ എത്ര പാടുപെട്ടാണ് ഒരു സ്വർണ്ണവളയെങ്കിലും ഒപ്പിച്ചത്. ആ ഒരെണ്ണം കാണിച്ചിട്ട് രണ്ടാമത്തെ വള പണിത് കിട്ടിയിട്ടില്ലെന്ന് കളവു പറയകയല്ലേ ചെയ്തത്! കല്യാണത്തിന് ഒറ്റവളയുമിട്ടു പന്തലിലേക്കു വന്ന സുഭദ്ര പിന്നീട് മറ്റേ വളയുടെ കടം വീട്ടിയത് എപ്പഴാന്നറിയോ അപ്പൂന്?"

അപ്പു പകച്ച് അമ്മയെ നോക്കി.

അമ്മ എന്തൊക്ക്യാ പറേണത്! ഏതായാലും അമ്മയുടെ കയ്യിൽക്കിടന്ന രണ്ടുവളകളിലൊന്ന് മരിച്ചു നിലത്തിറക്കുമ്പോൾ കണ്ടിരുന്നില്ലെന്ന് അപ്പു ഓർമ്മിച്ചു. അതെവിടെപോയെന്ന് അന്വേഷിക്കയുമുണ്ടായില്ല.

അമ്മ പറഞ്ഞു: "അതെവിടേം പോയതല്ലപ്പൂ. എന്റെ മോള് സുഭദ്ര ഊരിയെടുത്തതാ. ബലമായി ഊരിയെടുക്കുമ്പോൾ എനിക്ക് നന്നേ വേദനിച്ചിരുന്നു. എങ്കിലും അവൾക്ക് കൊടുക്കാൻ ബാക്കിയുണ്ടായിരുന്ന ഒരു വളയ്ക്ക് പകരമായി അതെടുത്തോട്ടെയെന്ന് ഞാനും കരുതി."

പെട്ടെന്ന് അപ്പുവിന്റെ ഭാര്യ കടന്നുവന്നപ്പോൾ അമ്മ വർത്തമാനം നിർത്തി. പുറത്ത് മഴയുടെ താണ്ഡവം അനുസ്യൂതം തുടർന്നു.

സെൽഫോൺ അപ്പുവിന് നീട്ടിയിട്ട് ഭാര്യ പറഞ്ഞു:

"ദേ- രണ്ടാമത്തെ പെങ്ങൾ സുമതിയാണ്. അവളുടെ മോളുടെ കല്യാണാണത്രെ അടുത്ത മാസം. നാലുവളയെങ്കിലും ഏട്ടൻ കൊടുക്കണമെന്ന്!"

സെൽഫോണിന്റെ തലഭാഗം കൈവെള്ള കൊണ്ടുമൂടിയിട്ട് ഭാര്യ ഇത്രയും കൂടി പറഞ്ഞു:

"നമ്മുടെ മോൾക്കും പ്രായമായി. അവൾക്കാരാണാവോ സ്വർണ്ണ വള മേടിച്ചുകൊടുക്കാനുള്ളത്!"

അപ്പു ഭാര്യ കാണാതെ ഭിത്തിയിലേക്ക് നോക്കി.- അമ്മേ, ദേ- അവിടെയിരുന്ന് തലയാട്ടി ചിരിക്കുന്നു!

*


ബ്രഹ്മാനന്ദ ചാരിറ്റബൾ ട്രസ്റ്റ്
പെരുവയൽ, റജി:

ചൈത്ര ആയുർവേദ ഹോസ്പിറ്റൽ

കൃഷ്ണാ അജയ് ബിൽഡിംഗ്
കള്ളാടി ചോല റോഡ് – കട്ടയാട്ട് ക്ഷേത്രത്തിന് സമീപം, പി.ഒ പെരുവയൽ



ഡോ: സുമിഷാ സുന്ദർ
BAMS





പരിശോധന സമയം
രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ

0495 2526797 | 9562 411 430

റസിഡൻസ് അസോസിയേഷനുകളുടെ വാർഷിക കലാപരിപാടികൾക്കും
സ്കൂൾ കലോത്സവങ്ങൾക്കും സ്റ്റേജിൽ അവതരിപ്പിക്കുവാൻ ഒരു ഹാസ്യനാടകം

രചന:

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

ഫോൺ: 9847649567, 9744233997



# ഹാസ്യനാടകം
# കുബേരവൃത്തം

## കഥാപാത്രങ്ങൾ:

<> 1. തുപ്രൻ നമ്പൂതിരി
<> 2. കൃഷ്ണൻ (നമ്പൂതിരിയുടെ കാര്യസ്ഥൻ)
<> 3. ഭട്ടതിരി (കഥകളി വിദ്വാൻ)
<> 4. ഹാജീയാർ
<> 5. പരമുണ്ണി

## വേഷം:

### <> 1. തുപ്രൻ നമ്പൂതിരി

40 വയസ്സ്. 'റ' അടയാളത്തിൽ കഷണ്ടി. 'റ' തിരച്ചിട്ടതു പോലുള്ള നെറ്റിയിലെ ചന്ദനകുറി. വിലകൂടിയ കളർഫുൾ സിൽക്ക് താറായി ഞൊറിഞ്ഞുടുത്തു 'ഓം' എന്ന് ധാരാളം അച്ചടിയുള്ള ജുബ്ബയും കഴുത്തിൽ ഒറ്റകളർ നീളം കൂടിയ ഷാളും (മഫ്ളർ). കൈകളിൽ വളകൾ. കഴുത്തിൽ സ്വർണ്ണ മാലയും രുദ്രാക്ഷ മാലയും.

### <> 2. കൃഷ്ണൻ

(നമ്പൂതിരിയുടെ കാര്യസ്ഥൻ)

40 വയസ്സ്. നെറ്റിയിൽ ചന്ദനകുറി. കാതിൽ കടും ചുവപ്പ് കടുക്കൻ. നീളകൈവെള്ളഷർട്ട് മുക്കാൽ പട്ട പേന്റിനുള്ളിലാക്കി കഴുത്തിൽ വിലകുറഞ്ഞ മഫ്ളർ (ഷാൾ) കെട്ടിയിരിക്കുന്നു.

### <> 3. ഭട്ടതിരി (കഥകളി വിദ്വാൻ)

34 വയസ്സ്. നീണ്ടു വളർന്ന മുടി. നെറ്റിയിൽ സിന്ദൂരത്തിന്റെ വട്ടപൊട്ടും സ്ത്രീ ലക്ഷണത്തിലുള്ള നടപ്പും ഭാവവും. കൈനിറയെ പലനിറത്തിലുള്ള ചരടുകൾ കെട്ടിയിരിക്കുന്നു. മഞ്ഞ നീളകൈയ്യൻ ജുബ്ബയും ചുവപ്പു പൈജാമയും. കൈകളിൽ മൈലാഞ്ചികൊണ്ടുള്ള ഡിസൈനിങ്ങ് അംഗവിക്ഷേപണത്തിനിടയിൽ കാണികൾക്ക് കാണാം

### <> 4. ഹാജീയാർ

വയസ്സ് 40. കള്ളിമുണ്ടും കള്ളി നീളകൈയ്യൻ ജുബ്ബയും. അരയിൽ വീതികൂടിയ പട്ട ബെൽറ്റ്. തുർക്കി തൊപ്പി. കഴുത്തിൽ പച്ച മഫ്ളർ(നീളം കൂടിയ ഷാൾ). നെറ്റിയിൽ നിസ്ക്കാര തഴമ്പ്. കക്ഷത്ത് ഒരു വളഞ്ഞ കാലൻ കുട.


### <> 5. പരമുണ്ണി

വയസ്സ് 40. തത്തപച്ച ജുബ്ബയും അതിനു യോജിച്ച കടും നിറത്തിലുള്ള സിൽക്ക് മുണ്ടും. വലിയ ധനവാനാണെന്നു തോന്നും വിധം കൈകളിലും കഴുത്തിലും ആഭരണങ്ങളും, ചരടിന്റെ കെട്ടുകളും. ഊതിയാൽ പറക്കുന്ന തീരെ മെലിഞ്ഞ ശരീരവും രൂപവും. രാജാവ് കൊടുത്തതെന്ന് അഭിമാനിക്കുന്ന ഒരു രത്ന വള പ്രത്യേകമായി കാണാം.



## യവനിക ഉയരുന്നു

[കർട്ടൻ ഉയരുമ്പോൾ ഒരു നമ്പൂതിരി ഇല്ലത്തിന്റെ പൂമുഖം. പൂമുഖത്തേയ്ക്ക് തുപ്രൻ നമ്പൂതിരി ഒരു കാറിന്റെ ഗിയർ കയ്യിൽവെച്ച് കാര്യസ്ഥൻ കൃഷ്ണനോടൊന്നിച്ച് നടന്നു വരുന്നു. എന്തോ വേദന സഹിച്ചന്ന മട്ടിൽ കൃഷ്ണൻ വളരെ അധികം വേദന സഹിച്ചുകൊണ്ടാണ് നടക്കുന്നത്. ഗൗരവത്തിലുള്ള തുപ്രൻ നമ്പൂതിരി വേദന ഉണ്ടെങ്കിലും അത് പുറത്തേക്ക് കാണിക്കുന്നില്ല.



പക്ഷേ തുപ്രൻ നമ്പൂതിരിക്ക് വേദനയുണ്ടെന്ന് കാണികൾക്ക് മനസ്സിലാകുന്നുണ്ട്. ഗിയറുമായി തിരുമേനി അസ്വസ്ഥതയോടെ അതിലേറെ വെപ്രാളത്തോടെ അങ്ങോട്ടും ഇങ്ങോട്ടും നടക്കാൻ തുടങ്ങുന്നു. ഇത് കണ്ട് കാര്യസ്ഥൻ കൃഷ്ണൻ ഞൊണ്ടി ഞൊണ്ടി വേദന സഹിച്ച് തിരുമേനിയുടെ പിന്നിൽ നടക്കുന്നു. നടക്കുന്നതിനിടയിൽ തിരുമേനിയുടെ അസ്വസ്ഥതയ്ക്ക് കാരണമെന്തെന്നറിയാതെ കൃഷ്ൻ സ്വയം അംഗ്യവിക്ഷേപണങ്ങളിൽ കാര്യങ്ങൾ തിരിച്ചെടുക്കുവാൻ ശ്രമിക്കുന്നുണ്ട്. തിരുമേനി നടക്കുന്നതിനിടയിൽ പരവശനായി രണ്ടാം മുണ്ടെടുത്ത് വീശാൻ തുടങ്ങുന്നു. കൃഷ്ണൻ ഇതുകണ്ട് തന്റെ കഴുത്തിൽ ചുറ്റിയ മഫ്ളർ എടുത്ത് ഒരു പ്രത്യേക താളത്തിൽ തിരുമേനിയെ പിന്നിൽ നിന്നും വീശി സുഖിപ്പിക്കാൻ ശ്രമിക്കുന്നു ഇടക്കിടെ തിരുമേനിയുടെ മുന്നിലേക്ക് കയറിനിന്ന് തിരുമേനിയുടെ മുഖഭാവം ശ്രദ്ധിക്കുന്നുംമുണ്ട്. തിരുമേനിയുടെ ക്രുദ്ധമായ മുഖഭാവം കണ്ട് രക്ഷയില്ലെന്ന മട്ടിൽ സ്വയം അംഗ്യഭാഷയിൽ വിലപിക്കുന്നു. നടത്തം നിൽക്കുന്നതിനിടയിൽ തുപ്രൻ തിരുമേനി എന്തോമനസ്സിലാക്കി എടുത്ത ഭാവത്തോടെ അതിലേറെ പുഛത്തോടെ]

തുപ്ര. തിരു :<>

അയ്യേ... അയ്യേ... അയ്യയ്യേ... (മുകളിലേക്ക് നോക്കി ഭഗവാനോട്) കൃഷ്ണാ... അങ്ങ് ഇതൊന്നും കാണുന്നില്ലേ?

കൃഷ്ണൻ :<>

(ഭവ്യതയോടെ) റാനെല്ലാം കാണ്ന്ന്ണ്ടേ തിരുമേനി.......

തുപ്ര. തിരു :<>

(ദേഷ്യത്തോടെ) ഫൂ.... കുറങ്ങ്യൻ (നിർവൃതിയോടെ) നോം സാക്ഷാൽ കൃഷ്ണഭഗവാനോടെല്ലോടോ മൊഴിഞ്ഞത് പാ.... പാ..... പാണ്ടികൃഷ്ണാ.... ഏഭ്യാ...

കൃഷ്ണൻ :<>

റാൻ..., തിരുവുള്ളക്കേട് ഉണ്ടാകരുത്...

തുപ്ര. തിരു :<>

(ഗൗരവത്തിൽ ഒന്ന് ഇരുത്തിമൂളുന്നു. ഓഡിയൻസിനെ നോക്കി ആംഗ്യത്തോടെ)

അല്ലേലും നോം ഒന്നും അറിയില്ലെന്നാ ഇക്കൂട്ടരെ ഭാവേ (കൃഷ്ണനെചൂണ്ടി) കള്ളക്കൂട്ടങ്ങളാ നമ്മുടെ മനക്കലെ വേലക്കാരെ(കയ്യിലുള്ള ഗിയർ പൊക്കിപിടിച്ച്) കണ്ടോ?... നിങ്ങളിത് കണ്ടോ?... (ഓഡിയൻസിനോട്) സംശ്യയണ്ടോ നിങ്ങൾക്ക്... വിശ്വസിക്കില്ല. അല്ലേലും നോം പറഞ്ഞാ ആരും വിശ്വസിക്കില്ല. നോം കണ്ണ്കൊണ്ട് കണ്ടത് നമുക്കങ്ങട് വിശ്വസിക്കാതിരിക്കാനും പറ്റ്ണ്ല്ല്യാട്ടോ.

(ഇത് കേട്ടും മറ്റും കൃഷ്ണൻ ഇടക്കിടെ പരിഹാസത്തോടെ തിരുമേനി കാണാതെ ആംഗ്യത്തിൽ കളിയാക്കുകയും തലക്ക് കൈകൊടുത്ത് ഇരിക്കുകയും മറ്റും ചെയ്യുന്നുണ്ട്)

തുപ്ര. തിരു :<>

കേട്ടോളൂ....... നിങ്ങളിതങ്ങട് വിസ്തരിച്ചിതങ്ങ്ട് കേട്ടോളൂ. എന്നിട്ട് നിങ്ങള് തന്നങ്ങട് തീരുമാനിക്കാ...... എന്താ?....ഭേഷായില്ലേ?.....

(തുപ്രൻ തിരുമേനി ബാധകയറിയതുപോലെ ഒന്നു ഇളകുന്നു.)

തുപ്ര. തിരു :<>

(ശബ്ദത്തിൽ) കൃഷ്ണാ...

കൃഷ്ണൻ :<>

റാൻ തിരുമേനി...

തുപ്ര. തിരു :<>

എന്തോന്ന് റാൻ... ഭോഷ്ക്കാ... താൻ ഇതിലേക്കൊന്നങ്ങട് നോക്ക്വാ.... എന്താ നോക്കീലേ....ന്ത്വാ നമ്മുടെ കയ്യിലുള്ള ഈ വടിപോലത്തെ കുന്ത്രാണ്ടം?... എന്താ?... എന്താന്ന്? ന്ത്വാ...

കൃഷ്ണൻ :<>

റാൻ... തിരുവുള്ളക്കേട് തോന്നരുത്. അങ്ങ് ഇന്നലെ വാങ്ങിയ പുതിയ അംബാസിഡർ കാറിന്റെ ഗിയറാണേ.

തുപ്ര. തിരു :<>

(നിർവൃതിയോടെ മുകളിലേക്ക് നോക്കി) സത്യം... ഉൽകൃഷ്ടമായ സത്യം. (ഈശ്വരനോട്) വൽസേശ്വരാ കൃഷ്ണഭഗവാനേ അങ്ങ് ഇത് കേക്ക്ണ്ണ്ല്ല്യേ?

കൃഷ്ണൻ :<>

റാൻ കേക്ക്ണ്ണ്ടേ തിരുമനസ്സേ.

കൃഷ്ണൻ :<>

ഛീ..... ഭോഷ്കാ..... മിണ്ടാതിരിയെടാ കശ്മലാ..... (വീണ്ടും മുകളിലേക്ക് നോക്കി) ഈ കള്ള കൂട്ടങ്ങള് നമ്മോട് കാണിക്കുന്ന ഞെറികേടിലെ ഉൽകൃഷ്ടങ്ങളായ സത്യങ്ങളേ വെളിയിലേക്കൊന്നാനയിച്ച് എന്നെ രക്ഷിക്കൂ ഭഗവാനേ.....

(തിരുമേനി കാണാതെ കൃഷ്ണൻ പരിഹാസത്തോടെ കഴത്ത് വെട്ടിച്ച് 'ഉംൗ' കളിയാക്കുന്നു)

തുപ്ര. തിരു :<>

(വീണ്ടും ബാധ കയറിയതുപോലെ കൃഷ്ണനോട്)

ഇന്നലെ നോം വാങ്ങിയ ഈ പുതിയ അംബാസിഡർ കാറിന്റെ ഈ കുന്ത്രാണ്ടം എങ്ങിനെ നമ്മുടെ കൈയ്യിൽ വന്നെതെടാ കൊശവാ?

(ശരിയാക്കിത്തരാമെന്ന മട്ടിൽ 'തിരുമേനി' സ്വയം വിരലുകൊണ്ട് ഭേഷ്.... ഭേഷ്.... എന്ന് ആംഗ്യം കാണിച്ച് ഇടക്കിടെ ഓഡിയൻസിനേയും കൃഷ്ണനേയും നോക്കി അഹങ്കരിക്കുന്നു)

കൃഷ്ണൻ :<>

റാൻ, .... ഓടുന്ന കാറീന്ന് അങ്ങ് പറിച്ച് എടുത്തതാണേ (സ്വയം വേദന സഹിച്ചുകൊണ്ട്) അതുകൊണ്ടല്ലേ ഞാനീ പരുവത്തിലായത്. അയ്യോ... അമ്മേ... മേലാസകലം വേദനിക്കുന്നേ... ദുഷ്ടൻ...

തുപ്ര. തിരു :<>

ഫൂ... ഏഭ്യാ (ആട്ടുന്നു) താൻ കണ്ടീല്ലേടോ ശുംഭാ നോമിന്റെ മുമ്പീല്വച്ചല്ലോടാ ഏഭ്യാ.... ആ കശ്മാലൻ ഡ്രൈവറ് ഈ കുന്താണ്ടം പറിച്ചെടുക്കാനദ്ധ്യാനിച്ചത്?.....

കൃഷ്ണൻ :<>

(ഭവ്യതയോടെ) റാൻ..... ആന്നേ.....

തുപ്ര. തിരു :<>

(ഗീറ് കാട്ടി പരിഹാസത്തോടെ)

അവനിതിങ്ങനെ എളക്ക്വാ..... ആട്ട്വാ, എളക്ക്വാ.....ആട്ട്വാ. നോം കാണുന്നില്ലാന്നാ ആ ഏഭ്യന്റെ വിചാരേ. അതും പോരാഞ്ഞി നോം ചോദിച്ചപ്പം ആ ശുനകൻ നമ്മോട് മൊഴിയാ (പരിഹാസത്തോടെ) ആ ശുംഭൻ ഗീയറ് മാറ്റാൻ ശ്രമിച്ചതാണന്നേ...

(കൃഷ്ണൻ ഉറക്കെ ചിരിക്കുന്നു)

തുപ്ര. തിരു :<>

(ദേഷ്യത്തോടെ) നിർത്തെടോ ശുംഭാ തന്റെ ഇളി. താനെന്താ വിക്രമാദിത്യകഥേലേ വേതാളോ നിന്ന് ഇളിക്കാൻ.... ഇവിടെപ്പം എന്താ ഉണ്ടായേ തനിക്കിങ്ങനെ ഇളിക്കാൻ....

കൃഷ്ണൻ :<>

(തോള് വെട്ടിച്ച് കുലുങ്ങി ചിരിച്ചുകൊണ്ട്) ഹേയ് ചുമ്മാ (ഇളിക്കുന്നു)

തുപ്ര. തിരു :<>

ചക്രംകൊടുത്ത് കാറ് വാങ്ങിയ നോം ഇരിക്കുമ്പളാ ആ ഏഭ്യൻ (ഗിയറ് പൊക്കിപിടിച്ച് ) ഈ കുന്താണ്ടം നമ്മുടെ കാറീന്ന് എളക്കിമാറ്റാൻ ശ്രമിച്ചതേ. അങ്ങനാച്ചാൽ നോമൊറങ്ങുമ്പോ നമ്മെ തന്നെ അടിച്ചുമാറ്റില്ലേ ശുനകൻ.

കൃഷ്ണൻ :<>

(പരിഹാസത്തോടെ) പിന്നെ..... പിന്നെ..... പിന്നെ.....

തുപ്ര. തിരു :<>

അത് കേട്ടപ്പഴേ നോമിങ്ങോട്ട് പറിച്ചു

കൃഷ്ണൻ :<>

(പരിഹാസത്തോടെ) എന്തോന്ന്?.....

തുപ്ര. തിരു :<>

(ദേഷ്യത്തോടെ ഗിയർപൊക്കി)കുംന്തം. താനൊന്ന് മുണ്ടാതിരിയെടോ ശുംഭാ..... (ഓഡിയൻസിനോട്) നോമൊന്ന് കുറച്ച് അദ്ധ്വാനിച്ചാലെന്താ ....കിട്ടീലേ ഈ കുന്താണ്ടം.

കൃഷ്ണൻ :<>

തിരുമേനി..... അത്.....

തുപ്ര. തിരു :<>

(താനൊന്ന് അങ്ങട് അടങ്ങി ഇരിക്ക്വാ (ഓഡിയൻസിനോട്) ഇനി അവനൊന്ന് ഗീറ് മാറ്റുന്നത് നമുക്കൊന്ന് കാണണം... ശുംഭൻ. (വിരലുകൊണ്ട് ആംഗ്യം കാണിച്ചുകൊണ്ട്) ജഗ..ജഗ...., ഇതാ ഈ തുപ്രൻ നമ്പൂര്യേ......ഇതാണ് (കൃഷ്ണനോട്) പറയെടോ ഏഭ്യാ...

കൃഷ്ണൻ :<>

ശുദ്ധൻ നമ്പൂര്യേ.....

തുപ്ര. തിരു :<>

ഫൂ നാക്കാലി......, ശുദ്ധൻ തിരുമേനി തന്റെ അപ്പനാ. നോം തുപ്രൻ തിരുമേനി. ജഗ ജഗ നമ്മോടാ കള്ള്യേ... (ഓഡിയൻസിനോട് ചിരിച്ചുകൊണ്ട്) ഹ....ഹ....ഹ.... നമ്മടെ ഒരു ബുദ്ധ്യേ എങ്ങനുണ്ട്?....എങ്ങനുണ്ട്....ഹ....ഹ....ഹ (ചിരിക്കുന്നു)

(ഇതെല്ലാം കേട്ട് കൃഷ്ണൻ തുപ്രൻ തിരുമേനി കാണാതെ തലക്ക് കൈകൊടുത്ത് ഇരിക്കുന്നു)

തുപ്ര. തിരു :<>

എന്നാൽ താനി ഈ കുന്ത്രാണ്ടം വാങ്ങി അങ്ങട് താഴെ വെക്ക്വാ....മേലാസകലം ഒരു കടച്ചിലേ.....സമയം കൊറേ ആയില്ലേ ഇതും താങ്ങി നോം നിൽക്ക്ണ്... (പരിഹാസത്തോടെ) എന്താ തനിക്ക് ബുദ്ധിമുട്ടാകോ?

കൃഷ്ണൻ :<>

(പരിഹാസത്തോടെ)ഏയ്........(കൃഷ്ണൻ തിരുമേനിയുടെ കയ്യിൽ നിന്നും ഗിയർ വാങ്ങി താഴെ വെക്കുന്നു)

(അകലെനിന്നും കഥകളിവിദ്വാൻ ഭട്ടതിരിയുടെ സ്വരം)

ഭട്ടതിരി :<> (ഭട്ടതിരിയുടെ ശബ്ദം മാത്രം. ആളെ കാണുന്നില്ല) അല്ലാ.... ഇവടെ ആരും ഇല്ല്യേ?...

തുപ്ര. തിരു :<>

(പരുങ്ങലോടെ) ഇല്ല്യാ. ഇവിടെ ആരും ഇല്ല്യ. നോം ഉറങ്ങ്വാ....(കൃഷ്ണനോട്) അല്ലടേ പാണ്ടികൃഷ്ണാ.

കൃഷ്ണൻ :<>

കൃഷ്ണൻ (ഭവ്യതയോടെ) റാൻ പാണ്ടികൃഷ്ണനല്ലേ......... വെറും കൃഷ്ണനാന്നേ(പുറത്തേയ്ക്ക് വിളിച്ചു പറയുന്നു) തിരുമേനി ഉറങ്ങ്വാന്നേ....

തുപ്ര. തിരു :<>

(കൃഷ്ണനോട്) നോം ഉറങ്ങ്വാന്നേല്ലേടോ കൊശവാ നോമിപ്പോ മൊഴിഞ്ഞത്?

കൃഷ്ണൻ :<>

(ഭവ്യതയോടെ) ആന്നേ....

തുപ്ര. തിരു :<>

(സന്തോഷത്തോടെ) അല്ലേലും അവൻ വിശ്വസിച്ചിരിക്കും നോം ഉറങ്ങ്വാന്ന്. വിഡഢികശ്മാണ്ഡൻ

കൃഷ്ണൻ :<>

(ഉപദേശരൂപേണ ഭവ്യതയോടെ)അങ്ങൊരു ബ്രാഹ്മണനാന്നേ..... കള്ളം പറഞ്ഞാ ദൈവകോപം വരുവേ....

തുപ്ര. തിരു :<>

പോടോ ശുംഭാ.... അല്ലേലും നോമിപ്പോ മൊഴിഞ്ഞത് കള്ളം ആണെന്ന് ദൈവത്തിന് തിരിയോ കൊശവാ. ഇനി അഥവാ തിരിഞ്ഞ തന്നെ നോം ഇത്രേം കാലം പൂജേം കർമ്മങ്ങളും ചെയ്തിട്ട് തന്നോ

നമുക്കൊരു പാത്രം...
കൃഷ്ണൻ :<>
പാ.....ത്രോ....
തുപ്ര. തിരു :<>
ആന്നേ.... പാത്രം.... വെള്ളി പാത്രം
കൃഷ്ണൻ :<>
(സ്വയം ഉച്ചത്തിൽ വിളിച്ചു കൂവുന്നു) അയ്യോ..... മാലോരെ തിരുമേനിക്ക് വട്ടായേ....
തുപ്ര. തിരു :<>
ഫൂ ഏഭ്യാ...... തന്റെ ജനയിതാവിനാ വട്ട്. കൊശവൻ..... സാക്ഷാൽ കൃഷ്ണഭഗവാൻ പാഞ്ചാലിക്ക് കൊടുത്ത പാത്രത്തിനെ കുറിച്ച് താൻ കേട്ടിട്ടുണ്ടോടോ മൂഢാ...
കൃഷ്ണൻ :<>
ഉണ്ടേ......(ആലോചിച്ചു കൊണ്ട്) എന്തര് പാത്രം.... ആ....ആ.....അത്തന്നെ...അക്ഷയപാത്രം..
തുപ്ര. തിരു :<>
(തോളിൽതട്ടി അഭിനന്ദിച്ചുകൊണ്ട്) മിടുക്കൻ..... ഏഭ്യനാണേലും വിവരംഉണ്ട്..... ശുംഭൻ
കൃഷ്ണൻ :<>
(ഭവ്യതയോടെ) റാൻ......
തുപ്ര. തിരു :<>
നോം ഇത്രേം കാലം പൂജേം കർമ്മങ്ങളും ചെയ്തിട്ടേ നമുക്കൊരു വെള്ളിപാത്രം തന്നത് അവനാ....നമ്മെ വിളിക്കുന്ന ആ മൂഢൻ പരമുണ്ണ്യേ....
കൃഷ്ണൻ :<>
(ആലോചിച്ചുകൊണ്ട്) നമ്മുടെ .... തെക്കേലെ....
തുപ്ര. തിരു :<>
ആന്നേ.... നമ്മുടെ പരമുണ്ണി.... അവന്റേപ്പൂപ്പന് സാമൂതിരി രാജാവ് അറിഞ്ഞുകൊടുത്ത വെള്ളിപാത്രാണെന്നാ അവൻപ്പൻ മൊഴിയണതേ...
കൃഷ്ണൻ :<>
(ആലോചിച്ചുകൊണ്ട്) ഓ....ഹോ.... അത് ഞാനറിഞ്ഞില്ല.
തുപ്ര. തിരു :<>
എന്തായാലെന്താ നോമിങ്ങോട്ടെടുത്തു. അഞ്ച രൂപയ്ക്ക്......കള്ളൻമാരെ ഭയന്ന് ആ മൂഢൻ തന്നതാ... പത്തായത്തിൽ സൂക്ഷിക്കാനേ. (പൊട്ടിച്ചിരിച്ചുകൊണ്ട്) അത് വാങ്ങാനാവും ആ കശ്മാണ്ടൻ വിളിക്കുന്നതേ.
(കൃഷ്ണൻ ഉറക്കെ ഹ....ഹ..... ഹ.... എന്ന് പൊട്ടിച്ചിരിക്കുന്നു)
തുപ്ര. തിരു :<>
(ദേഷ്യത്തോടെ) നിർത്തെടോ. (ദേഷ്യത്തോടെ രണ്ടു ചാൽ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നതു കണ്ട് കൂട്ടത്തിൽ കൃഷ്ണനനും അനുകരിക്കുന്നു. നടത്തം നിന്ന ശേഷം) താനിപ്പം എന്താ ഇളിച്ചത്? നമ്മെ കളിയാക്കാനാവും....
(കൃഷ്ണൻ കഴുത്തും തോളും കൂടി കുലുക്കി അല്ലെന്ന് കാണിക്കുന്നു)
തുപ്ര. തിരു :<>
നോമൊന്നും അറിയിണില്ലാന്നാ താനൊക്കെ നിരീച്ചിരിക്കണത്. പൊട്ടൻ തിരുമേനി നിന്റെയൊക്കെ തന്തയാ....ജനയിതാവേ....ശുംഭാ.....
കൃഷ്ണൻ :<>
റാൻ..... അങ്ങ് വെറുതെ തെറ്റിദ്ധരിക്കുകയാന്നേ.....
തുപ്ര. തിരു :<>
(തോളിൽ തട്ടി ആശ്വസിപ്പിച്ചു കൊണ്ട്) അയ്യോ.... പാവം. പിന്നേ?......
കൃഷ്ണൻ :<>
റാൻ ആ പരമുണ്ണീന്റെ കാര്യം ഓർത്ത് ചിരിച്ചു പോയതാന്നേ
തുപ്ര. തിരു :<>
അതിന് ഇപ്പോ പരമുണ്ണിക്ക് എന്താ കൊമ്പ് മുളച്ചിരിക്കിണോ? ... തനിക്ക് ഇങ്ങനെ ഇളിക്കാൻ? ശുംഭാ....
കൃഷ്ണൻ :<>
(പരുങ്ങി) അതല്ല.....അങ്ങുന്നേ....
തുപ്ര. തിരു :<>
പിന്നെന്താ കൊശവാ താൻ ഇപ്പോ ചിരിച്ചത്?.....
കൃഷ്ണൻ :<>
(വീണ്ടും ചിരിച്ചുകൊണ്ട്) ഇനി ആ പരമുണ്ണിക്ക് തിരുമനസ്സിന്റെ കയ്യിലുള്ള വെള്ളി പാത്രം ഇല്യ....... സ്വർണ്ണ പാത്രം ഇല്യ. എല്ലാം അങ്ങേത്തിന് തന്നെയല്ലേ..... അതോർത്ത് ചിരിച്ചു പോയതാന്നേ....
തുപ്ര. തിരു :<>
ഹോ..... അതാണോ?.... പൊട്ടിച്ചിരിക്കുന്നു....... ഹ....ഹ.....ഹ..... (വിരലുകൊണ്ട് ആംഗ്യത്തോടെ കൃഷ്ണനോട്) എങ്ങനെ?...എങ്ങനെ?.....(രണ്ടുപേരും അന്യോന്യം നോക്കി ആർത്തുചിരിക്കുന്നതിനിടയിൽ അകലെ നിന്നും കഥകളി വിദ്വാൽ ഭട്ടതിരിയുടെ സ്വരം)
ഭട്ടതിരി :<> നോം ഭട്ടതിരിയാന്നേ....
(ഭട്ടതിരിയുടെ ശബ്ദം കേട്ടമാത്രയിൽ രണ്ടുപേരുടേയും ആർത്തുള്ള ചിരി സഡൻ ബ്രേക്കിൽ നിൽക്കുന്നു. ഭട്ടതിരിയുടെ ശബ്ദം വീണ്ടും കേൾക്കുന്നു)
ഭട്ടതിരി :<>
അങ്ങ് പറഞ്ഞിട്ടാണേ നോമിങ്ങോട്ട് ഇല്ലത്തേക്ക് എഴുന്നള്ളിയത്.
ഭട്ടതിരി :<>
(സന്തോഷത്തോടെ) ആണോ?..... ഭട്ടതിരി എങ്കീ താൻ നമ്മുടെ മുമ്പിലേക്ക് ഇങ്ങട് സഞ്ചരിക്കാ. (കൃഷ്ണനോട്) ശുംഭാ.... അത് പരമുണ്ണി അല്ലാട്ടോ... ഹാവൂ ഈശ്വരാധീനം ..... രക്ഷപ്പെട്ടു....
(ഭട്ടതിരി പ്രവേശിക്കുന്നു. ഒരു കഥകളികാരന്റെ വേഷവും ഭാവവും സ്വഭാവവും. നടക്കുന്നതും പറയുന്നതും എല്ലാം ഒരു പെണ്ണിന്റെ ഭാവത്തിൽ. വന്നപാടെ ഭട്ടതിരി ഒരു കഥകളി ശ്ലോകം ചൊല്ലിക്കൊണ്ട് സ്റ്റേജ് മുഴുവൻ കഥകളി കളിക്കാൻ തുടങ്ങുന്നു. സന്തോഷത്തോടെ തുപ്രൻ തിരുമേനിയും കൂട്ടത്തിൽ കൂടുന്നുണ്ട്. കൃഷ്ണൻ ഇതൊന്നും തീരെ പിടിക്കാത്ത മട്ടിൽ തലക്ക് കൈകൊടുത്തുകൊണ്ട് ഇരിക്കുകയും വിലപിക്കുകയും ചെയ്യുന്നുണ്ട്. പിന്നീട് കൃഷ്ണൻ ഒരു മാറാലതട്ടുന്ന വടിയെടുത്ത് എല്ലാ ഭാഗവും തട്ടുന്നതിനിടയിൽ തിരുമേനിയുടേയും ഭട്ടതിരിയുടേയും ചേഷ്ടകൾക്കനുസരിച്ച് (തുപ്രൻ തിരുമേനിയും ഭട്ടതിരിയും പുറത്തേക്ക് പോകുന്നതു വരെ) മുഴുവൻ സമയവും അവരെ പരിഹസിച്ച് പ്രതികരിക്കുന്നുണ്ട്. വേണമെങ്കിൽ ഇടക്കിടെ കൃഷ്ണന് അകത്ത് പോയി വരികയും ചെയ്യാം.)
[ഭട്ടതിരി ശ്ലോകം നിർത്തുന്നതും തുപ്രൻ തിരുമേനി ഏങ്ങികൊണ്ട് 'ഭട്ടാ' എന്നും വിളിച്ചുകൊണ്ട് ഭട്ടതിരിയെ കെട്ടിപിടിക്കുന്നു. ഭട്ടതിരി 'തിരുമേനി' എന്നു വിളിച്ചുകൊണ്ട് സ്ത്രീകളെപോലെ സ്വന്തം കണ്ണിൽ നിന്നും കണ്ണുനീർ വടിച്ച് തെറിപ്പിക്കുന്നുണ്ട്. കുറച്ചു സമയത്തിനകം കെട്ടിപിടുത്തത്തിൽ ഭട്ടൻ ആകെ കോരിത്തരിച്ച് സ്ത്രീകളെപോലെ പൂത്തുലയുന്ന അവസ്ഥ. കെട്ടിപിടുത്തം വിടുന്നു]
തുപ്ര. തിരു :<>
തന്റെ ആ ആട്ടം കണ്ടിട്ടേ നമ്മുടെ കണ്ണീന്നങ്ങട് വന്നു. വെള്ളേ. എന്തൊരു ഭാവാ തന്റെ ആ മുഖത്ത്. താനൊരു കഥകളി വിദ്വാൻ തന്നെ ട്ടോ. നോമങ്ങട് സമ്മതിച്ചു തന്നിരിക്കുണു. (കയ്യിലുള്ള ഒരു വള ഊരി ഭട്ടതിരിയുടെ കയ്യിൽ അണിയിക്കുന്നു.

ഭട്ടതിരി നാണിക്കുന്നുണ്ട്) ഇത് താനങ്ങട് കയ്യലിടിം. നോം അറിഞ്ഞു തരുന്ന ഒരു ഉപഹാരമായി നിരീച്ചാമതി.

ഭട്ടതിരി :<>

(നാട്യത്തോടെ) വേണ്ടായിരുന്നു.

തുപ്ര. തിരു :<>

വേണ്ടേ..... ആ വള താനിങ്ങ്ട് ഊരാ. നോമത് ആ കഥകളി വിദ്വാൻ മനക്കലെ ദത്തൻ നമ്പൂതിരി പ്പാടിന് കൊടുത്തേക്കാം. (ഭട്ടതിരിയുടെ കൈപിടിച്ച് വള ഊരാൻ ശ്രമിക്കുന്നു. ഭട്ടതിരി നാണിക്കുകയും മറ്റും ചെയ്യുന്നുണ്ട്)

ഭട്ടതിരി :<>

വേണ്ടന്നേ......... ഉപഹാരായിട്ട് കിട്ട്യേത് തിരിച്ചുകൊടുക്കണ പതിവ് നമുക്കും ഇല്യാട്ടോ (ശൃംഗാരത്തോടെ) നമ്മുടെ ഈ ലേഡീസ് ഫിങ്കറിനും കൈക്കും നല്ല ചേർച്ച യാന്നേ ഈ വള.

തുപ്ര. തിരു :<>

ഹായ്......ഹായ്........ഹായ്...... (സന്തോഷത്തോടെ) നോം നിരീച്ചത് ത്തന്നെ താനങ്ങട് പറഞ്ഞിരിക്കുണു. എന്താ ഒരു രസം കാണാനേ..... തന്റെ കയ്യ് കാണാനേ.

ഭട്ടതിരി :<>

(നാണത്തോടെ) പോ തിരുമേനി. ഒരിക്കല് നമ്മെ കണ്ടിട്ട് ആ പൂമുള്ളി മനക്കലെ തിരുമേനി മൊഴിയാ...

തുപ്ര. തിരു :<>

(ആകാംക്ഷയോടെ) എന്തോന്ന്?.... എന്തോന്ന്?....

ഭട്ടതിരി :<>

താനെന്താ ദമയന്തി ആണോന്ന്........ നമുക്കത് കേട്ടപ്പഴേ അങ്ങട് വന്നുട്ടോ.....

തുപ്ര. തിരു :<>

(ആകാംക്ഷയോടെ) ഓഹോ..........

ഭട്ടതിരി :<>

മേലാസകലം ഒരു കുളുർത്ത ഇക്കിള്യേ.

തുപ്ര. തിരു :<>

ഹോ.... ഹോ.... ഹോ.... അങ്ങനെ...... അങ്ങനെ.........

ഭട്ടതിരി :<>

നോം നളചരിതത്തിലെ ദമയന്തിയെപ്പോലെ സുന്ദരിയാണോ തിരുമേനി?

തുപ്ര. തിരു :<>

(സന്തോഷത്തോടെ ഹായ്...... ഹായ്...... ഹായ്...... എന്നു ചിരിക്കുന്നു) അത് സത്യാണുട്ടോ ഭട്ടാ. ഒരിക്കലേ ആ വലിയ മനക്കലെ ദേവി ക്ഷേത്രത്തിലെ പൂരത്തിന് താനങ്ങട് ആടീല്ലേ?...ഏതാ ആ ആട്ടം?

ഭട്ടതിരി :<>

(ആലോചിച്ചുകൊണ്ട്) അത്...... ഹ.....ഹ.......ഹാ.....അതേ... നമ്മുടെ കുഞ്ചൻനമ്പ്യാരെ കല്യാണസൗഗന്ധികേ. ഭീമനിങ്ങനെ കാതരാക്ഷിയായ പാഞ്ചാലിക്ക് കല്യാണസൗ

ഭട്ടതിരി :<>

(നാണത്തോടെ) പോ തിരുമേനി. നാണം വരുന്നുട്ടോ


(തുപ്രൻ നമ്പൂതിരി അത് കണ്ട് കൊഞ്ചികുഴഞ്ഞ് ചിരിക്കുന്നു)

തുപ്ര. തിരു :<>

എന്നാ അതും ഇതും പറഞ്ഞ് സമയം കളയാതെ നമുക്കങ്ങ്ട് ക്ഷേത്രത്തിലേക്ക് സഞ്ചരിക്കാം. താൻ ഇന്നത്തെ കളി അങ്ങട് ഭേഷാക്കണം ട്ടോ........(കൃഷ്ണനോട്) എടോ പാണ്ടികൃഷ്ണാ ഞങ്ങളങ്ങട് ഇറങ്ങാ.

കൃഷ്ണൻ :<>

(ദേഷ്യത്തോടെ ശബ്ദം കുറച്ച്



ഗന്ധിക പുഷ്പം പറിച്ചു കൊടുക്കാൻ ശ്രമിക്ക്ണ ആ റൊമാന്റിക്കായ ആ ആട്ടംല്ല്യേ?

തുപ്ര. തിരു :<>

അതെ. അത്തന്നെട്ടോ. എന്താ തന്റൊരു ഓർമ്മ. . അന്നേ നമുക്കും തോന്നി ഇതുപോലൊര് അവസ്ഥ. (സ്വകാര്യമെന്നോണം) അപ്പഴേ നമുക്കങ്ങട് തോന്നി തന്നെങ്ങട് വേളികഴിച്ചാലെന്താന്ന് ഹ....ഹ.... ഹ....(ചിരിക്കുന്നു)

) പാണ്ടികൃഷ്ണൻ തന്റെ തഃ....തഃ......തഃ

തുപ്ര. തിരു :<>

(ഗൗരവത്തിൽ ഒന്നു നോക്കുന്നു, ഇരുത്തി മൂളികൊണ്ട്) ഊം.....

കൃഷ്ണൻ :<>

(തലകൊണ്ടും തോളുകൊണ്ടും) ഊ........ഊ.........

തുപ്ര. തിരു :<>

അതിഥികളാരേം വന്നാൽ ഇരിക്കാൻ പറയണും ട്ടോ.

കൃഷ്ണൻ :<>
(ഭവ്യതയോടെ) ഉവ്വേ..... പറയാവേ....
തുപ്ര. തിരു :<>
എന്നാ ഇറങ്ങ്വാ ഭട്ടതിരി....
(തുപ്രൻ തിരുമേനിയും ഭട്ടതിരിയും പുറത്തേക്ക് പോകുന്നു)
കൃഷ്ണൻ :<>
(ദേഷ്യത്തോടെ പുറത്തേക്ക് വിളിച്ചു പറയുന്നു)
പാണ്ടി തന്റെ അപ്പൂപ്പനാ കടിഞ്ഞൂപൊട്ടാ. (വിളിച്ചു പറയുന്നു) പ്രാന്താ.....കഥകളിപ്രാന്താ....(സന്തോഷത്തോടെ രണ്ടു പേരേയും കളിയാക്കാനെന്ന വണ്ണം രണ്ടു വരി കഥകളി ശ്ലോകം ചൊല്ലി ക്കൊണ്ട് സ്റ്റേജ് മുഴുവൻ നടന്നു കഥകളി കളിക്കുന്നു)
[നിമിഷങ്ങൾക്കു ശേഷം ഹാജിയാർ (നാല്പത് വയസ്സ്) കക്ഷത്തിൽ ഒരു കുടയുണ്ട്. തിരിഞ്ഞ്നിന്ന് കുനിഞ്ഞ് ബ്വേ........ ബ്വേ...........ബ്വേ......... എന്ന് കോഴിയേയും വിളിച്ചുകൊണ്ട് വരുന്നു. കൃഷ്ണൻ ഇതു കണ്ട്കൊണ്ട് അന്തം വിട്ട പോലെ സ്വയം]
കൃഷ്ണൻ :<>
എന്താ ഇപ്പം ഇത് കഥഃ...... ഏ...
(കൃഷ്ണനും തിരിഞ്ഞ് നിന്ന് ബ്വേ....... ബ്വേ....... ബ്വേ....... എന്നു വിളിച്ച് ഹാജിയാരെ അനുകരിച്ചുകൊണ്ട് സ്റ്റേജിന് ചുറ്റുഭാഗവും നടക്കാൻ തുടങ്ങുന്നു. കൃഷ്ണന്റെ പിൻഭാഗവും ഹാജിയാരുടെ പിൻഭാഗവും തമ്മിൽ കൂട്ടിമുട്ടി ഹാജിയാർ നിലത്തു വീഴുന്നു. ഹാജിയാർ ദേഷ്യത്തോടെ എഴുന്നേറ്റ്)
ഹാജിയാർ :<>
(ദേഷ്യത്തോടെ) ഇയ്യ് ഇപ്പം എന്താണ്ടോ ഈ കാണിക്ക്ണ്ത്? ആളെന്താ സൊല്ല ഇണ്ടാക്കാ ഇയ്യ്. (വീണ്ടും തിരിഞ്ഞ് നിന്ന് ബ്വേ........ബ്വേ.........ബ്വേ.......... എന്നും പറഞ്ഞ് നടക്കാൻ തുടങ്ങുന്നു. കൃഷ്ണൻ വീണ്ടും ഹാജിയാരെ അനുകരിക്കുന്നു. വീണ്ടും രണ്ടുപേരുടേയും പിൻവശം കൂട്ടിമുട്ടി രണ്ടുപേരും നിലത്തു വീഴുന്നു. രണ്ടു പേരും എണീറ്റശേഷം ദേഷ്യത്തോടെ കീരിയും പാമ്പും പോലെ നോക്കിയും ഇടിക്കുമെന്ന് ആംഗ്യം കാണിച്ചും പരസ്പരം ഭയപ്പെടുത്താൻ ശ്രമിക്കുന്നു. ഹാജിയാർ വീണ്ടും കോഴിയെ വിളിക്കുന്നു.)
ഹാജിയാർ :<>
ബ്വേ.........ബ്വേ.........ബ്വേ........ മോളെ പുള്ളിച്ച്യേ......., പുള്ളിച്ചി മോളെ ബ്വേ......ബ്വേ......ബ്വേ..., ഹള്ളാ ഞമ്മളെ പുള്ളിച്ചീനെ കാങ്ങ്ണ്ല്യാലോ....(കൃഷ്ണനോട്) ഇയ്യ്എട്ടം കണ്ടിന്യെടാ ശെയാത്താനെ ഞമ്മളെ പുള്ളിച്ചീനെ?
കൃഷ്ണൻ :<>
(പരിഹാസത്തോടെ) പിന്നെ........ ഇങ്ങളെ പുള്ളിച്ചിഅല്ലേന്ന് ഇപ്പം ഒരു കൊടവും എടുത്തോണ്ട് അതിലങ്ങോട്ട് വെള്ളത്തിന്പോയത്.
ഹാജിയാർ :<>
(അതിശയത്തോടെ) ഹള്ളാ ഞമ്മളെ പുള്ളിച്ചികോയ്യ്യോ (ആലോചിച്ചുകൊണ്ട്) ഹള്ളാ തമാസപറയ്ണ് ബലാല്. ഇയ്യ് എന്താണ്ടാ ഞമ്മളെ മക്കാറാക്കാ ഹറാംപെറന്നോനെ(അകത്തേക്കുള്ള വാതിലിനടുത്തേക്ക് നടന്നുകൊണ്ട്) ഈന്റെ ഉള്ള്ലേക്കെട്ടം പോയോ ഇപ്പം ഇവള്...
(പുള്ളിച്ച്യേ..... പുള്ളിച്ച്യേ...... എന്നും വിളിച്ചുകൊണ്ട് ഹാജിയാർ അകത്തേക്ക് കയറാൻ ശ്രമിക്കുന്നു)
കൃഷ്ണൻ :<>
ഇങ്ങള് നിക്കീന്നവടെ. ഹാജിയാരേ ഇങ്ങളോടാ പറഞ്ഞത്. (തടയുന്നു) കൊറേ നേരായി ഇങ്ങള് പുള്ളിച്ച്യേ പുള്ളിച്ച്യേന്ന് വിളിച്ച് ഇവിടൊക്കെ കെടന്ന് ഉരുണ്ട് കളിക്ക്ണ്.
ഹാജിയാർ :<>
അയ്ന് അനക്കെന്താണ്ടാ ബലാലെ. ഇത് ഞമ്മളെ നമ്പൂരിശ്ശന്റെ ഇല്ലംഅല്ലേ
കൃഷ്ണൻ :<>
(പരിഹാസത്തോടെ) ഹോ....... ഹോ.......... ആണോ?.........
ഹാജിയാർ :<>
ആ..ണല്ലാ............
കൃഷ്ണൻ :<>
പിന്നെന്ത്നാണ്ന്ന് ഇങ്ങള് ഇവടൊക്കെ കെടന്ന് ഉരുണ്ട് ഈ ഇല്ലം ഒക്കെ അശുദ്ധാക്കണത്?..
ഹാജിയാർ :<>
അതോ ഇയ്യ് ആ ചെവി ഒന്ന് ഇങ്ങട്ട് കാണിച്ചേ. മോനൊന്ന് ഇങ്ങാട്ട് കാണിച്ചേ.
കൃഷ്ണൻ :<>
സ്വകാര്യാ......
ഹാജിയാർ :<>
പിന്നെ....... പെരുത്ത് സ്വകാര്യാ........ ഇങ്ങാട്ട്............ ഇതാ ഇങ്ങാട്ട്
(ഹാജിയാർ കുറച്ച് സമയം കൃഷ്ണന്റെ ചെവിയിൽ മന്ത്രിക്കുന്നതിനനുസരിച്ച് കൃഷ്ണൻ ആകെ വിഷണ്ണനാകുന്നു)
കൃഷ്ണൻ :<>
അയ്യേ.... ഇങ്ങള് ഇമ്മായിരി ആളേനി ഹാജിയാരേ
ഹാജിയാർ :<>
ആടാ ബലാലെ. ചെലപ്പം ഞമ്മളെ സുഭാവം ഇങ്ങനാ....... ചെലപ്പോ (അരയിൽ നിന്നും ഒരു കത്തി എടുത്ത് ഭയപ്പെടുത്തികൊണ്ട്)
കൃഷ്ണൻ :<>
(വിറയലോടെ) ചെലപ്പോ?.........
ഹാജിയാർ :<>
ഞമ്മക്കൊര് സുഭാവം ഇണ്ട്. ബിസ്മില്ല്യായും ചെല്ലീട്ടങ്ങ്ട് അർത്താളും.
കൃഷ്ണൻ :<>
ഹോ.......(ഭയത്തോടെ) പടച്ചോനെ. എന്ന്യോ?
ഹാജിയാർ :<>
അല്ലട ഹമുക്കേ.... കോയീനേ. ഞ്ഞി ഒന്ന് പറഞ്ഞില്ലാംന്നും മാണ്ട. അധികം ഞമ്മളോട് മെളഞ്ഞാ അന്നേം ഞമ്മള് ചെല്ലും.
കൃഷ്ണൻ :<>
(ഭയന്ന് വിറയലോടെ) എ...ന്തോം.....ന്ന്
ഹാജിയാർ :<>
വിസ്മില്ല്യായി ബലാലെ (കത്തി നീട്ടി കൃഷ്ണനെ പേടിപ്പിച്ച് നിർത്തി ഹാജിയാർ ബ്വേ.........ബ്വേ.... ബ്വേ..........എന്നും പറഞ്ഞ് കോഴിയെ തെരഞ്ഞ് രണ്ടു ചാൽ നടക്കുന്നു. പെട്ടെന്ന് ഓടി അകത്തേക്ക് കയറി നിമിഷങ്ങൾക്കകം ഒരു കോഴിമുട്ടയുമായി ഓടിവരുന്നു)
ഹാജിയാർ :<>
കിട്ട്യടാ ബലാലെ .... കിട്ടി. ഞമ്മളെ പുള്ളിച്ചീനെ കിട്ടി. ഇയ്യ് ഈന്റെ ആത്ത് ഒളിപ്പിച്ചിവെച്ചിക്കാണ് ല്ലേ കള്ള ഹറാം പെറന്നോനെ. ഞമ്മളെ പുള്ളിച്ചീന്റെ മൊട്ട കണ്ട്ലേ.......(കോഴിമുട്ട പൊക്കി കാണിക്കുന്നു)
കൃഷ്ണൻ :<>
ഹാജിയാരേ...... ഇങ്ങളാ കോഴി മൊട്ട അകത്തേക്ക് കൊണ്ടേയി വെക്കി....
ഹാജിയാർ :<>
ഇല്ല്യങ്ക്ലോ? എടാ ഞമ്മളെ പുള്ളീച്ചിന്റെ മൊട്ട ഞമ്മളെ മൊട്ടാ.
കൃഷ്ണൻ :<>
(തലകൊണ്ടും തോളുകൊ

ണ്ടും) ഹോ..........ഹോ..........

ഹാജിയാർ :<>

പിന്നെ എന്ത്നാണ്ടാ ഇബിലീസെ ഞമ്മളീ മൊട്ട പച്ചക്കറീം തിന്ന്നടക്ക്ണ നമ്പൂരിശ്ശന്റെ പെരന്റെ അകത്തേക്ക് വെക്ക്ണ്ത് (അകത്തേക്ക് നോക്കി) പുള്ളിച്ച്യേ......... പുള്ളിച്ച്യേ....... ഇയ്യ് ഏടെ മോളെ..... വാ ഇമ്പക്ക് പോകാ......

കൃഷ്ണൻ :<>

ഹാ....ഹാ.... ങ്ങള് മൊട്ടേം കുണ്ട്



പോകോ?.....

ഹാജിയാർ :<>

പോകല്ലോ....... എന്തേയ് അണക്ക്... (അകത്തേക്ക്) അന്നെ ഞാനാ വിളിക്ക്ണ്ത്. ഇങ്ങോട്ട് പോര് ഇയ്യ്

കൃഷ്ണൻ :<>

( കൃഷ്ണൻ മുകളിലേക്ക് നോക്കി പെട്ടെന്ന്) 'ഭഗവാനേ കൃഷ്ണാ പരമേശ്വരാ എനിക്ക് ശക്തി തരൂ' എന്നും പറഞ്ഞ് ഒരു പ്രത്യേക തരത്തിൽ ശക്തി സംഭരിച്ച് ശക്തനാകുന്നതിനിടയിൽ 'കുട കൊണ്ട് അടിച്ചുകൊണ്ടിരിക്കുന്ന ഹാജിയാർ' പറയുന്നു)

ഹാജിയാർ :<>

(കുടകൊണ്ട് അടിക്കുന്നതിനിടയിൽ കളിയാക്കികൊണ്ട്) 'അണക്ക് ശക്തി ഞമ്മള് തരടാ ഇബിലീസെ'. (പിന്നീട് ഹാജിയാർ പുറത്തക്ക് പോകാൻ ശ്രമിക്കുന്നു)

കൃഷ്ണൻ :<>

ഹാജാരേ ഇങ്ങള് പോകരുത്.......ഇങ്ങള് ഇല്ലത്തെ ആ കോയി മൊട്ടോം കൊണ്ട് പോകർത്ന്നാ ഞാൻ പറഞ്ഞത്

ഹറാംപെറന്നോനെ ബലാലെ അണക്ക് തടുക്കാൻ കയ്യേ ഇയ്യ് അങ്ങ്ട്ട് തടുത്ത ഹമുക്കേ. ഞമ്മള് ഈ മൊട്ടേം കൊണ്ട് പോകും

കൃഷ്ണൻ :<>

(ദേഷ്യത്തോടെ) അങ്ങനാണെ ഞാനും തടുക്കതന്നെ ചെയ്യും ഹാജിയാരേ. (തടുക്കുന്നു) അത് ഇങ്ങളെ മൊട്ടല്ലാന്നാ ഞാൻ പറഞ്ഞത്.

ഹാജിയാർ :<>

ഹോ.........ഹോ...........ഇയ്യ് അങ്ങനെ പറഞ്ഞോ?

കൃഷ്ണൻ :<>

ഇനിക്ക് ദേഷ്യം വരുവേ. മിനിഞ്ഞാന്ന് ഞാൻ പിരിപ്പിക്കാവെച്ച മൊട്ടയാ അത്

ഹാജിയാർ :<>

(ഹാജിയാർ ഷോക്കേറ്റതുപോലെ അകലുന്നു) യ്യാ ഇലാഹി ഹൽഹന്ത്റ്ള്ള ചതിച്ചാ...... ഇയ്യ് ഇപ്പം എന്താണ്ടാ പറഞ്ഞത് (ചെവി രണ്ടും തുറന്നുപിടിച്ചുകൊടുക്കുന്നു.)

കൃഷ്ണൻ :<>

(പരുങ്ങലോടെ) ഞാൻ പിരിപ്പിക്കാൻവെച്ച മൊട്ടയാണെന്ന്.

ഹാജിയാർ<>

തമ്പുരാനായ ഇലാഹി എല്ലാം പോയോ?........ (ദേഷ്യത്തോടെ) അഃ.......അഃ.....അഃ.......അത്നാടക്കട്ടെ

കൃഷ്ണൻ :<>

ഏ......ഞാൻ മൊട്ട പിരിപ്പിക്കേണന്ന് ഹാജാരേ ഇങ്ങക്ക് എന്താ....

ഹാജിയാർ :<>

(മയത്തിൽ) അല്ലടാ കൃഷണാ ഇയ്യ് ഈ പെരേല്വെച്ചിട്ടാണെല്ലെ മൊട്ട പിരിപ്പിക്കാ?.....

കൃഷ്ണൻ :<>

(പരിഹാസത്തോടെ) ആണല്ലോ.....

ഹാജിയാർ :<>

(പ്രത്യേകഈണത്തിൽ) ഹള്ളാ ചതിച്ചല്ലാന്റെ ബദിരീങ്ങളെ(കൃഷ്ണനോട് ദേഷ്യത്തോടെ) പിരിപ്പിച്ചാ മൊട്ടേന്റുള്ള്ന്ന് എന്താണ്ടാ വര്വാ ബലാലെ?

കൃഷ്ണൻ :<>

അത്........ അത്....... കോഴിമക്കളല്ലാണ്ടെ വേറെ എന്താണ്ന്ന് വരാൻ.....

ഹാജിയാർ :<>

കോയിമക്കളാണല്ലാ?

കൃഷ്ണൻ :<>

ആണെന്നാന്റെ വിശ്വാസം

ഹാജിയാർ :<>

(ദൈവത്തിനോട് ദുഃഖത്തോടെ) ന്റെ ബദിരീങ്ങളെ ഓന്റൊരു വർത്താനം നോക്ക്.(തലക്ക് കൈകൊടുത്തുകൊണ്ട്) ഈ കോയിമക്കളെ ഏടാണ്ടാ പാണ്ടികൃഷ്ണാ ഇയ്യ് പോറ്റ്വാ?

കൃഷ്ണൻ :<>

അത്...... അത്....... ഇവടെല്ലാണ്ട് വേറെ ഏടെ പോറ്റാനാ ഹാജിയാരേ.....

ഹാജിയാർ :<>

ചതിച്ചല്ലാ ന്റെ ഇലാഹി..... ഹള്ളാ... (കൃഷ്ണനോട്) മൊട്ടേന്നും പിരിഞ്ഞ് കോയിമക്കളായ പിന്നെ ഏട്വാണ്ടാ ഈറ്റിങ്ങള് കേറ്വാ?...

കൃഷ്ണൻ :<>

(ആലോചിച്ചുകൊണ്ട്) മൊട്ടേന്നും പിരിഞ്ഞ് കോയിമക്കളായാ പിന്നെ.... മരത്ത്മ്മ്ല് അല്ലാതെ പിന്നെ എവടാണ് ഹാജി യാരേ കോയിമക്കള് കേറ്വാ?.....

ഹാജിയാർ :<>

ഹള്ളാ പടച്ചോനായ തമ്പുരാനേ പോയീലേ സർവ്വം........... പോയീലേ ന്റെ ഇലാഹീ. (കൃഷ്ണനോട് ദഃഖത്തോടെ) അങ്ങനാണെ നമ്പൂരിശ്ശന്റെ തെക്കേ അതിര്ല്ള്ള ആ പറങ്ക്യാവ്ന്റെ കൊമ്പത്തും കേറൂലെന്റെ കൃഷ്ണാ ആ കോയിമക്കള്?

കൃഷ്ണൻ :<>

കേറൊല്ലോ...........

ഹാജിയാർ :<>

അള്ളാ (സ്വയം) ആ കൊമ്പന് നേരെ തായ ത്താണല്ലാ ഇന്റെ ഇലാഹി ഞമ്മളെ പറമ്പ്ന്റെ തെക്കേ അതിര്

കൃഷ്ണൻ :<>

അതിന്? അത്പ്പം ആര്ക്കാണ് ഹാജാരേ അറഞ്ഞൂടാത്തത്

ഹാജിയാർ :<>

(സഹികെട്ട്) അറാംപെറന്നോനെ ഞമ്മളെ ആ തെക്കേ അത്ര്ല്ള്ള ആ പറങ്ക്യാവ്കൊമ്പ്നും തായത്തുള്ള കെണറ്റീലല്ലടാബലാലെ ഞമ്മള് കുടിക്ക്ണ കെണറ്റ്വെള്ളം.

കൃഷ്ണൻ :<>

(പരിഹാസത്തോടെ) ഹോ..........ഹോ...........അതാണോ?

ഹാജിയാർ :<>

(കൃഷ്ണൻ പറയുന്നത് ശ്രദ്ധിക്കാതെ തുടരുന്നു) *[സ്വയം]* പോയീലേ..... എല്ലൂം പോയീലേ.... ഞമ്മള് എന്തിനാണള്ള ഇഞ്ഞി ജീവിക്ക്ണ്........ കോയിമക്കള് കാട്ടം ഇട്ട വെള്ളം കുടിക്കാനോ?

(കൃഷ്ണൻ ഉറക്കെ പൊട്ടിച്ചിരിക്കുന്നു)

ഹാജിയാർ :<>

ചിറിച്ചെടാ ഹമുക്കേ...... ഇയ്യ് ചിറിച്ചോ. അന്റെ കോയിമക്കള് തൂറ്യ വെള്ളെ കുടിക്കാനെ ഞമ്മളെ ഈ ദുനിയാവ്ല് കിട്ടൂല. ഞമ്മള് ഈനാട്ടിന്നന്നെ പോകാ.

കൃഷ്ണൻ :<>

പോകാ...........

ഹാജിയാർ :<>

ഇയ്യ് പോടാട്ന്ന്. പുള്ളിച്ച്യേ.... മോളെ പുള്ളിച്ച്യേ (ദഃഖത്തോടെ) ഞമ്മള് പോകാട്ടോ. ഇയ്യന്നെങ്കലും ഇവടോക്കെ തൂറീം പെടുത്തും സുഖായിട്ട് ജീവിച്ചോ. (കുട ഉയർത്തി) ഞമ്മള് പോട്ടേ....

കൃഷ്ണൻ :<>

(ദുഃഖത്തോടെ) അപ്പോ ഹാജാര് പോകാൻതന്നെ തീരുമാനിച്ചോ?

ഹാജിയാർ :<>

ആട ഹംക്കേ. പുള്ളിച്ച്യേ പോട്ടെട്ടോ. (കൃഷ്ണനോട്) നമ്പൂതിരിശ്ശൻ വന്നാൽ ഞമ്മളെ ഈ ദയനീയ കഥ ഒന്ന് പറഞ്ഞ്കൊട്ക്കണട്ടോ കൃഷ്ണാ. (ഹാജിയാർ തേങ്ങി തേങ്ങി പുറത്തേക്കു പോകുന്നു)

(കൃഷ്ണൻ ഉറക്കെ പൊട്ടി ചിരിക്കുന്നതിനിടയിൽ ) പാവം.......മൊട്ടമടിയിലിരിക്കുമ്പളേ ഹാജാര് കോഴിമക്കളെ കാഷ്ഠം പേടിച്ച് നാടും വിട്ടു.

(കൃഷ്ണന്റെ പൊട്ടിച്ചിരി മെല്ലെ നിൽക്കുന്നതിനിടയിൽ പുറത്ത് നിന്ന് ഭയാനകമായ ഒരു ശബ്ദം കേട്ട് കൃഷ്ണൻ വിറച്ചു നടുങ്ങുന്നു. പിന്നീട് വിറയലോടെ അയ്യോ എന്നും വിളിച്ചുകൊണ്ട് അകത്തേക്ക് ഓടുന്നു. പുറത്തുനിന്ന് പരമുണ്ണി കയറിവരുന്നു. ആള് നല്ല കറുത്ത നിറമാണ്. പരമുണ്ണി വന്ന് സ്റ്റേജിന് ചുറ്റുഭാഗവും തിരുമേനിയെ തെരഞ്ഞെന്ന വണ്ണം നടക്കുന്നു. പിന്നീട് ഒരു ഇരിപ്പിടത്തിൽ ഇരുന്ന് ശരീരമാസകലം ഒന്ന് മേൽപ്പോട്ട് കൊളുത്തി വലിച്ച് ഒന്ന് തുമ്മാൻ പരിശ്രമിക്കുന്നു. പരിശ്രമം വിജയിച്ച് തുമ്മുന്നില്ല. ആശ്വസിക്കുന്നു. വീണ്ടും എഴുന്നേറ്റ് ആരേയും കാണാതെ ദൂരെ ചുറ്റുഭാഗവുമുള്ള പറമ്പിലേക്കെന്ന വണ്ണം ഒരു പ്രത്യേകതരം പോസിൽ നിന്നും കിടന്നും കുനിഞ്ഞും നോക്കി ചൂണ്ടിക്കൊണ്ടു കണക്കെടുക്കുന്നു.)

പരമുണ്ണി :<>

ഇവിടെ..... ഒരു ...... പതിനെട്ടാം പട്ട വെക്കാം......(മറ്റൊരു ഭാഗത്തേക്ക് നീങ്ങി വീണ്ടും) ഇവിടെ ഒരു പ്ലാവ്. നല്ല വരിക്ക തേൻപ്ലാവായാൽ ബഹുവിസേശായി....... (മറ്റൊരു ഭാഗത്തേക്ക് ചൂണ്ടി ആലോചിച്ച്) ഇവിടെ ഒരു റ്റി ആന്റ് റ്റുടി തന്ന ആവാം.

(വീണ്ടും ചരിഞ്ഞും കുനിഞ്ഞും കിടന്നുമെല്ലാം നോക്കുന്നതിനിടയിൽ പുറത്തു നിന്നും തുപ്രൻ തിരുമേനിയും ഭട്ടതിരിയും പ്രവേശിക്കുന്നു. പരമുണ്ണി കാണുന്നില്ല. അഗാധമായ ചിന്തയിൽ നിലത്ത് തലകുത്തി കിടന്ന് കണക്ക് കൂട്ടിക്കൊണ്ട് കണ്ണുകൊണ്ടും കൈകൊണ്ടും ദൂരേക്ക് അളവ് എടുക്കുകയാണ് പരമുണ്ണി)

തുപ്ര. തിരു :<>

(കൈകൊണ്ട് തൊട്ടുകൊണ്ട്) ഹല്ലാ........ ഇതാര്........ നമ്മുടെ പരമുണ്ണ്യോ?

പരമുണ്ണി :<>

(ശ്രദ്ധിക്കാതെ) ഞാൻ ഈ കൃഷിയിടം ഒന്നു നോക്കട്ടെന്നേ...... ചുമ്മാതിരിയെടോ താനൊന്ന്. (കൈതട്ടിമാറ്റുന്നു)

തുപ്ര. തിരു :<>

(കൈ തട്ടിമാറ്റിയത് വിശ്വസിക്കാനാവാതെ) ഹേ........ (പിറകോട്ടു മാറുന്നു) അതിനിടയിൽ ഭട്ടതിരി കുനിഞ്ഞ് തലകുത്തി നിന്ന് അളവ് എടുക്കുന്ന പരമുണ്ണിയുടെ ശരീരത്തിന്റെ കറുപ്പ് കണ്ട് സ്ത്രീകളെ പോലെ നാണിച്ച്)

ഭട്ടതിരി :<>

ഹായ് എന്താ ഇതിന്റൊരു ചന്തം...... നല്ല കറുപ്പേ... ഏഴഴക്. (എന്നും പറഞ്ഞ് പരമുണ്ണിയുടെ ശരീരത്തിന്റെ കറുപ്പ് ചൂണ്ടുവിരലിൽ തോണ്ടി എടുക്കാൻ ശ്രമിക്കുന്നു. ഇതു കണ്ട് തുപ്രൻ തിരുമേനി ദേഷ്യത്തോടെ)

തുപ്ര. തിരു :<>

(ദേഷ്യത്തോടെ) ഭട്ടാ......

(ഭട്ടതിരി പെട്ടെന്ന്തന്നെ പരമുണ്ണിയുടെ ശരീരത്തിന്റെ കറുപ്പു തോണ്ടി സ്വന്തം കണ്ണിൽ എഴുതുന്നു

തുപ്ര. തിരു :<>

(ഇതു കണ്ടു അസഹ്യതയോടെ) ഈ ശുംഭനിപ്പംതെന്താ കാണിക്ക്ണ്ത്ന്റെ ഭഗവതി.

(കാലുമടക്കി പരമുണ്ണിയുടെ ചന്തിക്ക് തൊഴിക്കുന്നു)

( തൊഴി ഏറ്റ പരമുണ്ണി മൂക്ക് കുത്തി വീഴുന്നു. എണീറ്റ് പരമുണ്ണി അരയിൽ നിന്നും ഒരു കത്തി എടുത്ത് തുപ്രൻ തിരുമേനിയേയും ഭട്ടതിരിയേയും നോക്കി ഒരു സിംഹത്തെപോലെ മുരണ്ട് "സാമൂതിരി മാനവിക്രമ മഹാരാജാവ് വിജയിക്കട്ടെ" എന്നും പറഞ്ഞ് രണ്ടു ചാൽ സ്റ്റേജിലൂടെ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നതുകണ്ട് ഭട്ടതിരി ഭയത്തോടെ "തിരുമേനി" എന്നു വിളിച്ചുകൊണ്ട് തുപ്രൻ തിരുമേനിയെ കെട്ടിപ്പിടിക്കുന്നു. കത്തി നീട്ടിപ്പിടിച്ചുകൊണ്ട് പരമുണ്ണി ഗമയിൽ ഒരു ഇരിപ്പിടത്തിൽ ഇരുന്ന ശേഷം കത്തികൊണ്ട് ഭട്ടനെ വിളിക്കുന്നു. ഭട്ടൻ അടു

ത്തേക്ക് വരുന്നതിനിടയിൽ പരമുണ്ണി വീണ്ടും ശരീരമാസകലം ഉള്ളിലേക്ക് കൊളുത്തിവലിച്ച് ഒന്നു തുമ്മാൻ ശ്രമിക്കുന്നു. തുമ്മുന്നില്ല ആശ്വസിക്കുന്നു. പരമുണ്ണി വീണ്ടും ഭട്ടതിരിയെ കാണുന്നു)

പരമുണ്ണി :<>

(കത്തി നീട്ടികൊണ്ട്) തന്റെ പേര്?..............

ഭട്ടതിരി :<>

(വിറയലോടെ) ഭട്ടതിരിയാണേ.....

പരമുണ്ണി :<>

(സ്വയം മന്ത്രിക്കുന്നു) ഭട്ടതിരീ.............. കുലം?

ഭട്ടതിരി :<>

(വിറയലോടെ) ബ്രാ..... ഹ്മ....ണ...ൻ

പരമുണ്ണി :<>

(ദേഷ്യത്തോടെ) ഛരി എമ്പോക്കി (കത്തി കൊണ്ട് തുപ്രൻ നമ്പൂതിരിയെ അടുത്തേക്ക് വിളിച്ചു)

പരമുണ്ണി :<>

(തുപ്രൻ തിരുമേനിയോട്) ആണാണോ പെണ്ണാണോ ഇവനെന്ന്?.....

തുപ്ര. തിരു :<>

(ഭവ്യതയോടെ) ആണാണേ..............

പരമുണ്ണി :<>

(ഗൗരവത്തിൽ) തനിക്കെങ്ങനെ അറിയാം?...... എന്നോട് കള്ളം പറയരുത് (ദേഷ്യത്തോടെ) ഇവൻ ആണാണോന്ന്.....

തുപ്ര. തിരു :<>

(വിറയലോടെ) നോം പറയുന്നത് സത്യാണേ...ഈ നിൽക്കുന്ന ഭട്ടതിരി ആണാണേ....

പരമുണ്ണി :<>

(ഗൗരവത്തിൽ ഒന്നു മൂളുന്നു) ഉം..... (നടന്നുകൊണ്ട്) മാനവിക്രമ സാമൂതിരിരാജാവിൽ നിന്നും പട്ടും വളയും ഇതാ (കത്തിപൊക്കിപിടിച്ച്) ഈ കാണുന്ന കത്തിയും ധീരതക്കുള്ള ഉപചാരമായിട്ട് കിട്ടിയ കുടംബത്തിലെ അംഗമാണ് ഈ പരമുണ്ണീന്ന് തനിക്കറിയാവെടോ ഏഭ്യൻ നമ്പൂതിരി.

തുപ്ര. തിരു :<>

(ഭവ്യതയോടെ) അറിയാവേ........

പരമുണ്ണി :<>

(ഗൗരവത്തിൽ ഒന്നു മൂളുന്നു) ഉം........ ശരി. ഞാൻ ഇപ്പോ വിശ്വസിച്ചിരിക്കുന്നു. ഇനി ഇവൻ ആണാണെന്ന് തന്നെ വെക്കാം നമുക്ക്. (ഗൗരവത്തിൽ) എവിടെ ഞാൻ തന്നോട് അഞ്ചു രൂപ വാങ്ങി തന്റെ പത്തായത്തിൽ സൂക്ഷിക്കാൻ തന്ന വെള്ളിപ്പാത്രം?.....

തുപ്ര. തിരു :<>

പാത്രോ.....(ഒന്നും അറിയാത്തതുപോലെ) ഏത് പാത്രം. (സ്റ്റേജിന് ചുറ്റുഭാഗവും നടന്ന് തുപ്രൻ തിരുമേനി തിരയുന്നതു കണ്ട് ഭട്ടതിരിയും തിരയുന്നു..... പിന്നീട് പരമുണ്ണിയോട്)

തുപ്ര. തിരു :<>

ഇവിടൊന്നും കാണുന്നില്ല്യാല്ലോ ന്റെ പരമുണ്ണ്യേ തന്റെ വെള്ളി പാത്രം.

പരമുണ്ണി :<>

അകത്ത് നോക്ക്യോ ന്റെ നമ്പൂരിശ്ശാ ഇങ്ങള്?........

തുപ്ര. തിരു :<>

(കൈമലർത്തിക്കൊണ്ട്) എന്ത്ന്?..... അച്ഛൻഅപ്പൂപ്പൻമാരുടെ കാലംതൊട്ടേ അവര് ഉപയോഗിക്ക്ണ ചട്ടീം കലേം ഉള്ളൂന്റെ പരമുണ്ണ്യേ അയിന്റെ അകത്ത്

പരമുണ്ണി :<>

സത്യാ.........

തുപ്ര. തിരു :<>

(ഭവ്യതയോടെ) ദേവിയാണെ സത്യം (പരമുണ്ണിയുടെ കാല് തൊട്ട് വന്ദിക്കുന്നു)

പരമുണ്ണി :<>

(പരമുണ്ണി ഒരു മൂലയിൽവെച്ച കാറിന്റെ ഗിയറ് കാണുന്നു. ഗിയറ് പൊക്കി എടുത്തു നോക്കി) ഇത് ഇപ്പം എന്താന്റെ നമ്പൂരിശ്ശാ.......

തുപ്ര. തിരു :<>

അത് തൊടല്ലേ ന്റെ പരമുണ്ണ്യേ. ലക്ഷം രണ്ടരയാ അതിന്.....

പരമുണ്ണി :<>

(അന്തംവിട്ടുകൊണ്ട്) ഹേ.....ഇതിനോ?.....ഈ ഇരുമ്പ് വടിക്ക്?....

തുപ്ര. തിരു :<>

ഹാന്റെ പരമുണ്ണ്യേ...... നോം പുതുതായി വാങ്ങിയ അംബാസിഡർ കാറിന്റെ ഗീറാ അത്. ദ്ങ്ങ്ക്ലേ ആ കുന്ത്രാണ്ടം ഓടൂന്നാ ആ ഏഭ്യൻ ഡ്രൈവറ് പറയുണു.

പരമുണ്ണി :<>

(അന്തംവിട്ടുകൊണ്ട് സന്തോഷത്തോടെ) ഹേ........... ഈ ഇരുമ്പുംകണ്ടത്തിനോ രണ്ടര ലക്ഷം?....

തുപ്ര. തിരു :<>

(തലകൊണ്ടും തോളുകൊണ്ടും) ഹും..........

പരമുണ്ണി :<>

എന്നാ ഞാൻ തനിക്ക് വെള്ളി പാത്രം തന്നിട്ടില്ല്യാ... എനിക്ക് ഈ ഇരുമ്പ്വടി മതി നമ്പൂരിശ്ശാ....

തുപ്ര. തിരു :<>

(സങ്കടത്തോടെ) ചതിക്കല്ലേ ന്റെ പരമുണ്ണ്യേ.....

പരമുണ്ണി :<>

ങ്ങളൊന്ന് മുണ്ടാണ്ടിരിക്ക്ണ്ണ്ടോ ന്റെ നമ്പൂരിശ്ശാ (ഗിയറുമായി നടക്കുന്നു)

തുപ്ര. തിരു :<>

ചതിച്ചോ ന്റെ പരദേവതേ (ദേഷ്യത്തോടെ അകത്തേക്ക് വിളിച്ചു പറയുന്നു) എടുക്കടാ കൃഷ്ണാ എന്റെ ഉറുമീ....

കൃഷ്ണൻ :<>

(അകത്ത്നിന്ന് ശബ്ദംമാത്രം) ഉറുമീന്റെ ഒരു കഷ്ണം കാണ്ണ്ല്ല്യാലോ ന്റെ തിരുമേനി. പോരാത്തേന് ഇതിന് തീരെ മൂർച്ചം ഇല്ല്യ......

തുപ്ര. തിരു :<>

എങ്കീ പിന്നേ കൊടുവാളെടുക്കടാ പാണ്ടീ........

കൃഷ്ണൻ :<>

(അകത്ത്നിന്ന് ശബ്ദംമാത്രം) കാണുന്നില്ലല്ലോ തിരുമേനി കൊടുവാളും....

തുപ്ര. തിരു :<>

ശുനകാ, എങ്കീ താനിങ്ങോട്ട് വന്ന് ആ പരമുണ്ണീനെ ഒന്ന് തടുക്കാ.....ഏഭ്യാ....

(കൃഷ്ണൻ അകത്ത്നിന്ന് ഓടിവരുന്നതു കണ്ട് ഭട്ടതിരി കൃഷ്ണനെ പിടിച്ചു വെക്കുന്നു)

തുപ്ര. തിരു :<>

(ഭട്ടതിരിയോട്) വിടെടോ ശുംഭാ അവനെ (കൂടുതൽ ദേഷ്യത്തോടെ) ശുനകൻ ഭട്ടതിരി...... അവനെ വിടാനാ തന്നോട് പറഞ്ഞേ......

(തുപ്രൻ തിരുമേനി മുന്നോട്ട് ചെന്ന് പരമുണ്ണിയെ തടുക്കുന്നു. അന്യോന്യം പിടിവലി നടക്കുന്നതിനിടയിൽ പരമുണ്ണി ഗിയറുമായി രക്ഷപ്പെടുന്നു)

(തുപ്രൻ തിരുമേനി ഉറക്കെ നെഞ്ചത്തടിച്ച് കരയാൻ തുടങ്ങുന്നു)

തുപ്ര. തിരു :<>


നമ്മുടെ രണ്ടരലക്ഷം പോയല്ലോ ന്റെ ഭഗവതീ........വെള്ളി പാത്രം വേണ്ടേ നമുക്ക്........നമുക്ക്.......ആ കുന്ത്രാണ്ടം കിട്ട്യാ മത്യേ.......(ഉരക്കെകരയുന്നു) രണ്ടര ലക്ഷം കിട്ട്യാ മത്യേ.........

(കൃഷ്ണനനും ഭട്ടതിരിയും അതു കണ്ട് കെട്ടിപിടിച്ച് കരയുന്നു. അവസാനം ഒരു കൂട്ടകരച്ചിൽ ആകുന്നു.)

**യവനിക താഴുന്നു**

**സ്പോർട്സ്**

# ലോകകപ്പ് ഫുട്ബോളിലെ ഹാറ്റ്ട്രിക്ക് ചരിത്രങ്ങൾ



ഭാസി മലാപ്പറമ്പ്

2014 ജൂൺ 25 ബുധൻ. ബ്രസീൽ ആതിഥേയത്വം വഹിക്കുന്ന ഇരുപതാമത് (20) ഫുട്ബോൾ ലോകകപ്പ് മത്സരങ്ങൾ റിപ്പോർട്ടു ചെയ്യുന്നതിന്നുവേണ്ടി ഫുട്ബോളിന്റെ ലോക സംഘടനയായ ഫിഫ (ഫെഡറേഷൻ ഇന്റർനാഷണൽ ഡി ഫുട്ബോൾ അസോസിയേഷൻസ്) അനുവദിച്ച മീഡിയ അക്രഡിറ്റേഷനുമായി ഞാൻ ബ്രസീലിലാണ്. ജൂൺ 12 വ്യാഴാഴ്ച "കിക്കോഫ്" ചെയ്ത മത്സരങ്ങൾ "കവർ" ചെയ്യുന്നതിനുള്ള എന്റെ തീർത്ഥാടനം ആരംഭിച്ചത് ജൂൺ 19ന് സാവോ പോളോയിൽ നടന്ന യുറുഗ്വായ് - ഇംഗ്ലണ്ട് മത്സരത്തോടെയാണ്. ജൂൺ 18ന് മാത്രമാണ് എനിയ്ക്ക് ബ്രസീലിൽ വിമാനം ഇറങ്ങുവാൻ സാധിച്ചത്. ഇന്ത്യയിൽനിന്ന് അബുദാബിയിൽ എത്തി, അവിടെ നിന്ന് ബ്രസീലിലെ സാവോ പോളോ സിറ്റിയിലേക്ക് നേരിട്ടുള്ള വിമാന യാത്രയായിരുന്നു; നീണ്ട പതിലാലര മണിക്കൂർ.

ലോകകപ്പ് കവറേജിനുവേണ്ടിസാവോ പോളോയിലെ മീഡിയാ ഹോട്ടലിലാണ് ഞാൻ ക്യാമ്പ് ചെയ്തത്. സാവോ പോളോയിൽ അരങ്ങേറുന്ന മത്സരങ്ങൾക്കു പുറമേ റിയോ ഡി ജനിറോ, ബെലോ ഹോറിസോന്റോ തുടങ്ങിയ മറ്റു വേദികളിലെ കളികൾ "കവർ" ചെയ്യുവാൻ വിമാനത്തിൽ, അതല്ലെങ്കിൽ റോഡ് മാർഗ്ഗം യാത്ര ചെയ്യുകയായിരുന്നു. ബ്രസീലിൽ ട്രെയിൻ ഗതാഗതം ഇല്ലാത്തതിനാൽ ആകാശ യാത്ര, അല്ലെങ്കിൽ റോഡ് യാത്ര എന്നിവ മാത്രമായിരുന്നു ഫുട്ബോൾ പ്രേമികൾക്കും മീഡിയകാർക്കുമുള്ള ആശ്രയം.

അങ്ങിനെ ജൂൺ 25ന് ബ്രസീലിന്റെ തലസ്ഥാന നഗരമായ റിയോ ഡി ജനിറോയിലെ മാറക്കാന സ്റ്റേഡിയത്തിലെ ഇക്വഡോർ - ഫ്രാൻസ് മത്സരം "കവർ" ചെയ്യുവാൻ ഞാൻ മീഡിയാ വേദിയിൽ എത്തി. "ഇ" ഗ്രൂപ്പിലെ ലീഗ് മത്സരം "കിക്കോഫ്" ചെയ്യുന്നത് വൈകുന്നേരം അഞ്ചു മണിക്കാണ്.

കിക്കോഫിന്റെ അല്പ നിമിഷങ്ങൾക്കു മുമ്പു മാത്രം മീഡിയാ സ്റ്റാന്റിലെ റിസർവ്വ് സീറ്റിലേക്ക് നീങ്ങുകയാണ് എന്റെ പതിവു രീതി. അതിന്നു മുമ്പുള്ള സമയം മീഡിയാ ഹാളിൽ ചിലവഴിക്കുന്നു. ഹാളിലെ ടെലിവിഷനിൽ കാണിക്കുന്ന മുൻ മത്സരങ്ങളോ, അല്ലെങ്കിൽ സ്റ്റേഡിയം കാഴ്ചകളോ കണ്ടുകൊണ്ടിരിക്കും.



ലോകകപ്പ് ഫുട്ബോളിലെ ഹാറ്റ്ട്രിക്ക്
ബെർട്ട് പാറ്റനൗഡെ (യു.എസ്.എ.-വലതുഭാഗം)
ബൽജിയം താരം നിക്കോളസ് ഹോയ്ഡോൺ കിക്സിനെതിരെ മുന്നേറുന്നു.

ആ സായാഹ്നത്തിൽ തന്നെ മനാവുസ് നഗരത്തിൽ "ഇ" ഗ്രൂപ്പിലെ തന്നെ മറ്റൊരു മത്സരം, സ്വിറ്റ്സർലണ്ടും - ഹോണ്ടുറസും തമ്മിൽ, അരങ്ങേറുന്നുണ്ട്. നാലു ടീമുകൾ മത്സരിക്കുന്ന ഗ്രൂപ്പ് ലീഗിൽ നിന്ന് നോക്കൗട്ട് ഘട്ടത്തിലേക്ക് പ്രവേശിക്കുന്നതിന്നുള്ള അവസാന ലീഗ് കളികളാണ് ഇവ രണ്ടും; പ്രീ ക്വാർട്ടറില്ലെത്തുന്നതിന്നുവേണ്ടിയുള്ള നിർണ്ണായക മത്സരങ്ങൾ! പോയിന്റ്സ്ഥാനത്തിൽ രണ്ടും അതിനിർണ്ണായകമാണ്. ഏറ്റവും വാശിയിൽ കളിക്കുന്ന ഉന്നത ടീമുകൾ എന്ന നിലയിലാണ് ഞാൻ ഫ്രാൻസ്-ഇ ക്വഡോർ മത്സരം തിരഞ്ഞെടുത്തത്.

ടെലിവിഷനിൽ സ്വിറ്റ്സർലണ്ട് - ഹോണ്ടുറസ് മത്സരം കിക്കോഫ് ചെയ്തപ്പോൾ ആ കളിയും ഉന്നത മേഖലയിലെത്തും എന്ന് ആദ്യനിഷങ്ങളിൽതന്നെ മനസ്സിലായി. അതുകൊണ്ട് ടെലിവിഷനിൽ ആ കളി കഴിഞ്ഞതിന്നു ശേഷം സ്റ്റേഡിയം മീഡിയാ സീറ്റിലേക്ക് നീങ്ങാം എന്ന് ഞാൻ തീരുമാനമെടുക്കുകയായിരുന്നു. ഫ്രാൻസ് - ഇക്വഡോർ രണ്ടാം പകുതിയിൽ മാത്രമെന്നും!

ആവേശകരമായ നിമിഷങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് സ്വിറ്റ്സർലണ്ട് - ഹോണ്ടുറസ് കളി മുന്നോട്ടു പോയത്. മത്സരം 3 – 0 ന് ജയിച്ചു



ഹാറ്റ്ട്രിക്ക് ജേതാവ് അർജന്റീന താരം ഗാബ്രിയൽ ബാറ്റിസ്റ്റൂട്ട (മദ്ധ്യത്തിൽ)

കൊണ്ട് സ്വിറ്റ്സർലണ്ട് ഗ്രൂപ്പ് ലീഗിൽ ആറു(6)പോയിന്റുകളുമായി നോക്കൗട്ട് പ്രവേശനം ഉറപ്പാക്കുകയായിരുന്നു. മൂന്നു ഗോളുകളും ഒരു കളിക്കാരന്റെ ബൂട്ടിൽ തന്നെ പിറന്നു. – ഷക്രിയുടെ! ഗോൾ പോസ്റ്റിന്റെ ക്രോസ് ബാർ ഉരുമ്മിക്കൊണ്ട് ഒരു ഹൈലെവൽ വോളി കിക്ക് ഗോൾ, രണ്ട് ശക്തമായ ഗ്രൌണ്ട് കിക്ക് ഗോളുകൾ. അങ്ങിനെ ഷക്രിയുടെ വക ബ്രസീൽ 2014 ലോകകപ്പിൽ ഒരു ഹാറ്റ്ട്രിക്ക്! ആ മനോഹരമായ ഹാറ്റ്ട്രിക്ക് ഗോളുകൾ കണ്ടപ്പോൾ ലോകക്കപ്പിൽ ഞാൻ നേരിട്ടുകണ്ടതും, അല്ലാതെ ടെലിവിഷൻ "റീപ്ലേക"ളിൽ കണ്ടതുമായ ഹാട്രിക്ക് ഗോളുകളുടെ ചരിത്ര നിമിഷങ്ങൾ എന്റെ ഓർമ്മയിൽ തിളങ്ങിവന്നു ; ലോകകപ്പ് ചരിത്രത്തിലെ സുന്ദര നിമിഷങ്ങൾ!

ലോകകപ്പ് ചരിത്രത്തിലെ ഹാറ്റ്ട്രിക്കുകൾക്ക് സുവർണ്ണജൂബിലി പതാകയാണ് ഷക്രിയുടെ ഹാറ്റ്ട്രിക്ക് എന്നും പെട്ടെന്ന് ഓർമ്മയിൽ തെളിഞ്ഞു! അമ്പതാമത്തെ ഹാറ്റ്ട്രിക്ക്!

1930 ൽ യുറുഗ്വെ ആതിഥേയത്വം വഹിച്ച ആദ്യലോകകപ്പിൽ തന്നെ ആദ്യ ഹാറ്റ്ട്രിക്കിന്റെ ആരവം കാണികൾക്ക് നൽകി കയ്യടി നേടിയത് യുനൈറ്റഡ് സ്റ്റേറ്റ്സിന്റെ ഫോർവേഡ് ബെർട് പാറ്റനൌഡേയാണ്. മൂന്നു ടീമുകൾ (പാരഗ്വെ, ബൽജിയം, യു.എസ്.എ.) അണിനിരന്ന പൂൾലീഗ് മത്സരത്തിൽ ബൽജിയത്തിനെതിരെയായിരുന്നു പാറ്റനൌഡേയുടെ മൂന്നു ഗോളുകൾ.

പാറ്റനൌഡേയുടെ ആദ്യഹാറ്റ്ട്രിക്കിന്നും ഷക്രിയുടെ അമ്പതാം ഹാറ്റ്ട്രിക്കിന്നും ഇടയിൽ ലോകകപ്പ് ഫുട്ബോളിൽ റിക്കാർഡായി നിൽക്കുന്ന മനോഹരമായ മറ്റ് നാല്പത്തിയെട്ട ഹാറ്റ്ട്രിക്കുകളിൽ ചിലവയുടെ ചരിത്ര പേജുകളും അപ്പോൾ ഓർമ്മയിൽ തെളിഞ്ഞു!



ക്സെർഡൻ ഷക്കീരിയുടെ(സ്വിറ്റ്സർലന്റ് -മദ്ധ്യത്തിൽ) ഹാറ്റ്ട്രിക്ക് ഗോൾ

ഒരു ലോകകപ്പിൽ ആദ്യമായി രണ്ടു ഹാറ്റ്ട്രിക്കുകൾ നേടിയ കളിക്കാരനാണ് ഹംഗറിയുടെ ചരിത്രം സൃഷ്ടിച്ച ഫോർവേഡ് സാന്റോർ കോക്ക്സിസ്. 1954 ലെ ലോകകപ്പിൽ ഹംഗറി ഒമ്പതു ഗോളുകൾക്ക്കൊറിയ റിപ്പബ്ലിക്കിനെ തോല്പിച്ചപ്പോൾ മൂന്നു ഗോളുകൾ കോക്ക്സിസിന്റെ വകയായിരുന്നു. പിന്നീട് അതേ ലോകകപ്പിൽ ഹംഗറി മൂന്നിന്നെതിരെ എട്ടു ഗോളകൾക്ക് ( 8–3 ന്ന്) പ. ജർമ്മനിയെ പരാജയപ്പെടുത്തിയപ്പോൾ കോക്ക്സിസ് ഹാറ്റ്ട്രിക്കടക്കം നാലു തവണ നെറ്റ് ചലിപ്പിച്ചു.

നാലു കൊല്ലങ്ങളുടെ ഇടവേളയിൽ രണ്ടു ഹാറ്റ്ട്രിക്കുകളാണ് അർജന്റീന താരം ഗാബ്രിയൽ ബാറ്റിസ്റ്റ്യൂട്ട ലോകകപ്പിൽ നേടിയത് – രണ്ടും ഒരേതിയ്യതികളിൽ! 1954 ജൂൺ 21 ന്ന് ഗ്രീസിന്നെതിരെ 4–0 ത്തിന്റെ വിജയം, 1958 ജൂൺ 21 ന്ന് ജമൈക്കക്കെതിരെ 5–0 വിജയം!

ലോകകപ്പ് ഫൈനലിൽ ഹാറ്റ്ട്രിക്ക് നേടിയ റിക്കാർഡ് ഒരു താരത്തിനു മാത്രം – ഇംഗ്ലണ്ടിന്റെ ഫോർവേഡ് ജിയോഫ് ഹേർസ്റ്റ്! ഇംഗ്ലണ്ട് ആതിഥേയത്വം നൽകിയ 1966 ലെ ലോകകപ്പിൽ ഫൈനലിൽ പ. ജർമ്മനിക്കെതിരെ ഇംഗ്ലണ്ടിന്റെ വിജയം 4–2 ന്ന്! ഹേർസ്റ്റിന്റെ വക മൂന്നു ഗോളുകൾ!

മൂന്ന് ഹെഡർ ഗോളുകളിൽകൂടി ഹാറ്റ്ട്രിക്ക് ചരിത്ര രേഖകളിൽ പ്രവേശിച്ചത് ലോകഫുട്ബോളിലെ ഹാറ്റ്ട്രിക്ക് വിദഗ്ദനെന്ന് പ്രശസ്തനായ മിറോസ്ലാവ് ക്ലോസെ! ലോകകപ്പ് ചരിത്രത്തിലെ ഏറ്റവും ഉയർന്ന (16) ഗോൾ നേട്ടക്കാരനായ ക്ലോസെ 2002 ലെ ലോകകപ്പിൽ ജർമ്മനി സൌദി അറേബിയയെ ഏകപക്ഷീയമായ എട്ടുഗോളുകൾക്ക് പരാജയപ്പെടുത്തിയപ്പോൾ മൂന്നു ഹെഡ്ഡറുകളിൽക്കൂടി ഹാറ്റ്ട്രിക്ക് നേടിയത് മീഡിയാ സീറ്റിലിരുന്ന് നേരിൽ കാണുവാൻ ഭാഗ്യമുണ്ടായ നിമിഷങ്ങളും രോമാഞ്ചം സൃഷ്ടിച്ചുകൊണ്ട് എന്റെ സ്മരണാമണ്ഡലത്തിൽ മിന്നിത്തിളങ്ങി.

1990 ൽ ചെക്കോസ്ലാവാക്കിയയുടെ തോമസ് സുഹ്റവി കോസ്റ്ററിക്കക്കെതിരെ ഹാറ്റ്ട്രിക്ക് നേടി ടീമിനെ 4–1 ന്റെ വിജയപീഠത്തിൽ എത്തിച്ചതും ചരിത്രത്താളുകളിൽ ഉണ്ട്.

ലോകകപ്പ്, ഫുട്ബോൾ ഇതിഹാസ താരം പെലെ 1958 ലെ ലോകകപ്പ് സെമി ഫൈനലിൽ ബ്രസീൽ 5 – 2 ന്ന് ഫ്രാൻസിനെ പരാജയപ്പെടുത്തിയപ്പോൾ മൂന്നു പ്രാവശ്യം നെറ്റ് ചലിപ്പിച്ചുകൊണ്ട് ലോകകപ്പ് ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ ഹാറ്റ്ട്രിക്ക് ജേതാവായി ഇന്നും ചരിത്രത്തിൽ ശോഭിക്കുന്നു – പെലെയുടെ അന്നത്തെ പ്രായം 17 വയസ്സു മാത്രം!

*

കഥ

# സ്നേഹത്തൂവൽ



ഇന്ദിര വിശ്വനാഥ് നെല്ലിക്കോട്



**കാ**ലങ്ങൾ കുറേ കടന്നുപോയെങ്കിലും അസമയത്തുള്ള പൂങ്കോഴിയുടെ കൂവൽ കേട്ടാൽ ഇന്ദുവിന് ഇന്നും അസ്വസ്ഥത അനുഭവപ്പെടും. മാത്രമല്ല സരോജേടത്തിയേയും പഴയകാല അനുഭവങ്ങളും ഓർമ്മയിലേയ്ക്ക് വരും. ആ സുന്ദരമായ ബാല്യകാലവും, ചങ്ങാത്തവും, ഗ്രാമ ഭംഗിയും, തോടും, തോട്ടിൻകരയിലെ സരോജേടത്തിയുടെ അരുമയായ ചാണകം മെഴുകിയ ഓലവീടും അവരുടെ സ്നേഹ പെരുമാറ്റവും എല്ലാം എന്നും കുളിർമ്മ തന്നെയാണ്.

സരോജേടത്തിയെ അയൽവാസികൾക്കെല്ലാം സ്നേഹമാണ്. അവിടെയെല്ലാം കടന്നു ചെന്ന് അപ്പോൾ എന്തു ജോലിയാണോ വീട്ടുകാർ ചെയ്യുന്നത് അതിൽ കയറി അങ്ങു സഹായിക്കും.

അരി ഇടിയ്ക്കുവാനും, നെല്ലു കുത്തുവാനും, പാത്രങ്ങൾ കഴുകുവാനും, അടിച്ചുവാരുവാനും എല്ലാം അവർ തയ്യാറാണ്. തടിച്ചുരുണ്ട് അധികം ഉയരമില്ലാത്ത പ്രകൃതമായതിനാൽ പാവാടയും ബ്ലൌസുമാണ് വേഷം. പാവാട അല്പം പൊന്തിച്ചുകുത്തി ഭൂമികുലുങ്ങുംപോലെ തോന്നിയ്ക്കുന്ന നടത്തമാണ്. നിനക്കൊരു കല്യാണം കഴിക്കേണ്ടേ എന്ന് മറ്റുള്ളവർ ചോദിച്ചാൽ മതിയായേ ജാനേടത്തിയുടേയും കുട്ടികളുടേയും കഷ്ടവും രോഗവും എല്ലാം കണ്ടു മടുത്തു. ഏട്ടനാണെങ്കിൽ എപ്പോഴെങ്കിലും ആണ് പണിക്കുപോകുന്നത്. അച്ഛൻ മറ്റുള്ളവരുടെ പറമ്പിൽ കിളച്ചും കാര്യസ്ഥ ജോലി ചെയ്തുമാണ് ഞങ്ങൾ ജീവിക്കുന്നത്. ഏടത്തിയ്ക്കാണെങ്കിൽ എന്നും ദീനം പിടിച്ച് കിടക്കാനേ നേരമുള്ളു. അമ്മയും ഞാനും വേണം അച്ഛനും അനിയനും വരുമ്പോഴേയ്ക്കും എല്ലാം പാകം ചെയ്യാൻ. എന്റെ അച്ഛനേയും, അമ്മയേയും, കോഴികളേയും, ആടിനേയും വിട്ട് എനിയ്ക്ക് എവിടേയ്ക്കും പോകേണ്ട. പിന്നെ നിങ്ങളെല്ലാവരും ഉണ്ടല്ലോ എനിയ്ക്ക്.

സരോജേടത്തി ജോലി ചെയ്യുന്നതിന്ന് പണമായി ഒന്നും വാങ്ങില്ല. ആ സമയം അവിടെനിന്ന് കൊടുക്കുന്ന ഭക്ഷണം കഴിയ്ക്കും. ഒരു ഓഹരി വീട്ടിലേയ്ക്ക് കൊണ്ടുപോകുകയും ചെയ്യും.

അവർ ധാരാളം സ്വത്തുള്ള ഒരാളുടെ പറമ്പിൽ വീട് കെട്ടി താമസിയ്ക്കുകയാണ്. ഏടത്തി അവിടെ മനോഹരമായ ഒരു പൂന്തോട്ടം ഉണ്ടാക്കിയിട്ടുണ്ട്. ആ തോട്ടത്തിൽ മഞ്ഞയും ഓറഞ്ചും നിറമുള്ള ചെണ്ടമല്ലി പൂക്കളാണ് നിറച്ചും. കൂടാതെ റോസ്, മുല്ല എന്നി ചെടികളും ഉണ്ട്. ആർക്കും ആവശ്യപ്പെടാൻ ഭയമാണ്. അത്ര കരുതലോടെ വളർത്തുന്ന ചെടികളാണ്.

ഇന്ദുവും സഹോദരങ്ങളും മഴക്കാലത്ത് തോട്ടിൽ കുളിയ്ക്കുവാൻ പോകും. സരോജേടത്തിയുടെ വീട്ടു മുറ്റത്തുകൂടി എളുപ്പത്തിൽ

പോകാം. ആ പൂക്കളിലേയ്ക്ക് നോക്കി ഒന്നു കിട്ടിയാലോ എന്ന് തോന്നും. ഇന്ദുവിനെ സ്നേഹമാണ്.

ഒരു ദിവസം ഒരു വലിയ പൂ പറിച്ച് ഇന്ദുവിന് കൊടുത്തുകൊണ്ടു പറഞ്ഞു. നിനക്കാശയുണ്ട്. ചോദിയ്ക്കാൻ മടിച്ചിട്ടാണ്. ഞാൻ ആർക്കും കൊടുക്കില്ല എന്ന് അറിയാലോ? ഇന്ദു ചിരിച്ച്കൊണ്ടു വാങ്ങിയപ്പോൾ കവിളിൽ വേദനിപ്പിയ്ക്കാതെ ഒരു നുള്ളു നുള്ളി.

ഇന്ദുവിന്റെ വീട്ടിലെ കുട്ടികളെല്ലാവരും സ്ക്കൂളിൽ പോകുന്നവരാണ്. പുലർച്ചെ തന്നെ ഭക്ഷണം തയ്യാറാക്കുവാൻ തുടങ്ങും. ഓട്ടിൻപുറത്തു നിന്ന് പുക ഉയരുമ്പോൾ സരോജേടത്തി ഒരു പൊളി ചകിരിയുമായി വേലിയ്ക്കൽ വരും. അതുവാങ്ങി കനലിട്ടുകൊടുക്കൽ ഇന്ദുവിന്റെ ജോലിയാണ്. ഇല്ലാഞ്ഞിട്ടല്ല. ഒരു തീപ്പെട്ടികൊള്ളി കത്തിക്കുക എന്നത് അവർക്ക് അത്ര മടിയാണ്. ഇങ്ങനെ അടുപ്പിൽ തീ പിടിപ്പിക്കുന്നതാണ് അവർക്കിഷ്ടം.

മാളികപ്പുരയിൽ താമസിയ്ക്കുന്ന ഇന്ദു കവുങ്ങിൻ തോപ്പിനിടയിലുള്ള ആ ഓലപ്പുരയെ വല്ലാതെ ഇഷ്ടപ്പെട്ടു. മുളയുടെ അലകും , മെടഞ്ഞ ഓലയും കൊണ്ടാണ് മുറികൾ വേർതിരിച്ചത്. സരോജേടത്തിയോടും വീടിനോടും പറഞ്ഞറിയിക്കാൻ പറ്റാത്ത ഒരടുപ്പം മനസ്സിൽ തിങ്ങിനിറയാറുണ്ട്. തോട്ടിലേയ്ക്ക് പോകുമ്പോൾ അല്പനേരം ആ കോലായുടെ അറ്റത്ത് ഇട്ടു തരുന്ന പലകയിൽ അല്പനേരം ഇരിയ്ക്കാറുണ്ട്. സരോജേടത്തി നിർബന്ധിച്ച് കട്ടൻ കാപ്പിയും, മധുരകിഴങ്ങും കഴിപ്പിയ്ക്കും. അതുകൊണ്ട് കഴിയുന്നതും പിന്നീട് ഇരിക്കാതെ പോകും. മുറ്റത്തുനിന്ന് എന്തെങ്കിലും ചോദിക്കുന്നതിന്നുത്തരം പറഞ്ഞ് തോട്ടിലേയ്ക്ക് പോകും. ഒരു ദിവസം സരോജേടത്തി വീട്ടിൽ വന്നില്ലെങ്കിലും കാണാതിരുന്നാലും ഇന്ദുവിന്ന് അസ്വസ്ഥതയാണ്. വീട്ടുകാരും ഇന്ന് അവളെ കണ്ടില്ലല്ലോ എന്നു പറയും.

ഒരു ദിവസം രാവിലെ ചകിരി പൊളിയുമായി വന്ന് വിളിച്ചില്ല. തന്റെ ജോലി ഇന്നു നടന്നില്ലല്ലോ എന്ന് ഇന്ദുവും ചിന്തിച്ചു. ഉച്ചയ്ക്കുശേഷം വീട്ടിൽ വന്നു. എന്തേ ഇന്ന് തീയ്ക്ക് വന്നില്ല എന്ന് എളേമ ചോദിച്ചു.

വിരുന്നുകാർ പോയോ എന്നാണവർ ചോദിച്ചത്.

വിരുന്നുകാരോ? ഇവിടെ ആരും വന്നില്ലല്ലോ?

ഞാൻ വേലിയ്ക്കൽ വന്നപ്പോൾ മട്ടുപ്പാവിൽ ഒരു കുട്ടിയേയും ഒക്കത്തുവെച്ച് ഒരു സുന്ദരിയായ സ്ത്രീയെ കണ്ടല്ലോ. അവർ ചിരിയ്ക്കുകയും ചെയ്തു. അതുകൊണ്ടാണ് ഞാൻ ഇന്ദുവിനെ വിളിയ്ക്കാതെ തിരിച്ചു പോയത്.

നീയെന്താണ് സരോജം പറയുന്നത് ഇവിടെ ആരും വന്നില്ല. നീ സ്വപ്നം കണ്ടതാണോ? എളേമ ചോദിച്ചു.

നിങ്ങളെന്താണ് പറയുന്നത്? ഞാൻ അവരോട് ചിരിച്ചിട്ടാണ് തിരിച്ചു പോയത്. സരോജേടത്തി ചിരിച്ചു.

വീട്ടിൽ ഇത് ഒരു സംസാര വിഷയമായി. കേട്ടുനിന്ന ഇന്ദുവിന്ന് തന്റെ മുകളിലെ മുറിയിലേക്ക് പോകുവാൻ ഭയമായി. ചില്ലറ പ്രേത കഥകളൊക്കെ ആ വീട്ടിൽ സംസാരവിഷയമാണ്.

ഒരു തലവേദന ചിലപ്പോഴെല്ലാം സരോജേടത്തിയെ അലട്ടാറുണ്ട്. സ്വയം ചികിത്സയാണ്. ആട്ടിൻ ചോര കുടിയ്ക്കലും, ആട്ടിൻതല കൊണ്ടുവന്ന് വരട്ടി തിന്നലും ഒക്കെയാണ്. പുലർച്ചെ പോയി സ്വയം വാങ്ങികൊണ്ടുവന്ന് പാകപ്പെടുത്തും എന്നാണ് പറയുന്നത്.

ഒരു ദിവസം രാവിലെ 7 മണിയാകുമ്പോൾ വീട്ടിലേയ്ക്ക് ഒരു കൂട്ട നിലവിളി കേട്ടു.വീട്ടുകാരും, കുട്ടികളും എല്ലാം കാര്യമറിയാതെ പുറത്തേക്കോടി. വയലിന്റെ അടുത്തുള്ള മണ്ണിട്ടറോഡിൽ കൂടി മഞ്ഞിനെ കീറിമുറിച്ചുകൊണ്ട് ഒരു കാർ ഇഴഞ്ഞുനീങ്ങി വരുന്നു. ആ കാർ തോട്ടിന്റെ അടുത്ത് വന്നു നിന്നു. ഇന്ദുവിന്റെ വീട്ടുകാർ കുട്ടികളേയും മറ്റും വീട്ടിലേക്ക് തന്നെ ഓടിച്ചു. ആ കാറിൽ നിന്ന് വെള്ള പുതപ്പിച്ച ശവശരീരം പുറത്തേയ്ക്കെടുത്തു. അത് സരോജേടത്തിയുടേതായിരുന്നു. എന്താണ് പറ്റിയത്? എല്ലാവരും തമ്മിൽ തമ്മിൽ നോക്കി സ്തംഭിച്ചു നിന്നു. ആ സമയത്ത് ഏടത്തിയുടെ പ്രിയപ്പെട്ട ആ വലിയ പൂവൻകോഴി മൺ തിട്ടയിൽ കയറി ചിറകടിച്ച് ഉറക്കെ കൂവി. എല്ലാവരേയും അറിയിക്കാനാണോ എന്നു തോന്നി ഇന്ദുവിന്റെ മനസ്സിൽ പതിയുകയും ചെയ്തു. ആ കൂവൽ ഇന്ദുവിനെ പിടിച്ചുലച്ചു. അവൾ കരഞ്ഞ് അമ്മയുടെ അടുക്കലേയ്ക്കോടി.

തലേന്ന് പല്ല് വേദന അനുഭവപ്പെട്ടപ്പോൾ ആരോടും പറയാതെ പല്ല് പൊരിയ്ക്കാൻ ആസ്പത്രിയിൽ പോയതാണെന്നും, പല്ല് പൊരിച്ചപ്പോൾ രക്തം നിന്നില്ലെന്നും, ബക്കറ്റ് വെച്ച് കൊടുത്തതാണെന്നും അറിഞ്ഞു. ഇന്നത്തെപോലെ ആധുനിക സജ്ജീകരണങ്ങളും, മരുന്നുകളും ഇല്ലാത്തതിനാൽ മരണവും സംഭവിച്ചു. അങ്ങനെ ആ സ്നേഹത്തൂവൽ കൊഴിഞ്ഞു വീണു.

പിന്നെ ആ വീട്ടിൽ ഭ്രാന്തൻ നിമിഷങ്ങളായിരുന്നു. പ്രിയപ്പെട്ട മകളുടെ വേർപാട് സഹിയ്ക്കാനാവാതെ അച്ഛൻ തളർന്നു വീണു. അമ്മ ബോധരഹിതയായി. അച്ഛനെ എല്ലാവരും സാന്ത്വനപ്പെടുത്തുമ്പോൾ അയാൾ ഇറയിൽനിന്ന് കൊടുവാൾ എടുത്ത് പുറത്തയ്ക്കോടി തോട്ടം നശിപ്പിച്ചു. പിന്നീട് അയാൾ ആ പൂക്കളെ കൊണ്ട് എന്റെ മകൾക്ക് മാല ഉണ്ടാക്കി ഇടീക്കണം എന്നായി. എല്ലാവരും സമ്മതിച്ചു. വന്ന വർതന്നെ പൂക്കളെടുത്ത് മാല ഉണ്ടാക്കി അണിയിച്ചു. ആ തോട്ടത്തിൽതന്നെ ശവസംസ്ക്കാരവും നടന്നു.

പിന്നീട് ഇന്ദുവും സഹോദരങ്ങളും ആ വീട്ടിലേയ്ക്ക് പോയിട്ടില്ല. തോട്ടിലേയ്ക്ക് പോയിട്ടില്ല. വീട്ടിന്റെ അടുത്തുകൂടിയുള്ള വഴിയിൽകൂടി നടന്നിട്ടില്ല. കുറച്ചു ദിവസങ്ങൾക്കു ശേഷം ആ കുടുംബം വേർപിരിഞ്ഞ് എവിടേയ്ക്കോ പോയി എന്നാണറിയുവാൻ സാധിച്ചത്. അറം പറ്റിയ പോലെ കുടുംബസ്വത്ത് ഓഹരി വെച്ചപ്പോൾ ഇന്ദുവിന്നും, സഹോദരങ്ങൾക്കും ഓലവീടും സ്ഥലവും വാങ്ങുവാനുള്ള വിധിയാണുണ്ടായത്.

*



എല്ലാവിധ ഇൻഡസ്ട്രിയൽ ജോലികൾക്കും സമീപിക്കുക

# ശാരദ

## ഇൻഡസ്ട്രിയൽസ്

**കാളൂർറോഡ്, മാങ്കാവ്** (P.O),

**കോഴിക്കോട് - 673 007**

Mob: 9846412070



## സി.എം.എസ്. ഗ്ലാസ്സ്, പ്ലൈവുഡ് & ഫർണിച്ചർ

**അപർണ്ണ സെന്റർ, കോവൂർ, കോഴിക്കോട്, ഫോൺ: 0495 2353022**





ഗ്ലാസ്സ്, പ്ലൈവുഡ്, ഫർണീച്ചർ, ഫൈബർ ഡോർ, ഹാർഡ് വേർ, കിച്ചൻ ക്യാബിനറ്റ്

അക്വേറിയം, ഗ്ലാസ്സ് ബെന്റിങ്ങ്, കളറിംഗ്, ബവലിംഗ്, എച്ചിംങ് വർക്സ്

Mob: സി.എം. സുന്ദരൻ - 9388412430



സി.എം.എസ്. ഗ്ലാസ്സ്, പ്ലൈവുഡ് & ഫർണീച്ചർ, പൊറ്റമ്മൽ - ഫോൺ: 6069956

ചികിത്സക്കും ആയുർവ്വേദ ഔഷധങ്ങൾക്കും

## KODAPPALLY AYURVEDA PHARMACY



29/1552 A2, KOTTOOLI CENTERE

KOZHIKODE - 16

Agency : KACOPS, KOTTOOLI



എം.കെ. രവീന്ദ്രൻ വൈദ്യർ കൊടാപ്പള്ള്




**Mob: 9747868041**

# PHOENIX ARTS

C. Ratnakaran
Kaloor Road,
Calicut- 673 007
Mob: 8129802214







സി.കെ. രാഘവൻ

# ഗാന്ധിജി

മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടത്തിയ സ്വാതന്ത്ര്യ സമരഫലമായി നമുക്ക് 1947 ആഗസ്റ്റ് 15ന് ബ്രിട്ടീഷ്കാരിൽ നിന്ന് സ്വാതന്ത്ര്യം ലഭിച്ചു. നാം ഇന്നനുഭവിക്കുന്ന വ്യക്തി സ്വാതന്ത്ര്യവും മറ്റു ഗുണഫലങ്ങളും അനുഭവിക്കുന്നത് ആ മഹാനുഭാവന്റെ ത്യാഗപൂർണ്ണമായ നേതൃത്വ മേന്മ കൊണ്ടാണ്. അതുവരെ നടന്ന സ്വാതന്ത്ര്യ സമരങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായിട്ടാണ് ഇന്ത്യൻ സ്വാതന്ത്ര്യസമരം ഗാന്ധിജി നയിച്ചത്.

പുരാതനകാലം മുതൽക്കുതന്നെ ദുർബലരായ രാജ്യങ്ങളെ ശക്തികൂടിയ രാജ്യങ്ങൾ കീഴിലാക്കിയ ചരിത്രം നമുക്ക് എത്ര വേണമെങ്കിലും കാണാവുന്നതാണ്. ഒരു രാജ്യത്തെ കീഴടക്കുവാനും, വിമോചിപ്പിക്കുവാനും ആയുധ ശക്തി അനിവാര്യമാണെന്നും ചരിത്രം വിശദമാക്കുന്നു. എന്നാൽ ഇന്ത്യൻ സ്വാതന്ത്ര്യലബ്ധിക്കുശേഷം, ആയുധ ശക്തി അശേഷം ഇല്ലാതെ തന്നെ, ഏറ്റവും വലിയ സൈനിക ശക്തിയെ അഹിംസാത്മകമായ സമരരീതിയിൽ പരാജയപ്പെടുത്താമെന്ന് ഗാന്ധിജി ലോകത്തിന് കാണിച്ചുകൊടുത്തു.

സാധാരണക്കാർക്ക് മനസ്സിലാക്കാൻ കഴിയാത്ത യാഥാർത്ഥ്യം കണ്ടുപിടിക്കുന്നവരാണല്ലോ ശാസ്ത്രജ്ഞൻമാർ – ആധുനിക കാലഘട്ടത്തിലെ ഏറ്റവും പ്രതിഭാശാലിയും പ്രശസ്തനുമായ ആൽബർട്ട് ഐൻസ്റ്റൈൻ ഗാന്ധിജിയെപ്പറ്റി ഇപ്രകായമാണ് പറഞ്ഞത്: "ഇങ്ങനെ ഒരു മഹാൻ ഈ ഭൂമിയിൽ ജീവിച്ചിരുന്നോ എന്ന് കുറെകാലം കഴിയുമ്പോൾ ആളുകൾ സംശയിക്കും." ഐസ്റ്റൈനെപ്പോലും അത്ഭുതപ്പെടുത്തിയ ത്യാഗസുരഭിലമായ ഒരു കർമ്മമാണ് ഗാന്ധിജിയുടെ ജീവിതം. പൂർണ്ണമായും സഹജീവികൾക്ക് വേണ്ടിയായിരുന്നു അദ്ദേഹം തന്റെ ജീവിതം ഉഴിഞ്ഞുവെച്ചിരുന്നത്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം അധികാരത്തിന്റെ പിന്നാലെ പോകാൻ ഗാന്ധിജി ഒരിക്കലും ശ്രമിച്ചിട്ടില്ലെന്നും നമുക്കറിയാവുന്ന കാര്യമാണല്ലോ? വേണമെങ്കിൽ സ്വതന്ത്ര ഇന്ത്യയിലെ ഏതു ഉന്നത പദവിയിലും ഗാന്ധിജിക്ക് ഇരിക്കാമായിരുന്നു.

സ്വാതന്ത്ര്യത്തിന്റെ ഗുണഫലങ്ങൾ സാധാരണജനങ്ങളേക്കാൾ ഏറ്റവും കൂടുതൽ അനുഭവിക്കുന്ന ചിലർ ഗാന്ധിജിയെപ്പറ്റി പലകുറ്റങ്ങളും കുറവുകളും പ്രചരിപ്പിക്കുന്നതായി നാം കാണുന്നു. ഗാന്ധിജി ജീവിച്ചിരിക്കുന്ന സമയത്ത് ആരും കാണാത്ത ചിലകുറ്റങ്ങളാണ്



ഇവർ ഇപ്പോൾ ഗാന്ധിജിയുടെ മേൽ ചാർത്തുന്നത്. ഈ കുറ്റപ്പെടുത്തലുകൾക്ക് ഒരു പൊതു സ്വഭാവമുണ്ട്. അത് ഇതാണ്. "പൂരം കണ്ടവർ പറയണ്ട, പൂരത്തെപ്പറ്റികേട്ട ഞങ്ങൾ പറയട്ടെ." ഇത്തരം ദോഷൈകദൃക്ക്കളെപ്പറ്റി സഹതപിക്കുകയേ നമുക്ക് മാർഗ്ഗമുള്ളൂ.

*

കഥ

# അക്ഷരാർത്ഥം



മഞ്ചേരി ബാലചന്ദ്രൻ

ആ വലിയ സ്ഥാപനത്തിലേക്ക് കസ്റ്റമറേയും കൊണ്ട് ചെന്നപ്പോൾ അയാളുടെ മനസ്സിൽ അൽപ്പം വേവലാതി ഉയർന്നു. എന്തെന്നാൽ ആദ്യമായി അഡ്വൈസറായി രംഗപ്രവേശനം ചെയ്തിട്ട് കസ്റ്റമറേയും കൂട്ടി ഏരിയാ മാനേജരുടെ അടുത്തേക്ക് പോവുകയാണ്. വിശദമായി ബിസിനസ്സ് കാര്യങ്ങൾ മനസ്സിലാക്കുവാൻ വേണ്ടി.

ആദ്യത്തെ കച്ചവടം അത് ഏരിയാ മാനേജരുടെ അഭിമുഖത്തിലൂടെ തന്നെയാവട്ടെ! എന്നാൽ എ.എം.ന് സന്തോഷമാകും.

അഡ്വൈസർ നേരത്തെ തീരുമാനിച്ചതാണ്. കസ്റ്റമറുടെ സംശയങ്ങൾ മാനേജർക്ക് പരിഹരിക്കാൻ കഴിയും. താനാണെങ്കിൽ കച്ചവട രംഗത്ത് പുതുമുഖവും അഡ്വൈസർ സ്വയം ചിന്തിച്ചു. എ.എം.ന്റെ കീഴിൽ ബിസിനസ്സ് മാനേജർമാരും അഡ്വൈസറുമാണ് സ്ഥാപനത്തിന്റെ ആണി വേരുകൾ.

ജില്ലാ ആസ്ഥാനത്തിലേക്കുള്ള റോഡിന്റെ വളവിലാണ് വെള്ള പെയിന്റിൽ നീല നിറത്തിലുള്ള ആ ബോർഡ്- ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ്. ഇൻഷൂറൻസ് നിയമത്തിന്റേയും 1956 ലെ കമ്പനി നിയമപ്രകാരവും സ്ഥാപിതമായ ധനകാര്യ സ്ഥാപനം തൊട്ടടുത്ത മറ്റ് സ്ഥാപനങ്ങക്ക് മീതെ തലയുയർത്തി നിൽക്കുന്ന കാഴ്ച പല സ്ഥാപനത്തിന്റെ ഉടമകൾക്കും അസൂയയാണ് ഉള്ളിലുളവാക്കാറുള്ളത്. കാരണം സ്ഥാപനം തുടങ്ങിയ കാലത്ത് പട്ടണത്തിൽ അത്തരം ഓഫീസുകൾ കിട്ടാൻപ്രയാസമായിരുന്നു. ഭീമമായ വാടക സമീപത്തുള്ള ഓഫിസുകൾക്ക് താങ്ങാൻ കഴിയില്ല.

ഫീൽഡിലിറങ്ങി കസ്റ്റമറെ കാണാൻ ചെന്നപ്പോൾ പലരിൽ നിന്നും അനുകൂല പ്രതികരണം ലഭിച്ചില്ല. പല കസ്റ്റമേഴ്സും അവരുടെ വിഷമങ്ങൾ പറയുകയായിരുന്നു ചിലർ ചേരാമെന്നു പറഞ്ഞു. ചിലർ ചെക്ക് തരാമെന്ന് വാഗ്ദാനം ചെയ്തു. അടുത്ത തിയ്യതി തീർച്ചപ്പെടുത്തി വരാൻ സൗകര്യമായിരിക്കുമെന്ന് കസ്റ്റമറുടെ ഉറപ്പുകൾ. പറഞ്ഞ ദിവസം ചെല്ലുമ്പോൾ നേരത്തെ പറഞ്ഞ കാര്യങ്ങൾക്ക് വിപരീതമായി അവരിൽ പലതും സംസാരിക്കുകയായിരുന്നു.


പുതിയ കസ്റ്റമറെ കൂട്ടി അഡ്വൈസർ ഓഫീസിന്റെ കോണിപ്പണികൾ കയറി മുകളിൽ സെക്യൂരിറ്റിയുടെ മുന്നിലെ ബുക്കിൽ പേരെഴുതി ഒപ്പിട്ട് ഏരിയാ മാനേജരുടെ കാബിനിലേക്ക് നടന്നു.

ഹലോ ബാലേട്ടൻ. എല്ലാവരും അഡ്വൈസർ ബാലനെ ബാലേട്ടൻ എന്നാണ് വിളിക്കാറുള്ളത്.

എരിയാ മാനേജർ സ്വാഗതം ചെയ്തു.

സാർ, ഒരു കസ്റ്റമറെ പരിചയപ്പെടുത്തുകയാണ്. അഡ്വൈസർ പറഞ്ഞു.

ഏരിയാ മാനേജർ അശോക് കുമാർ രണ്ട് പേരോടും മുന്നിലെ കസേരയിൽ ഇരിക്കാൻ പറഞ്ഞു. അദ്ദേഹത്തിന്റെ എളിയ സ്വരത്തിൽ പുതിയ ബന്ധങ്ങളുടെ തുടക്കം. ഭാവിയുടെ പ്രകാശ കിരണങ്ങൾ. ഏരിയാ മാനേജരുടെ ഭാഷയിൽ "സ്ഥാപനത്തിന് കച്ചവടം".



മാനേജരുടെ കീഴിലാണ് അഡ്വൈസർ ബാലേട്ടൻ ജോലി ചെയ്യുന്നത്. സജിയുടെ വാചാലതയിൽ പല കസ്റ്റമേഴ്സും സ്വന്തം ജീവിത കഥകൾ മറന്നിട്ടുണ്ട്. ഒരു യഥാർത്ഥ മാനേജർക്ക് വേണ്ട യോഗ്യത അദ്ദേഹത്തിന്റെ സംസാരത്തിൽ ഒളിഞ്ഞിരിക്കുന്നു.

ഏരിയാ മാനേജർ സജിയെ വിളിച്ചു.

അൽപ്പസമയത്തിനുള്ളിൽ മാനേജർ സജി ഏരിയാ മാനേജരുടെ കാബിനിലേക്കു വന്നു. പുതിയ കസ്റ്റമറേയും അഡ്വൈസറേയും കണ്ട നിമിഷത്തിൽ ഏരിയാ മാനേജർ അഭിമുഖം തുടങ്ങിയിരിക്കുന്നു. സജി മാനേജർ ഒന്നു രണ്ടു നിമിഷം മൗനത പൂണ്ടു.

മിസ്റ്റർ സജി, ഇദ്ദേഹം വിജയൻ സാർ.

മാനേജർ സജി അപ്പോഴേക്കും അപേക്ഷഫോറത്തിൽ കസ്റ്റമറുടെ

വിവരങ്ങൾ പൂരിപ്പിച്ചു. ഫോട്ടോയും പാൻ കാർഡിന്റെ കോപ്പിയും വാങ്ങി അപേക്ഷയിൽ കസ്റ്റമർ വിജയൻ ഒപ്പിട്ടു. തുടർന്ന് അഞ്ച് വർഷത്തെ പ്ലാനിൽ ആദ്യത്തെ ചെക്ക് 50,000/- രൂപക്ക് എഴുതി കൊടുത്തു.

പേപ്പർ വർക്ക് കഴിഞ്ഞപ്പോൾ മാനേജർ സജി അഡ്വൈസറോട് പറഞ്ഞു

ഗുഡ് അറ്റംമ്റ്റ് ബാലേട്ടൻ.

താങ്ക് യു സാർ. ബാലേട്ടൻ മറുപടി പറഞ്ഞു.

കസ്റ്റമർ വിജയനും അഡ്വൈസർ ബാലേട്ടനും സജിയുടെ കാബിനിൽ നിന്ന് പുറത്തേക്കിറങ്ങി.

അഞ്ചു വർഷങ്ങൾക്കു മുന്നേ ബിസിനസ്സ് മാനേജർ സജിയുടെ കീഴിൽ ജോലിക്ക് ചേർന്ന മാനേജരാണ് ഇന്ദു. സജിയുടെ വാചാലതയിലും സംസാര ശൈലിയിലും ഇന്ദു പലപ്പോഴും ഭയപ്പെട്ടിരുന്നു. എങ്ങിനെ കസ്റ്റമേഴ്സിനെ സ്വീകരിക്കും? ഏതു വിധത്തിൽ ബിസിനസ്സ് കാര്യങ്ങൾ കൺവിൻസ് ചെയ്യും? കസ്റ്റമർ ദേഷ്യപ്പെട്ട് തിരിച്ചു പോയാലോ? ബിസിനസ്സ് കിട്ടാതെ വന്നാൽ.......

പല വിധത്തിലുള്ള ചോദ്യങ്ങൾ, സംശയങ്ങൾ. മറുപടിയില്ലാതെ അനന്തമായി നീണ്ടുപോയി. കച്ചവടം ചെയ്താലേ മെച്ചമുണ്ടാവുകയുള്ളൂ എന്ന് ഏരിയാ മാനേജരുടെ തുടരെ തുടരെയുള്ള ഉപദേശത്തിൽ ഒരു വലിയ സത്യം അടങ്ങിയിരിക്കുന്നു.

കമ്പനിയുടെ പുരോഗതി അപ്രകാരമായിരിക്കും.

ഇന്ദുവിന്റെ പഴയ രണ്ട് കസ്റ്റമേഴ്സ് തുടർച്ചയായി പോളിസി പുതുക്കാത്തതിനാൽ വീഴ്ച സംഭവിച്ചിരുന്നു. അത്തരം വീഴ്ചകൾ ഒരു പരിധിവരെ കമ്പനിയുടെ നിയമത്തിന് വിധേയമായി നേരത്തെ പരിഹരിച്ചിരുന്നു. തൽക്കാലം വീഴ്ചയിൽ നിന്ന് ആ രണ്ട് കസ്റ്റമേഴ്സിനേയും രക്ഷപ്പെടുത്തി ഹസ്ക്കർ, മോഹൻ, പത്മിനി, അബൂബക്കർ എന്നവരിൽ നിന്ന് മോശപ്പെട്ട അനുഭവങ്ങൾ ഉണ്ടായിരുന്നു. ചില കസ്റ്റമേഴ്സ് നിബന്ധനകൾ പാലിക്കാൻ ഉദാസീനത കാണിച്ചതിനാൽ പലപ്പോഴും ഇന്ദുവിന് ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്.

എല്ലാ ക്ലയന്റ് സിനോടും 80.സി ഇൻകംടാക്സ് ആനുകൂല്യവും മുഴുവൻ ഇൻഷൂറൻസ് കവറേജും ബോണസ് ആനുകൂല്യവും വിശദീകരിച്ച് കൊടുത്തിരുന്നു. കസ്റ്റമേഴ്സ് ആ കാര്യത്തിൽ സ്വയം തൃപ്തിയാവുന്നതോടെ പോളിസി ഫലപ്രദമാവും.

അഞ്ചുവർഷത്തെ കാലാവധിയിൽ ചേർന്ന അബുവിന്റെ കാര്യത്തിൽ ഇന്ദുവിന് മനസ്സിൽ ഭയമുണ്ട്. അയാളോട് വീഴ്ച വന്ന കാലത്തെ സംഖ്യ കമ്പനിയിൽ അടച്ച് പുതുക്കാൻ പറഞ്ഞിട്ടും കസ്റ്റമർ ഗൗനിച്ചില്ല. എന്തെങ്കിലും സംഭവിച്ചാൽ ആർക്കാണ് നഷ്ടം? അത്തരം സംഭവങ്ങൾ ഇന്ദുവിന്റെ മനസ്സിൽ പലപ്പോഴും ചിന്തകൾക്ക് തീതമായിരുന്നു.

ഒരു പ്രാവശ്യം ഓഫീസിൽ അബു വന്നു.

സാറേ, ഞാൻ അടച്ച പണം തിരിച്ചു തന്നാൽ മതി, ഇനി അടക്കാൻ എനിക്ക് കഴിയില്ല.

കഷ്ടപ്പാടിന്റെ നൊമ്പരങ്ങൾ

ഇതെന്താ ഇങ്ങിനെ തോന്നാൻ- ഇന്ദുവിന്റെ മറുപടി.

ഗൾഫിലുള്ളപ്പോൾ ഞാൻ ചേർന്നതാണ്. ഇപ്പോൾ ഗൽഫിൽ ജോലി കാര്യത്തിൽ പല പ്രശ്നങ്ങളുമുണ്ട്. വിദേശികൾക്ക് അവിടത്തെ നിയമം പല ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നു.

അബുവിന്റെ മുഖത്തേക്ക് ഇന്ദു നോക്കി. ആ സ്വരത്തിൽ എന്തോ നഷ്ടപ്പെട്ട പ്രതീതി. പലപ്പോഴും ദുഃഖഭാവമെന്തന്നറിയാത്ത അബുവിന് ഇപ്പോൾ നിസ്സഹായാവസ്ഥയാണ്. ഒരിക്കലും പ്രവാസികളെ പറ്റി വേവലാതിപ്പെടേണ്ടിയിരുന്നില്ല. എന്നാൽകാലം മാറ്റങ്ങൾക്ക് വിധേയമായപ്പോൾ പലതും സംഭവിക്കുന്നു. നിതാഖത്ത് നടപ്പിലായതോടെ സൗദി അറേബ്യയിലെ വിദേശികൾ രക്ഷപ്പെടാൻ വഴി തേടുകയായിരുന്നു.

അബുവിനും നഷ്ടപ്പെട്ട ലോകത്തെക്കുറിച്ച് ചിന്തിക്കേണ്ടി വന്നു. സമ്പാദ്യമെന്ന ചിന്ത നേരത്തെ മനസ്സിലുണ്ടായിരുന്നില്ല.

അന്നത്തെ അപകടം ഒരിക്കലും ഓർക്കാൻ കഴിയുന്നില്ല. വീട്ടിലേക്ക് സാധനങ്ങൾ വാങ്ങാൻ തിരക്കുള്ള പട്ടണത്തിലേക്ക് അബു വരികയായിരുന്നു. പെട്ടെന്ന് റോഡ് വിലങ്ങു മുറിച്ച്, സീബ്രാലൈൻ നോക്കാതെ കടക്കുമ്പോൾ എതിരെ വന്ന ലോറി അബുവിനെ തട്ടിത്തെറിപ്പിച്ചു. അബു അറിയാതെ റോഡിൽ തെറിച്ചു വീണു. തുടർന്ന് ജനങ്ങൾ അവിടെ കൂടി, ആശുപത്രയിലേക്ക് ഓട്ടോ വിളിച്ച് കൊണ്ടുപോയി. ബോധം തെളിഞ്ഞപ്പോൾ ഗവൺമെന്റ് ആശുപത്രിയിലെ കട്ടിലിൽ കിടക്കുകയാണ്. ഇടതു കാലിന്റെ എല്ല് പൊട്ടി പ്ലാസ്റ്റർ ഇട്ടിരുന്നു. കിടക്കക്കരികെ കെട്ടിയോൾ നസീബ, തൊട്ടടുത്ത് പ്രായം ചെന്ന ബാപ്പയും ഉമ്മയും. മറ്റു രോഗികൾ അപ്പുറത്തെ കട്ടിലുകളിൽ.

ഇന്ദുവിനെ കാണാനായി അബു ആവശ്യപ്പെട്ട പ്രകാരം അവർ ആശുപത്രിയിലെത്തി. ഇന്ദുവിനെ കണ്ട മാത്രയിൽ അബുവിന്റെ കണ്ണു നിറഞ്ഞു. ദുഃഖം കടിച്ചമർത്തി ഇന്ദു എന്തോ പറയാനായി അബുവിന്റെ മുഖത്തേക്ക് നോക്കി.

ഇൻഷൂറൻസ് കിട്ടുമോ സാർ,

ഇന്ദു നിസ്സഹായത പറയാനാണ് ആശുപത്രിയിൽ വന്നത്.

അപകടം നടന്ന വിവരമറിഞ്ഞ് കമ്പനിയുടെ ഹെഡ് ഓഫീസിലേക്ക് വിളിച്ചു ചോദിച്ചിരുന്നു. അവരുടെ മറുപടി പ്രതികൂലമായിരുന്നു. പോളിസി വീഴ്ച വന്നിട്ട് വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. യഥാസമയം പോളിസി പുതുക്കാത്ത കാരണത്താൽ നഷ്ടപരിഹാരം ലഭിക്കുകയില്ല. നിലവിലുള്ള നിയമം നഷ്ടപരിഹാരം നൽകാൻ അനുവദിക്കുന്നില്ല.

ഇന്ദു ഒന്നും പറയാതെ നിന്നപ്പോൾ അബുവിന്റെ ചോദ്യം.

മാഡം എന്താ ഒന്നും പറയാത്തത്?

ഒന്നും പറയാനില്ല അബു.

കമ്പനി ഇൻഷൂറൻസ് സംഖ്യ തരില്ലേ?

എന്തു മറുപടി അബുവിന് കൊടുക്കണമെന്ന് ഇന്ദു വിഷമിച്ചു.

യഥാസമയം പോളിസി പുതുക്കാത്ത പലരിൽ ഒരാളാണ് അബു. പലപ്പോഴും വീഴ്ച വരാതിരിക്കാൻ പല കസ്റ്റമേഴ്സിനോടും കാര്യങ്ങൾ നേരത്തെ പറഞ്ഞു കൊടുത്തിരുന്നു. അബുവിനും ആ വിവരങ്ങൾ അറിവുള്ളതാണ്. എന്നിട്ടും ഒന്നും അറിയാത്ത പോലെ അബുവിന്റെ ചോദ്യം ഉത്തരം കിട്ടാതെ കിടക്കുകയാണ്.

അബുവിന്റെ അസുഖം വേഗം മാറട്ടെ.

ഇത്രയും പറഞ്ഞ് കട്ടിലിന്റെ അരികിൽനിന്ന് ഇന്ദു തലതാഴ്ത്തി മുറിയുടെ പുറത്തേക്ക് കടന്നു.

ആശുപത്രിയിലെ മരുന്നിന്റെ ഗന്ധം അപ്പോഴും കാറ്റിൽ ഒഴുകി നടന്നിരുന്നു.

*

ഓം നമഃശിവായ

ദിനേശ് കെ.ടി Mob : 9946309061

**നീലഗിരി പൂജാ സ്റ്റോർ**

**ദേരാബസാർ**

**തളിറോഡ്, കോഴിക്കോട് - 2 ഫോൺ: 0495 2702176**

എല്ലാ പൂജാസാധനങ്ങളും ഇവിടെ കിട്ടും

**India's No - 1**
**AKHAYA WATER PROOFING**

29/ 851, Kottooli, Mavoor Road, Kozhikode - 673016
Mob : P.P. Pradeep - 9447312616, 9037940457
Email : aakshayawaterproof@gmail.com

ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം
ഗ്യാരണ്ടിയോടുകൂടി ചെയ്തുകൊടുക്കുന്നു.

**ന്യൂകാലിക്കറ്റ് ഓട്ടോ മൊബൈൽ**
**വർക്ക് ഷോപ്പ്**

മൂരിയാട് റോഡ്, പുതിയപാലം, കോഴിക്കോട്

കാർ സ്പ്രേപെയിന്റിങ്ങ്, ബോഡി വർക്സ്,
എഞ്ചിനീയറിംഗ് വർക്ക്സ്
ഫോൺ: മണി 9846386998

**GLAMOUR**
**GENTS WEAR**

Naluparambil Complex, Mankave, Calicut - 7
9847756569

Pants, Jeans, Shirt, T-Shirts etc...

**വിനായക**

**വെജിറ്റേറിയൻ റെസ്റ്റോറന്റ് & കൂൾബാർ**

ശ്രീ വളയനാട് ക്ഷേത്രം കിഴക്കേനട,
കോഴിക്കോട്
ഫോൺ: പപ്പൻ - 9400741434

**CRAFT "N" STYLE**
Wood Designers
Manalody Compound, Mankave, Calicut - 7

**CRAFT "N" STYLE**
Tool Grinding Centere, Kallai Road, Calicut - 3
Mob: A.K. AJAYAN
Email: ajayanwok06@gmail.com 9526368402, 9539691872

**Sree Lakshmi Enterprises**

24/1410-D,Thalikulangara,Mankave,
Calicut - 673 007, Ph :Off : 9847140046
Mob: Ramesh 9847005566

Dealers in
Johnson & Johnson, PEDI GREE (Dog & Cat Food)

**Highness Cool**

Refrigeration & Air Conditioning

Near Post Office, Mankave, Calicut - 7
(Service for A/C, Fridge
Washig Machine, Spray Painting etc.)
Mob : 9349810003

**MANAMKULAM**
**TIMBERS**

Chalappuram P.O., Calicut 673 002, Kerala

**Whole Sale And Retail Dealer of All Types of Timber logs & Sizes, Nilotika Sizes Available**

Ph: Abdul Nazer - 9847010745
Mohemed Faizel - 9847133878

**MANAMKULAM**
**ENTERPRISES**

**Chalappuram P.O., Calicut 673 002, Kerala**
**Ph: Off : 2302884, Res:2301916, Mohammed Ashraf : 9847755130**
**WHOLE SALE DEALER OF ANCHOR PLYWOOD**
**Dealers: Plywoods, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc...**

**P.V. ENTERPRISES**
**DEALERS IN ELECTRICAL & PLUMBING MATERIALS**

17/1894/A6, Abba Arcade,
East Kottaparamba,
G.H. Road, Kozhikode - 1
Ph : 0495 4025101, 3042762, 9387338100


**രുചികരമായ ഭക്ഷണ പദാർത്ഥങ്ങൾക്ക്**

**ടി.പി. ടീ സ്റ്റാൾ**

കുറ്റിയിൽതാഴം,
കോഴിക്കോട്

മനോജ് 9847915793

കഥ



ടി.പി. ശിവദാസൻ നെന്മാറ

# നീർപ്പളുങ്കുകൾ

ആ ബസ്റ്റോപ്പിൽവച്ച് തികച്ചും അവിചാരിതവും ആകാംക്ഷഭരിതവുമായ ഒരു കണ്ടുമുട്ടലായിരുന്നു അയാളുടേയും, ആ പെൺകുട്ടിയുടേയും!

അവരിരുവരുടേയും ആദ്യമായുണ്ടായ അഭിമുഖവീക്ഷണത്തിനനുയോജ്യമാംവിധം മാസ്മരികത്തികവും ദൃശ്യമായിരുന്നു!

"എന്തൊരു മുഖതേജസ്സ്! അതിനൊത്തിണങ്ങിയ ശരീരഭംഗിയും! പുള്ളിക്കാരനെ എന്റെ ജീവിതത്തിൽ എങ്ങനെയെങ്കിലും സ്വന്തമാക്കാൻ കഴിഞ്ഞെങ്കിൽ"

അവൾ ആ പരിസരത്ത് മറ്റാരുടേയും ശ്രദ്ധയിൽപ്പെടാത്തവിധം അയാളെ വീക്ഷിച്ചുകൊണ്ട് ഇങ്ങനെ മനസ്സിലോർത്തു.

"നല്ല ഐശ്വര്യമുള്ള തങ്കക്കുടം പോലൊരു പെൺകിടാവ്! ഇവൾ നല്ലൊരു തറവാട്ടിൽ പിറന്നതായിരിക്കണം! അക്കാര്യത്തിൽ ഒട്ടുംതന്നെ സംശയിക്കേണ്ടതില്ല! എന്റെ പൊന്നു മോൻ വിനയന് ഇവൾ എന്തുകൊണ്ടും നന്നായി ച്ചേരും! ഈശ്വര കടാക്ഷംകൊണ്ട് എന്റെ ഭാവി മരുമകളായി ഇവളെ എനിക്കു നേടാൻ കഴിഞ്ഞെങ്കിൽ? ഇതിൽപരമായൊരു സുകൃതമുണ്ടോയെന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു.

അയാളുടെ ചിന്തക്കു ചിറകുമുളച്ച് അതെത്രയോ യോജനമായി വളർന്നുവന്നു. അധികം താമസിയാതെ അവരെ സംബന്ധിച്ചിടത്തോളം അജ്ഞാതമായ വ്യത്യസ്തഭാവി പ്രതീക്ഷകളെ തൽക്കാലത്തേക്കൊരു ചോദ്യചിഹ്നത്തിൽ കോർത്തിണക്കിക്കൊണ്ട് ബസ്സുകൾ അവിടെ യെത്തിച്ചേർന്നു.

അയാൾ കിഴക്കാട്ടും അവൾ പടിഞ്ഞാറോട്ടുമുള്ള യാത്രാലക്ഷ്യത്തോടെ ചവിട്ടുപടിയിൽ തിക്കിത്തിരക്കിയും കാലുകൾ ശരിയാംവണ്ണം നിലത്തുറയ്ക്കാതേയും ബസ്സിന്റെ സൈഡുകമ്പിയിലും പിടിച്ചുകൊണ്ടുള്ള യാത്രകളിലൂടെ ഇമവെട്ടാതെ, പരസ്പരം വെളിയിലേക്കു നോക്കികൊണ്ടു നിമിഷങ്ങൾ തള്ളിനീക്കി. അവരേയും പേറികൊണ്ട് രണ്ടു വശങ്ങളിലേക്കായി ആ ബസ്സുകൾ അകലുമ്പോൾ തങ്ങളുടെ സ്വപ്നങ്ങൾ പൂവണിയാനുള്ള അങ്ങേയറ്റത്തെ ആഗ്രഹത്തിൽ നിലയുറച്ചുപോവുകയായിരുന്നു, അവരിരുവരും!

അടുത്തദിവസത്തെ പ്രഭാതം പൊട്ടിവിടർന്നത് രണ്ടു ദുരന്ത വൃത്താന്തങ്ങളോടെയായിരുന്നു! അതിന്റെ വ്യാഖ്യാനമെന്ന നിലയിൽ ഉതിർന്ന അക്ഷരശകലങ്ങൾ പത്രവാർത്തയായി തെളിഞ്ഞത് ഇപ്രകാരവും.

രണ്ടിടത്ത് അപകടം

തിക്കും തിരക്കുംമൂലം ബസ്സിനകത്തേക്ക് കയറിപ്പറ്റാൻ കഴിയാതെ ഫുട്ബോർഡിൽ നിന്നു യാത്രചെയ്യേണ്ടിവന്ന ശശിലേഖ(19 വയസ്സ്) എന്ന പെൺകുട്ടി യാത്രക്കിടെ ഇലട്രിക്ക്പോസ്റ്റിൽ തലയിടിച്ചും മറ്റൊരിടത്ത് യാത്ര സുരക്ഷിതമാക്കാനുള്ള വെപ്രാളത്തിൽ യാത്രക്കാർ തിങ്ങിയ ബസ്സിനകത്തേക്കു തള്ളിക്കയറാൻ ശ്രമിക്കവെ അബദ്ധവശാൽ ഒന്നിനുപിറകേയൊന്നായി ഇരുകൈകളും നിമിഷങ്ങളുടെ വ്യത്യാസത്തിൽ സൈഡുകമ്പിയിൽനിന്നും പിടിവിട്ട് ബസ്സിനടിയിലേക്ക് തെറിച്ചുവീണ യാത്രക്കാരനും അതിദാരുണമാംവിധം കൊല്ലപ്പെട്ടു.

ആ ഹതഭാഗ്യർ മറ്റാരുമായിരുന്നില്ല!

ബസ്റ്റോപ്പിൽവച്ചു ആദ്യമായും അവസാനമായും കണ്ടുമുട്ടിയ പെൺകുട്ടിയും, അന്ത്യനിമിഷംവരേയും മറ്റുള്ളവരുടെ കാഴ്ചപ്പാടിൽ യുവത്വത്തിന്റെ ഒളി തെല്ലുപോലും മങ്ങാതിരുന്ന മദ്ധ്യ




വയസ്ക്കനുമായിരുന്നു!

വിധിവശാൽ അവരിരുവരും നയിച്ച സമദൂരയാത്ര അവരെ അനന്തതയിലേക്കെത്തിക്കുകയായിരുന്നു!

*

ലേഖനം

# ആവലാതികളുടെ ഭാണ്ഡക്കെട്ട്



അശോകൻ മല്ലിശ്ശേരി

**വ**ർഷങ്ങൾക്കുമുമ്പെ പട്ടിണി പരവശതയിൽ മുങ്ങിത്താഴ്ന്ന ജനങ്ങളുടെ കാലങ്ങളെ കോലങ്ങളെ ഓർക്കാതിരിക്കാൻ പറ്റുമോ.....?

ആഴ്ചയിൽ റേഷൻ ഷാപ്പിൽനിന്നുള്ള റേഷൻ വാങ്ങിക്കാൻപോലും പണമില്ലാത്ത കാലഘട്ടങ്ങളിലൂടെ കടന്നുവന്ന ചിലർ മെല്ലെമെല്ലെ പഴയതൊക്കെ മറക്കുന്നു. ബുദ്ധിമുട്ടുകളുടെ നീർച്ചുഴിയിലകപ്പെട്ട അനുഭവങ്ങളുടെ കാലയളവിൽപോലും സവർണ്ണരൊഴിച്ചുള്ള ബാക്കിയെല്ലാവിഭാഗങ്ങളും വല്ലപ്പോഴുമാണ് അവരവരുടെ കുലദൈവങ്ങളെ ആരാധിച്ചിരുന്നത്. അതിനുള്ള പ്രധാനകാരണം അയിത്തജാതികാർക്ക് ക്ഷേത്ര പ്രവേശന വിലക്ക്തന്നെ. സവർണ്ണരുടെ വീടിന്റെ നേർവഴിപോലും മറ്റുവിഭാഗങ്ങളെ നടക്കാൻ സമ്മതിക്കാതിരുന്നതിന്നെതിരായ് ഉയർന്നുവന്ന ജനകീയമുന്നേറ്റത്തിൽ സവർണ്ണരുടെ ഇടയിൽ നിന്നുള്ളവരും പങ്കുചേർന്നു. അതെന്തുകൊണ്ടായിരുന്ന. തിരിച്ചറിവായിരുന്നു അത്. ഒരു മനുഷ്യൻ കടന്നു വരുമ്പോൾ വേറൊരു മനുഷ്യൻ ദൂരെ മാറി നിൽക്കുന്നവസ്ഥ. അവരുടെ അനുഭവങ്ങൾ പുതുതലമുറയോട് പറയുമ്പോൾ കൗതുകത്തോടേയും വിശ്വസിക്കാൻ പ്രയാസത്തോടെയുമായിരിക്കും ഇപ്പോഴത്തെ മക്കൾ നോക്കികാണുക.

സ്വാതന്ത്ര്യസമരകാലത്തേയും സ്വാതന്ത്ര്യാനന്തര പൂർവ്വകാലത്തേയും ചരിത്രത്തെ ഓർമ്മിക്കുമ്പോൾ നവോത്ഥാന പ്രസ്ഥാനങ്ങളുടെ ചുവടുവെപ്പുകൾ അതിശക്തമായ് ചരിത്രത്തിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. ക്ഷേത്ര പ്രവേശന വിലക്കിനും തൊട്ടുകൂടായ്മക്കും തീണ്ടിക്കൂടായ്മക്കും എതിരെയുള്ള വിപ്ലവ പ്രവർ ത്തനം പുരോഗമന പ്രസ്ഥാനങ്ങൾ എഴുത്തുകാർ കലാകാരന്മാർ ബുദ്ധിജീവികൾ ഏറ്റെടുത്തതിന്റെ ഫലമാണ് കേരളത്തിലെ ഇപ്പോഴത്തെ ഭേദപ്പെട്ട മാറ്റങ്ങൾ. എന്നാലിപ്പോൾ നല്ലൊരു വിഭാഗം വിദ്യാർത്ഥികൾ ചരിത്രമില്ലാത്ത പ്രൊഷണൽ വിദ്യാഭ്യാസത്തിലേയ്ക്ക് കടക്കുമ്പോൾ ചരിത്രത്തെ മറന്നുപോകുന്നു. അവർക്ക് പെട്ടെന്ന് രാജ്യത്തുണ്ടാകുന്ന പ്രശ്നങ്ങളോട് ഇടപെടാൻ ബുദ്ധിമുട്ടുണ്ടാകുന്നു. യുവതലമുറയാണ് നാടിന്റെ ഭാവിയുടെ സമ്പത്തെന്ന് പറഞ്ഞ് ജീവിക്കാനും പഠിക്കാനും പോരാടി വാങ്ങിയ സാമൂഹികമാറ്റങ്ങൾക്ക് നവശക്തികളായ് നിന്ന് മൺമറഞ്ഞ നവോത്ഥാന നായകന്മാരുടെ ചാരിതാർത്ഥ ചരിത്ര സ്മരണകളെ മറക്കാതിരിക്കുക.



പണ്ട് നമ്മൾ അനുഭവിച്ചറിഞ്ഞ പ്രശ്നങ്ങൾ മറ്റിതര സംസ്ഥാനങ്ങളിൽ ഇന്നും നിലകൊള്ളുന്നുണ്ടെന്ന് പറയുമ്പോൾ മറ്റുള്ളവർക്ക് വിശ്വസിക്കാൻ പ്രയാസമാകുന്നത് സ്വന്തം അനുഭവത്തിൽ ഇന്ന് നിലനിൽക്കുന്നില്ലാത്തതുകൊണ്ടായിരിക്കും. എന്നാൽ മറ്റു സംസ്ഥാനങ്ങളെ യാഥാർ ത്ഥ്യത്തോടെ വിലയിരുത്തുകയോ അവിടെ പോകുകയോ ഇപ്പോൾ ജോലി ചെയ്യുകയോ ജോലി ചെയ്തിരുന്നവർക്കോ സംശയമില്ലാത്ത സത്യമാണെന്ന് മനസ്സിലാക്കുകയും ചെയ്യും. ഇവിടെ സംഭവിക്കുന്നത് ശാസ്ത്രീയ മാറ്റങ്ങളെ ഉൾകൊള്ളാതെ ബഹുമാനിക്കേണ്ട പുരാണകഥകളിലെ കഥാപാത്രങ്ങളെ ഓരോ ജാതിക്കാരും വീതംവെക്കുമ്പോൾ കഥാപാത്രങ്ങൾക്കനുസൃതമായ വിവേചനങ്ങൾ കീഴ്ജാതിക്കാർക്കനുഭവപ്പെടുന്നു; അത് വിദ്യാഭ്യാസത്തിലും വസ്ത്രത്തിലും ഭക്ഷണത്തിലും വരെ എത്തിനിൽക്കുന്നു. ഇവിടെ മനുഷ്യൻ മനുഷ്യനെ തിരിച്ചറിയാൻപറ്റാത്ത യാഥാസ്ഥിതികനാകുന്നു. തളികയിൽ ഭസ്മവും ചന്ദനത്തിരിയും കർപ്പൂരവും കത്തിച്ച് അലയുന്ന ഭക്തവേഷക്കാരുടെ എണ്ണം കൂടിവരുന്നു. പള്ളിമുറ്റത്തും ദേവാലയങ്ങളിലുമെത്തുന്ന യാതനാനുഭവസ്ഥരുടെ എണ്ണവും ക്രമാതീതം വർദ്ധിച്ചു വരുന്നു. റെയിൽവേ സ്റ്റേഷനുകളുടെ ചുറ്റുപാടുകളിൽ പ്ലാസ്റ്റിക്ക് ഷീറ്റുകൊണ്ട് മറച്ച് അതിനുള്ളിൽ വർഷങ്ങളായി തള്ളിനീക്കുന്ന ജീവനുകൾ നമ്മുടെ സോദരന്മാർ അവരുടെ ഭക്ഷണത്തിനായുള്ള കണ്ടെത്തലുകളും ശേഖരിക്കുന്നതും സമൂഹത്തെ ഞെട്ടിപ്പിക്കുന്നതാണ്. അവരോടൊത്ത് കുറച്ച് നിമിഷമെങ്കിലും കാര്യങ്ങൾ ഗ്രഹിച്ചറിഞ്ഞാൽ ആരും അസ്വസ്ഥനാകും. കോഴിപീടികകളിലേയ്ക്കെത്തുന്ന കോഴികളിൽ ചത്തതുമുതൽ; സാക്ഷരതയില്ലെന്ന് തോന്നും വിധം സംസ്ക്കാരശൂന്യമായ് വലിച്ചെറിയുന്ന ഗൃഹ - ഹോട്ടൽ - ബേക്കറി അവശിഷ്ടങ്ങളും, പരിസ

രത്തുള്ള എച്ചിലുകൾ വരെ തീനികളിലേയ്ക്കെത്തി ഇവരം മക്കളും ഭക്ഷിക്കുന്നു. രാജ്യത്ത് ഒരുനേരം പാഴാക്കുന്ന ഭക്ഷണം എത്രയുണ്ടാകുമെന്ന് ചിന്തിക്കാം നമുക്ക്. വിവാഹ സൽക്കാരങ്ങളിലും ഹോട്ടലുകളിലും ബാക്കിവരുന്ന ഭക്ഷണം എത്രവിലപ്പെട്ടതാണെന്നത് അവരവരോർക്കുക.

ആവലാതികളുടെ ഭാണ്ഡക്കെട്ടുമായി റോഡിൽ കേബിൾ കിളക്കാർ പണിയെടുക്കുന്നതിൽ ഭൂരിഭാഗവും താഴെത്തട്ടിലുള്ളവരാണ്. അവരിൽ ഗർഭിണികളും പ്രസവം കഴിഞ്ഞ് നാളുകളായവരും ഉൾപ്പെടുന്നു. മറുവശത്ത് ഒരു വിഭാഗങ്ങൾക്ക് വർഷത്തോളം ശമ്പളത്തോടെ ലീവു കിട്ടുന്നു.എന്തൊരു വിവേചനം. കുറച്ചു ദിവസംമുമ്പെ സിറ്റിയിൽനിന്നും കുറച്ചുദൂരെയുള്ള യാത്രയിൽ കണ്ടത് കള്ളിമുണ്ട്കൊണ്ട് തൊട്ടിലാക്കി കാട്ട് വള്ളിയിൽ തൂക്കിക്കെട്ടി പിഞ്ചുകുഞ്ഞിനെ കിടത്തി രക്ഷിതാക്കൾക്ക് പണിയെടുക്കേണ്ട നിസ്സഹായവസ്ഥ.കുറച്ചു നേരം നോക്കിനിന്നതിന്നു ശേഷം പരിസരത്ത് നായ്ക്കളും ഇഴജന്തുക്കളും അന്യമല്ലെന്ന് അവരുടെ ഭാഷയിൽ ഓർമ്മിപ്പിച്ചു നടന്നുപോകേണ്ടതായി വന്ന അവസ്ഥ. എന്നാലപ്പോൾ ഓർമ്മയിലെത്തിയത് പണ്ടത്തെ കേരളത്തിൽ നാടുവാഴിത്ത ജന്മിത്വ ഭൂപ്രഭുക്കന്മാരുടെപാടത്ത് കർഷകകീഴ്ത്തട്ടുകാർ പണിയെടുക്കുമ്പോൾ കുഞ്ഞുങ്ങളെ കിടത്തിയിരുന്നത് കുഴിയിലാണെന്ന് വായിച്ചിട്ടുണ്ട്. ഇവിടെ കാലങ്ങളുടെ വ്യത്യാസം അറ്റം കാണാത്ത ഇന്നത്തെ കോടീശ്വരന്മാരുടെ വർഷാന്തടെർണോവറിന്റേതാണെന്ന് മാത്രം.

കേരളത്തിൽ ആരും ഗൗരവമായി എടുക്കാത്ത മാറ്റങ്ങൾ ചെറുപ്പക്കാരിലേയ്ക്കെത്തുന്നു. സംസ്കൃതി സംസ്ക്കാരം നവഭാവന ഭാഷാസൗന്ദര്യം ഇതൊന്നും അവരുടെ അജണ്ടയിലില്ലെന്ന യുവാക്കളിൽ ചിലരുടെ ഭാവങ്ങൾ. സുഹൃത്തിന്റെ ദുരനുഭവ വാക്കുകൾ കേട്ട് ഏറെ വിഷമം തോന്നി. മദ്ധ്യപ്രായം കഴിഞ്ഞ ആ സുഹൃത്ത് സ്ക്കൂട്ടർ യാത്രക്കിടയിൽ പാതയോരത്ത് സ്പീഡ് കുറച്ചപ്പോൾ പിന്നിൽ ബൈക്കിൽ വന്ന മകനോളം പ്രായം വരുന്ന രണ്ടു ചെറുപ്പക്കാർ ചോദിച്ചത് ''എന്താ നായിന്റെമോനെ അങ്ങോട്ടും ഇങ്ങോട്ടും നോക്കി വണ്ടി ഓടിക്കുന്നത്'' ഒറ്റവാക്കിൽ പറഞ്ഞ് അവർ മിന്നൽ വേഗത്തിൽ വണ്ടിയോടിച്ചു പോകുകയും ചെയ്തു. ഇവിടെ എന്താണ് സംഭവിച്ചത്. വിദ്യാഭ്യാസക്കുറവോ സാക്ഷരതയില്ലായ്മയോ അല്ല, വിവേകകുറവിൽ നവചേതനകളിൽ മുളച്ചുവരുന്ന ആരേയും കൂസാത്ത ഭാവം അല്ലെങ്കിൽ ആരോടുമുള്ള ബഹുമാനക്കുറവ് ആയിരുന്നു. സമൂഹത്തിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ.

മറ്റൊരു സ്നേഹിതന്റെ വാക്കുകൾ; - മകൻ തൊട്ടടുത്ത കടയിൽ ബൈക്കിൽപോയി തക്കാളി വാങ്ങി വന്നിട്ട് അതിൽ മൂന്നെണ്ണം കേടായതു കണ്ട് തമാശയ്ക്കായിരുന്നെങ്കിലും മോനോടു ചോദിച്ചു; "നീ എന്ത് ബിരുദാനന്തരബിരുദധാരിയാണെടാ...? ഒരു കടേന്ന് തക്കാളി പോലും വാങ്ങിക്കാനറിഞ്ഞുകൂടേ-?'' പക്ഷേ മോന പ്പോൾത്തന്നെ മറുപടികൊടുത്തു.

''ഞാൻ ചെയ്യുന്നതൊക്കെ അച്ഛന് ചെയ്യാൻ പറ്റുമോ-?"

സുഹൃത്ത് അപ്പോൾത്തന്നെ അതിന്നും മറുപടികൊടുത്തു;

''നിന്റെ പഠിത്തത്തിനുമാത്രമാണ് ഞാൻ ആദ്യം ഊന്നൽ നൽകിയിരുന്നത്. അത് കഴിഞ്ഞ് ജോലിയിലേക്കും. അതിനാൽ തെറ്റുകാരൻ നിന്റെ അച്ഛനാണെന്നും സമൂഹത്തിലെ സാമാന്യ തിരിച്ചറിവുകൾ, ഇടപെടലുകളിൽകൂടി ഒത്തുവന്നാലെ ജീവിതം പൂർണ്ണമാവുകയെന്നും അല്ലെങ്കിൽ ഭാവിവധു പോലും കളിയാക്കുമെന്നു'' മകനോടു സൂചിപ്പിച്ചപ്പോഴും ആ സുഹൃത്തിന്റെ മനസ്സിൽ കുറ്റക്കാരൻ മകനല്ല അച്ഛൻ തന്നയാണെന്നായിരുന്നു.

മുമ്പെ നമ്മൾ സ്നേഹിച്ചിരുന്ന നാടൻ വാക്കുകളൊക്കെ അന്യമായിരിക്കുന്നു. വായ്മൊഴിയായ കുത്തലും ചേറലും തിരുമ്പലും അരയ്ക്കലും തേച്ച് കുളിയ്ക്കലും മുറ്റം അടിയ്ക്കലും വയസ്സായ അമ്മമാരുടെ നാവിൻതുമ്പിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. ഒന്നു ചിരിക്കാൻ പോലും ആർക്കും സമയമില്ല. എല്ലാവർക്കും തിരക്ക്. മൊബൈൽ പ്രളയം കൂടി വന്നതോടുകൂടി ഒത്തുകൂടലും സ്നേഹം പറച്ചിലും അതിനുള്ളിലായി. മെല്ലെ മെല്ലെ നമ്മൾ ചെയ്യുന്നതെന്താണെന്ന് നമുക്കുത്തന്നെ അറിയാതെയായി. ഏതു റോഡിന്റെ വക്കിലും മൂലയിലും വലിച്ചെറിയുന്ന ഉഛിഷ്ഠം അവശിഷ്ടങ്ങൾ അവനവന്റിടം മാത്രം



ശുദ്ധിയെന്ന ചിന്ത പൊതുസ്ഥലങ്ങളെ നശിപ്പിക്കുന്നതിനു വഴി വെക്കുന്നു. വായു, വെള്ളം, ഭക്ഷണം, മരുന്നിലെല്ലാം മായം കലർന്നിരിക്കുന്നു. ഇലക്ട്രോണിക്ക് സാധനങ്ങളുടെ മയക്കത്തിൽ മനുഷ്യർ മടിയന്മാരായിരിക്കുന്നു. ഇവിടെ വായനശാല കലാസമിതികളുടെ ബലക്കുറവ് സമൂഹം തിരിച്ചറിയേതുണ്ട്. കൊലക്കയറുമായി എഴുത്താണിയെ വരിഞ്ഞുമുറുക്കുമ്പോൾ എഴുത്തിനെ രക്ഷിക്കേണ്ടതും ചരിത്രം മറക്കാതിരിക്കലും വായനയെ സ്നേഹിക്കേണ്ടതും അത്യാവശ്യമാണെന്നത് ആരും മറന്നുപോകരുത്!

*

ലേഖനം

# തെക്കേപ്പുറത്തെ ശ്മശാനങ്ങൾ




സുലൈമാൻ കൊളപ്പുറത്ത്

മറ്റൊരു ദേശത്തും കാണാത്തത്ര വിശാലമാണ് ഈ ദേശത്തിന്റെ ശ്മശാന ഭൂമി. മുഖദാർ മുതൽ നൈനാംവളപ്പ് വരെ നീണ്ടു കിടക്കുന്ന ഖബർസ്ഥാൻ. മൂന്നു ഭാഗമായി കിടക്കുന്ന ഈ ശ്മശാനത്തിൽ 30 വർഷം കൂടുമ്പോഴാണ് ഓരോ ഭാഗത്തും കുഴിയെടുക്കാനുള്ള ഊഴം. പണ്ട് കോളറ ബാധിച്ച് അടിക്കടി മരണം സംഭവിച്ചപ്പോൾ മൃതദേഹം സംസ്ക്കരിക്കാനായി അമുസ്ലീങ്ങൾ അടക്കമുള്ള മനുഷ്യ സ്നേഹികൾ വിട്ടുകൊടുത്ത ഭൂമിയാണിത്. കണ്ണംപറമ്പ് എന്ന പേരിലാണ് ഈ ശ്മശാനം അറിയപ്പെടുന്നത്. കണ്ണൻ എന്നു പേരുള്ള ഓരാള് അദ്ദേഹത്തിന്റെ പറമ്പും കൊടുത്തിരുന്നത്രേ. അതുകൊണ്ടാണ് കണ്ണംപറമ്പ് എന്നു പേരുണ്ടായത് എന്നാണ് കേൾവി. ചുറ്റും പച്ച പിടിച്ചു കിടക്കുന്ന കരുനെച്ചിക്കാടുകളും വള്ളിപ്പടർപ്പുകളും എന്തിനോ വിരിഞ്ഞുനിൽക്കുന്ന പൂക്കളുമെല്ലാം ശ്മശാനത്തിന്റെ ഏകാന്തമായ അന്തരീക്ഷത്തിന് അനുകൂലമായ പ്രകൃതിയായിരുന്നു. മൃതദേഹങ്ങളെ ആശ്രയിച്ചു നിൽക്കുന്ന ഈ മണ്ണിലേക്ക് ദുഃഖം പ്രതിഫലിച്ചു നിൽക്കുന്ന മുഖങ്ങളുമായല്ലാതെ ആളുകൾ അങ്ങോട്ടു പ്രവേശിക്കാറില്ല. ചിറകറ്റ സ്വപ്നങ്ങൾക്ക് ഇനിയൊരിക്കലും ഉണരാതെ ഉറങ്ങുവാനുള്ള ഒരിടം. ഒരു മൃതദേഹം കൊണ്ടുവരുന്നതോടെ ഒരുപാടു പേരുടെ പാദശ്പർശമേൽക്കുകയും അല്ലെങ്കിൽ മൂകത മാത്രം മുറ്റിനിൽക്കുന്നതുമായ ഒരു മേഖല ഇവിടത്തെ സ്മശാനം തന്നെ. ഉയർന്ന മതിൽക്കെട്ടോ ഗേറ്റോ ഇല്ലാത്ത ശ്മശാനത്തിലേക്ക് തുറന്ന കാഴ്ചയാണ്. രാത്രി കാലങ്ങളിൽ അകത്തേക്കു നോക്കിയാൽ ഭയം തോന്നും, അവിടെ റൂഹാനി(മരിച്ചയാളുകളുടെ ആത്മാക്കൾ) ഉണ്ടാകുമെന്ന പ്രചാരണം ഉണ്ടായിരുന്നു. ശ്മശാനത്തിന്റെ നടുവിൽ ഒരു പള്ളിയുണ്ട്. ആ പള്ളിയിലെ ബാങ്കു വിളിയും ഇരുൾ മൂടിയ നേരം വരുമ്പോൾ അതിനോടൊപ്പം വേറെ ചില ശബ്ദങ്ങളും അന്തരീക്ഷത്തിൽ മുഴങ്ങാറുണ്ടായിരുന്നു. പരിസരവാസികൾ ആ ശബ്ദം കേൾക്കാൻ എന്നും നിർബന്ധിതരായിരുന്നു. ഖബർസ്ഥാനിലെ കാട്ടിനുള്ളിൽ വസിക്കുന്ന കുറുക്കന്മാരുടെ കൂകിവിളിയായിരുന്നു അത്. അർധരാത്രികളിലും ഇതുപോലുള്ള ചില ഒറ്റപ്പെട്ട ശബ്ദങ്ങൾ കേൾക്കാറുണ്ട്. അതിനു കാരണം മിണ്ടാപ്രാണികളുടെ കണ്ണിൽ പ്രേതപിശാചുക്കളെ കാണുന്നതു കൊണ്ടാണെന്നാണ് ചിലരുടെ വിശ്വാസം

ശ്മാശാനത്തിന്റെ അകത്തുകൂടി സീമന്ത രേഖ പോലയുള്ള ചില വഴികളുണ്ട്. വെളുത്ത പൂഴിമണലിലൂടെയുള്ള ആ വഴിയിലൂടെ പിൻ വശത്തേക്കു പോയാൽ കടൽത്തീരമാണ്. സ്മശാനത്തിന്റെ ഏകാന്ത മൂകതയെ തഴുകിയുണർത്തിക്കൊണ്ട് കടൽക്കാറ്റിന്റെ കുളിരാർദ്രമായ കൈകൾ ഇടയ്ക്കിടയ്ക്ക് അതിലൂടെ കടന്നുപോവാറുണ്ട്. പണ്ട് കടൽക്ഷോപം ഉണ്ടായിരുന്ന സമയത്തു ഖബറിൽവച്ച മൃതദേഹങ്ങൾ പുറത്തേക്ക് ഒഴുകിയിരുന്നുവത്രെ. ശ്മശാനത്തിന്റെ അകത്ത് ഒരോ പുര കെട്ടി വച്ചിട്ടുണ്ട്. ഓടുമേഞ്ഞ ആ പുരയുടെ അകത്തു സിമന്റു കൊണ്ടു നിർമ്മിച്ച ഒരു കൊട്ടിൽ കാണാം. ആസ്പത്രികളിൽനിന്നു കൊണ്ടുവരുന്ന അനാഥ ജഡങ്ങളെ കുളിപ്പിക്കാനും മറ്റു ശേഷക്രിയകൾ ചെയ്യുവാനുമാണ് ആ കൊട്ടിൽ. മോർച്ചറികളിൽ നിന്നു കൊണ്ടു വരുന്ന ചില വികൃതമായ ജഡങ്ങളേയും കാണാറുണ്ട്. സ്ത്രീകളുടെ ജഡമാവുമ്പോൾ ഈ പ്രദേശത്തെ ചില സ്ത്രീകൾ വന്നാണ് ക്രിയകൾ ചെയ്യാറ്. പള്ളിക്കമ്മറ്റിയാണ് ഇവരെ ഇതിനു ചുമതലപ്പെടുത്താറ്, ആസ്പത്രികളിലെ ജഡങ്ങൾ കൊണ്ടു വരുന്നത് ആംബുലൻസിലോ ഉന്തുവണ്ടിയിലോ (ശവ വണ്ടി) ആയിരിക്കും. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും ബീച്ച് ആശുപത്രിയിൽ നിന്നുമൊക്കെയാണ് ഇത്തരം അനാഥ ജഡങ്ങൾ കൊണ്ടുവരാറ്. പായയിലോ ബ്ളീച്ച് ചെയ്യാത്ത കോറത്തുണിയിലോ കെട്ടിപ്പൊതിഞ്ഞു കൊണ്ടു വരുന്ന ആ അനാഥ ജഡം മരണത്തിനു ശേഷവും അനാഥത്വത്തിന്റെ ഒറ്റപ്പെടലിനു വിധേയമാവും. മറ്റുള്ളവരുടെ മൃതദേഹം എല്ലാ തരത്തിലുമുള്ള ആദരവിനും ബഹുമാനത്തിനും വിധേയമാവുമ്പോൾ അനാഥജഡത്തിന്റെ സ്ഥാനം ശ്മശാനത്തിന്റെ ഏതോ ഒഴിഞ്ഞ മൂലയിലായിരിക്കും. കാരമുള്ളും പൊന്തക്കാടും നിറഞ്ഞ ആ മൂലയിൽ മീസാൻ കല്ലോ മേൽവിലാസമോ പ്രതിഷ്ഠിക്കാറില്ല. അവിടെ പ്രാർത്ഥനകളാൽ ഉയരുന്ന കൈകൾ കാണാറില്ല. വേർപ്പാടിന്റെ വേദനയാൽ ഉറ്റിവീണ കണ്ണുനീർ തുള്ളികളാൽ അവിടത്തെ മണ്ണു നനയാറില്ല. ഏതോ ഉമ്മ പെറ്റ മനുഷ്യന്റെ ജഡം ശ്മശാന ജീവനക്കാർ ഒരു കൂലിവേലചെയ്യുന്ന ലാഘവത്തോടെയാണ് കുഴിയിൽ വെച്ചു മറയ്ക്കുന്നത്. ശേഷം ഒരു ബീഡിക്കു തീ കൊടുത്തുകൊണ്ട് അവർ അവരുടെ കുടുംബത്തിലേക്ക് തിരിക്കും.

ഈ ദേശത്തിന്റെ തെക്കേ അറ്റത്തു രണ്ടു ശ്മശാനങ്ങൾ കൂടി സ്ഥിതി ചെയ്യുന്നുണ്ട്. ഒന്ന് അഹമദീയാ മുസ്ലീംകളുടെ



നക്ഷത്രരാജ്യം മാസിക സാഹിത്യ അവാർഡ് ദാനത്തോടനുബന്ധിച്ച് കോഴിക്കോട് ടൗൺഹാളിൽ സംഘടിപ്പിച്ച പൊതുപരിപാടികളിൽ ബിസിനസ്സ് എച്ച്യുമെന്റ് അവാർഡിനർഹനായവരിൽ കോവൂർ നസീറ ഡ്രൈവിങ്ങ് സ്ക്കൂൾ ഓണറും മാനേജിങ്ങ് ഇൻസ്ട്രക്ടറുമായ കെ.കെ. ഹംസ അവാർഡ് ഏറ്റുവാങ്ങുന്നു

ഖബർസ്ഥാൻ. നിറഞ്ഞ വീടുകൾക്കിടയിൽ വേറിട്ടു നിൽക്കുന്ന ഈ ശ്മശാനം കാണുമ്പോൾ അതൊരു സാധാരണ പറമ്പാണെന്നേ തോന്നൂ. ഇവിടെ അഹമ ദീയാ മുസ്ലീംകൾ കുറവായതുകൊണ്ട് ഇങ്ങോട്ട് അടി ക്കടി മൃതദേഹങ്ങൾ കൊണ്ടുവരാറില്ല. മനുഷ്യരുടെ വിശ്വാസങ്ങൾ വിവിധമായതു കൊണ്ട് ബന്ധങ്ങൾക്കു വിലക്കും വേർപ്പെടുത്തലും ഉള്ളതുപോലെ തന്നെ മരണത്തിനു ശേഷം മണ്ണിനടിയിൽ വയ്ക്കുന്ന ജഡ ങ്ങൾക്കുമുണ്ടിവിടെ വിലക്കും വേർപ്പെടുത്തലും. ശ്മശാനങ്ങൾ അതിന്റെ പ്രതിബിംബങ്ങളാണല്ലോ.

## ചുടുകാട്

ഈ ദേശത്തിന്റെ തെക്കേയറ്റത്തു കല്ലായിപ്പുഴയും കടലും സംഗമിക്കുന്ന അഴിമുഖമാണ്. അഴിമുഖക്കെ ട്ടിന്റെ മുകളിലായി സ്ഥിതി ചെയ്യുന്നത് ഒരു ചുടുകാ ടാണ്. സ്വപ്നങ്ങൾ വിട്ടു പിരിയുമ്പോൾ അഗ്നിക്കു വിഴുങ്ങാനായി മാത്രം വയ്ക്കുന്ന മൃതദേഹങ്ങളേയും കാത്തു കിടക്കുന്ന പട്ടടപ്പറമ്പ്. കോഴിക്കോട്ടെ വലി യങ്ങാടിയുടേയും കൊപ്രബസാറിന്റേയും മറ്റും പരി സരങ്ങളിൽ താമസിക്കുന്ന ഗുജറാത്തി വിഭാഗക്കാ രുടെ ശ്മശാനമാണിത്. തെക്കേപ്പുറത്തിന്റെ ഭാഷയിൽ പറഞ്ഞാൽ സേട്ടുമാര്.

ഗുജറാത്തികൾ മരണമടഞ്ഞാൽ അവരുടെ മൃത ദേഹവുമായി പോകുന്ന വിലാപയാത്രയും മറ്റുള്ളവർ കൗതുകത്തോടെയാണു വീക്ഷിക്കാറ്. അന്തരീക്ഷ ത്തിൽ പുക പറത്തി ഒരാൾ ആദ്യം മുന്നിൽ നടന്നു പോകും. മുളയുടെ ഇളം തണ്ടുകൊണ്ടു നിർമ്മിച്ച മൂന്നു കോണുള്ള ഒരു സ്റ്റാൻഡ് തൂക്കിപ്പിടിച്ചാണു നടത്തം. ആ സ്റ്റാൻഡിൽ വച്ച ഒരു പുത്തൻ മൺചട്ടി യിൽ നിന്നാണു സാമ്പ്രാണി കത്തുന്ന പുക പറക്കു ന്നത്. അയാളെ കാണുമ്പോൾ ചില സ്ത്രീകൾ അന്യോന്യം വിളിച്ചു പറയും. "എടീ സൈനബി, ചേട്ടൂനെ ചുടാൻ കൊണ്ടേണടി" അപ്പോഴേക്കും റോഡിന്റെ ഇരുവശങ്ങളിലുമായി ധാരാളം പേർ കാഴ്ചക്കാരായി എത്തും. പിറകെ ശവമഞ്ചം ചുമന്നു കൊണ്ടോ മൃതദേഹം കിടത്തിയ വണ്ടി ഉരുട്ടി കൊണ്ടോ ആൾക്കൂട്ടം കടന്നുപോകും. നെഞ്ചിൽ വേർപ്പാടിന്റെ വ്യഥയും ചുണ്ടിൽ പ്രാർത്ഥന മന്ത്രവു മായി അഴിമുഖത്തെ ചുടല ലക്ഷ്യമാക്കി പോകുന്ന ആ വിലാപയാത്രക്കാരുടേയും അതു നോക്കിക്കാ ണുന്ന മറ്റുള്ളവരുടേയും പരസ്പരമുള്ള നോട്ടത്തിൽ മറ്റൊരു പശ്ചാത്തലം കൂടിയുണ്ട്. നമ്മുടെ ദൈവ ത്തിന് അവർ അന്യമാണെന്നുള്ള ഭാവങ്ങൾ സൃഷ്ടി ക്കുന്ന ഒരു പഞ്ചാത്തലം. ദേഹങ്ങൾ വളരെ അടുത്തു നിൽക്കുമ്പോഴും ഹൃദയങ്ങൾക്കു വല്ലാതെ അകൽച്ച. മനുഷ്യരെല്ലാം ഒരേ ദൈവത്തിന്റെ സൃഷ്ടികളാണെ ന്നു മതം ഉദ്ഘോഷിക്കുമ്പോഴും മരണത്തിനു ശേഷം പള്ളിക്കാടുകളും ചുടുകാടുകളും അവനെ രണ്ടായി തിരിക്കുന്നു. ഒരു വിഭാഗം അഗ്നിക്കു മുകളിൽ കരി ഞ്ഞടങ്ങുമ്പോൾ മറ്റൊരു വിഭാഗം മണ്ണിനടിയിൽ അലിഞ്ഞു ചേരുന്നു.

## മരണം ശോകസാന്ദ്രം

വേർപ്പാടിന്റെ വേദനകളെ പുറമേ പ്രകടിപ്പിക്കുന്ന തിന്റെ സൂചകമായി ഒരോ സമുദായത്തിനും വിവിധ തരത്തിലുള്ള മാധ്യമങ്ങളാണ് ഉപയോഗിക്കാറ്. ദുഃഖത്തിന്റെ അനുഭവമുണ്ടാക്കുന്നതിന്റെ ഭാഗമായി ചിലർ മ്യൂസിക് വായിക്കാറുണ്ട്. വേറെ ചിലർ ഇട യ്ക്കിടെ ബാന്റിൽ കൊട്ടി ഏകസ്വരം പുറപ്പെടുവിക്കാ റുണ്ട്. മറ്റു ചിലരാകട്ടെ വേദഗ്രന്ഥപാരായണവും. എന്നാൽ ഒരു കുഴൽ വിളിയിലൂടെ ഇത്രയേറെ ശോകാർദ്രവും വിഷാദസ്പർശവുമായ അനുഭവം സൃഷ്ടിക്കുന്ന മറ്റൊരു വിഭാഗവും ഇവിടെയുണ്ടായി രുന്നു. കുടിലിനുള്ളിൽ കിടത്തിയ മൃതദേഹത്തിനരി കിലിരുന്നുകൊണ്ട് കുഴൽ നാദം പുറപ്പെടുവിക്കുക എന്നത് അവരുടെ മരണാന്തര ചടങ്ങിന്റെ ഒരു ഭാഗമാ യിരുന്നു. ഉറ്റവരും ഉടയവരും എന്നേന്നേക്കുമായി വേർപിരിഞ്ഞതിന്റേയം തീരാത്ത നഷ്ടവിചാരത്തി ന്റേയും സർവ ചേരുവകളേയും പ്രതിനിധീകരിക്കുന്ന ഒരു നാദസ്വരമായിരുന്നു അത്. മൃതദേഹം കിടക്കുന്ന കുടിലിന്റെ പഞ്ചാത്തലത്തിന് ഏറ്റവും അനുയോജ്യ മായ ഈ പ്രതീകാത്മക സംഗീത ശൈലി ഇവർക്ക് എങ്ങനെ കിട്ടി?

## മരണം ആഘോഷമാക്കുന്നവർ

സുഖദുഃഖങ്ങളുടെ സമ്മിശ്രമായി ജീവിതത്തെ സ്വീകരിക്കുകയും മരണത്തെ പൂർണ്ണമായും ആഘോ ഷിക്കുകയും ചെയ്യുന്ന മറ്റൊരു ജനവിഭാഗം മനു ഷ്യർക്കിടയിലുണ്ട്. അത്തരം വിഭാഗത്തിൽപ്പെട്ട ചില കുടുംബങ്ങളും ഈ ദേശത്തിന്റെ പല ഭാഗങ്ങളിലും താമസിച്ചിരുന്നു. തമിഴും മലയാളവും സംസാരിക്കുന്ന ഒരു വിഭാഗം ക്ഷീരകർഷകർ. ഒരിക്കൽ ഇവരുടെ ഒരു കുടുംബാംഗം മരണപ്പെടുകയുണ്ടായി. അതു കാരണം മറ്റംഗങ്ങൾ പതിവിനു വിപരീതമായി കരച്ചിലും ബഹ ളവുമാണു പ്രകടിപ്പിച്ചിരുന്നത്. പരിസരവാസികൾ അവരെ സാന്ത്വനിപ്പിക്കാൻ ശ്രമിച്ചു. അവർ കരയാൻ കാരണം മരണം സംഭവിച്ചതുകൊണ്ടല്ല. മരണാനന്ത രമുള്ള ചടങ്ങുകൾ ചെയ്യാനുള്ള കാശില്ലാത്തതു കൊണ്ടാണെന്നാണ് അവർ പറഞ്ഞത്. അതിനുവേണ്ടി നാട്ടുകാർ കാശ് ശേഖരിച്ചു കൊടുത്തു. പിന്നെ അവർക്കിടയിൽ കണ്ട കാഴ്ച മറ്റുള്ളവരേയും രസിപ്പി ക്കുന്നതായിരുന്നു. കുളിപ്പിച്ച് പുതുവസ്ത്രങ്ങൾ അണി യിച്ച മൃതദേഹം. മുഖത്തൊരു കൂളിംങ് ഗ്ലാസ്സ് കണ്ണ ടയും വെച്ചു കൊടുത്തിട്ടുണ്ട്. ചത്താലും ചമഞ്ഞു കിട ക്കുന്നവർ. ആ മൃതദേഹത്തെ ഒരു മണവാളനെപ്പോലെ ചാരുകസേരയിൽ ഇരുത്തികൊണ്ടാണ് ശ്മശാനത്തി ലേക്ക് നീങ്ങുന്നത്. ഒപ്പം ബാന്റു മേളവും സംഗീതവു മായി അവർ ആഹ്ലാദിച്ചു. "എന്നടീ റാക്കമ്മ പല്ലാട്ടി നെരുപ്പ് എൻ നെഞ്ച് കുളുങ്കതെടീ... അടി കണ്ണാടി മൂക്കുത്തി മാണിക്യച്ചുമപ്പ് എൻ നെഞ്ച് കുലുങ്കതെ ടീ..." ഈ ആഹ്ലാദനൃത്തത്തിനിടയിൽ നേരത്തെ ആർത്തു കരഞ്ഞവരും ആനന്ദനൃത്തം ചവിട്ടിയിരുന്നു. ദുഃഖിച്ചാലും മരിക്കും; സന്താഷിച്ചാലും മരിക്കും, എങ്കിൽപ്പിന്നെ സന്തോഷിച്ചൂടെ എന്നതാവാം ഇവരുടെ തത്വം.

*

YES KEY
ELECTRICAL & ENGINEERING WORKS
Puthiyapalam, Calicut
Repair of :
Motor Rewinding
Welding Set, Step-Up,
Battery Charges,
Mixie, Fan,
Cikrema Rectifiers etc...

കൂടാതെ എല്ലാവിധ ഇലട്രിക്ക് ഉപകരണങ്ങളും റിപ്പയർ ചെയ്തു കൊടുക്കുന്നു.
NB: വെൽഡിംഗ് മെഷീൻ വാടകയ്ക്ക് കൊടുക്കുന്നതാണ്
K.P. Sunilkumar, Mob: 9847390950 Ph: 0495 2702073, Resi: 9048594525

HASBI
TOURS & TRAVELS


Meenchantha, Areekkad, Calicut - 27
Mob: Sahir - 9895 999 100, 9349 666 100

## കോട്ടയം ദേവജ ദ്വൈവാരികയുടെ കെ. പങ്കജാക്ഷി അമ്മ മെമ്മോറിയൽ സംസ്ഥാന ചെറുകഥാ അവാർഡും കേരള പന്തിരുകുലം ആർട്സ് അക്കാഡമി കഥാ പുരസ്ക്കാരവും സുരേഷ് തെക്കീട്ടിലിന്



സുരേഷ് തെക്കീട്ടിൽ

**കോ**ട്ടയം ദേവജ ദ്വൈവാരികയുടെ കെ. പങ്കജാക്ഷി അമ്മ മെമ്മോറിയൽ സംസ്ഥാന കഥാ അവാർഡ് സുരേഷ് തെക്കീട്ടിലിന്റെ "സെക്കന്റ് ഒപ്പിനിയൻ അഥവ ഇത്താമുട്ടി ഒട്ടും ഭേദമല്ല" എന്ന കഥയ്ക്ക് ലഭിച്ചു. 25/08/2016ന് കോട്ടയത്ത് മുൻമന്ത്രി ശ്രീ, തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉത്ഘാടനം ചെയ്ത ചടങ്ങിൽ ജസ്റ്റീസ് കെ. ടി. തോമസ് പുരസ്കാരം സമ്മാനിച്ചു. 2016-ൽ സുരേഷ് തെക്കീട്ടിലിനു ലഭിക്കുന്ന മൂന്നാമത് പുരസ്കാരമാണിയ്. തൃശ്ശൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കേരള പന്തിരുകുലം ആർട്സ് അക്കാഡമിയുടെ കഥാപുരസ്കാരം സുരേഷിന്റെ കഥ നിറയുംകാലം എന്ന സമാഹാരത്തിനായിരുന്നു. പാലക്കാട് ആപ്പിൾ ബുക്സ് പുറത്തിറക്കിയ ഈ സമാഹാരത്തിൽ 34 കഥകളാണുള്ളത്. തൃശ്ശൂർ സാഹിത്യ അക്കാഡമിയിൽ 27/08/2016 തിയ്യതി മുൻ സ്പീക്കർ ശ്രീ. കെ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ജസ്റ്റീസ് കെമാൽപാഷ ഉത്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ ശ്രീ. പ്രഭാകരൻ പഴശ്ശി പുരസ്ക്കാരം സമ്മാനിച്ചു. പാലക്കാട് ഗ്രന്ഥപ്പുര കവിതാ പുരസ്ക്കാരത്തിനും (ഉന്നത ശ്രേണി-രണ്ടാം സ്ഥാനം) സുരേഷ് അർഹനായി. മലയാളത്തിൽ പ്രഥമകൃതിയിൽ ഏറ്റവും കൂടുതൽ കഥകൾ ഉൾക്കൊള്ളിച്ച എഴുത്തുകാരൻ കൂടിയാണ് മലപ്പുറം ജില്ലയിലെ പാലൂർ സ്വദേശിയായ സുരേഷ് തെക്കീട്ടിൽ. ശ്രീ. പി. ആർ നാഥന്റെ അവതാരികയോടെ പുറത്തിറങ്ങിയ "സവിനയം പറയട്ടെ" എന്ന പ്രസ്തുത കൃതി 377 ഹ്രസ്വകഥകളുടെ സമാഹാരമായിരുന്നു.

നക്ഷത്രരാജ്യം ലേഖകൻ

---

**കവിത**

# വഴിതെറ്റിയ കൗമാരം



**ചമ്പയിൽ ബാബു**

**അ**ച്ഛനെൻ രക്ഷകനെന്നുകരുതി ഞാൻ
രക്ഷകനായ് എനിക്കൊട്ടും തോന്നിയില്ലെൻഅച്ഛനെ
വേണ്ടുന്ന വേളയിൽ വേണ്ടതു ചൊല്ലിത്തരാത്തൊര-
അച്ഛൻനൊരച്ഛനോ? പണകൊതിയനാം അച്ഛൻനൊരച്ഛനോ
കാലത്തുതിരക്കുള്ളൊരമ്മയോടെങ്ങിനെ
ഞാനെന്റെ ചോദ്യവും ചോദ്യങ്ങൾ അത്രയും കേൾപ്പിക്കും
യാമത്തിൽ ജോലികഴിഞ്ഞെത്തുന്ന അമ്മയോടെങ്ങിനെ
ഞാനെന്റെ ദുഃഖങ്ങൾ ഉണർത്തിക്കും
അങ്ങിനെയുള്ളൊരുകാലത്തെൻനരുകിൽ
കഞ്ചാവിന്റെ മണമുള്ള ചേട്ടന്മാർ വന്നെത്തി
അവരെന്റെ കഥകളും കതനവും കേട്ടെൻ കയ്യിൽ
ഒരുപൊതി കഞ്ചാവുതന്നവർ മാഞ്ഞുപോയ്
പിന്നെയുള്ളോരോരോ നാളുകളത്രയും
മായികലോകത്ത് കുരുങ്ങി ഞാൻ നിൽക്കവെ
ഇന്നുഞാൻ ഇരുമ്പഴിക്കുള്ളിലായ്
ഇതാരുടെതെറ്റെന്ന് ചൊല്ലുക മാളോരെ ചൊല്ലീടുക






കുട്ടികൃഷ്ണൻ നായർ ഇളവന



# മുക്തി

മദ്യം സിരകളിൽ ആളിപ്പടരവെ
എത്തി ഞാനിക്കടൽക്കരെ ഞാനെന്നെയറിയാതെ
അദൃശ്യമാണെല്ലാം മുന്നിൽ തിരയും, തീരവും മനു-
ഷ്യരും, തീരങ്ങളും
നനഞ്ഞ മണൽത്തട്ടിൽ കാലിടറി വീഴ്കവേ-
യോർത്തുപോയ്
നൂലറ്റ പട്ടത്തെപ്പോലെ ലക്ഷ്യമില്ലാതെയലയുന്ന-
എന്റെ ജന്മത്തെ
കേവലമൊരു അമ്പലക്കഴകക്കാരനാമച്ഛൻ,
നിത്യവേതനംകൊണ്ടെന്നെ പഠിപ്പിച്ചു അഞ്ചക്ക-
ശമ്പളക്കാരനാക്കി.
യെങ്കിലും ദിശയറിയാതെ വഴി മറന്നുള്ള ഈ മക-
ന്റെ യാത്രകണ്ടു
മനംനൊന്തു സോപാനത്തിൽ അഷ്ടപദിപാടിത്ത-
ളർന്നുവീണു മരിച്ചു പോയച്ഛൻ.
നാലുനാൾ കഴിഞ്ഞമ്മ മകന്റെ നന്മക്കായ് പ്രാർത്ഥിച്ചു
നാലു മുഴം കയറിൽ ജീവിത സാഫല്യം നേടി.
പറക്കമുറ്റാത്ത കുഞ്ഞുങ്ങളുടെ വിശപ്പിന്റെ രോദനം-
ഞാൻ കേട്ടില്ല
പാതിചാരിയ വാതിലിനു പിറകിൽ പ്രതീക്ഷയറ്റുപോയ മന-
സ്സുമായി സഹധർമ്മിണിയിരിക്കുന്നതു കണ്ടില്ല.
അച്ഛനെന്നും കൊണ്ടുവരാറുള്ള നൈവേദ്യം കഴിച്ചു വിശ-
പ്പടക്കിയ ബാല്യകാലം മറന്നുപോയി ഞാൻ
പ്രജ്ഞയറ്റു എല്ലാം മറന്നുകിടന്നൊരെന്നേയൊരു ദേവദൂ-
തൻ വന്നു തഴുകിയുണർത്തിയരുളിയതു ഞാൻ കേട്ടു
മകനേ ലഹരിയുടെ മായിക പ്രപഞ്ചത്തിൽ നിന്നും മുക്തി-
നേടുക
പാപത്തിന്റെ കറപറ്റിയ നിന്റെ കഞ്ചുകം പാപനാശിനി-
യിൽക്കെഴുകി നീ വിശുദ്ധനാകുക.
എനിയുള്ള നിന്റെ ജീവിതം സഫലമായ്ത്തീരും സുനിശ്ചിതം.
ദേവദൂതൻ എങ്ങോ മറഞ്ഞുപ്പോയ് കുറ്റബോധത്താൽ ഞാനെ-
ന്റെ ഗേഹം പൂകി.



മാധവൻ കുന്നത്തറ



വട്ടാണെനിക്ക്...... മുഴുവട്ടാണെനിക്ക്
നിയതിയിലാരു മറിയില്ലീ ഭ്രാന്തനെ
തെണ്ടുന്നിവൻ ദിശതെറ്റി മണ്ടുന്നിവൻ
എവിടെയാണിവന് നീ കൽപ്പിച്ച മാളം?
ആരാന്റെ കാര്യത്തിനോടിത്തളർന്നവൻ
അവനാന്റെ കാര്യം മറന്നോരു വട്ടൻ!
താങ്ങില്ല തണലില്ല നിൽക്കാനൊരിടമില്ല
കണ്ടാലറിയില്ല കേട്ടലുമറിയില്ലീ മണ്ടനെ
ആരോ പറഞ്ഞ.... നല്ലൊരു നാളിന്റെ
വരവിനായി കാത്തിരുന്നടിപതറി വീണു!
നാടുനന്നായില്ലയെന്നതോ പോകട്ടെ
നീയെന്ന സത്യവും "പച്ച" പിടിച്ചില്ല!
ചെല്ലുന്നിടത്തൊക്കെ കുറ്റപ്പെടുത്തുവാൻ
മത്സരിക്കുന്നിതാ വിശ്വാസ വഞ്ചകർ
ഇന്നുമൂറ്റിക്കുടിക്കുന്നു ചതിയരീമാടിനെ;
തട്ടിക്കളിക്കുന്നു മാറിനിന്നട്ടഹസിക്കുന്നു
ഇല്ലെനിക്കാരുമില്ലെന്നോരു തോന്നലിൽ
ആത്മാഹുതിക്കൊരു ചിതയൊരുക്കീടട്ടെ;
സ്വർഗ്ഗത്തിലെത്തിയാൽ സുഖമാണ് ജീവിതം!
ഇവിടെ നിഷേധിച്ചതൊക്കെയുമവിടെ ലഭിക്കും....!

# നിസ്സഹായൻ

# കിക്ക് ബോക്സർ ഗോപകുമാർ



**ഊ**ണിലും നടപ്പിലും ഉറക്കത്തിലും അയോധന കലയെകുറിച്ച് മാത്രം ചിന്തിക്കുന്ന മനുഷ്യൻ. വർഷങ്ങളായി അയോധനകല ഒരു ജീവിതചര്യയായി ഈ മനുഷ്യനോടൊപ്പമുണ്ട്. ചൈനീസ് കുങ്ഫൂവില്ലൂടെ ഇപ്പോൾ കിക്ക് ബോക്സിങ്ങിലെത്തിനിൽക്കുന്ന ഈ യാത്രയിൽ ഓർത്തുവെയ്ക്കാൻ ഏറെയുണ്ട് ഇദ്ദേഹത്തിന്.

കുട്ടിക്കാലത്ത് കൂട്ടുകാർ കളികളിലേർപ്പെടുമ്പോഴും ഗോപകുമാറിന് അയോധന കലകളോടായിരുന്നു കമ്പം. ബ്രൂസിലിയോടുള്ള ആരാധനയാണ് തന്നെ ഈ രംഗത്തോടടുപ്പിച്ചത് എന്നു പറയുന്നു ഗോപകുമാർ. റഷീദ് മാസ്റ്ററുടെ ശിഷ്യനാവാൻ സാധിച്ചതാണ് തന്റെ ജീവിതത്തിലെ വഴിത്തിരിവെന്ന പറയുന്ന ഗോപകുമാർ. 14–ാമത്തെ വയസ്സിൽ റഷീദ് മാസ്റ്ററുടെ കീഴിൽ ചൈനീസ് കുഗ്ഫൂ ആയിരുന്നു ആദ്യം അഭ്യസിപ്പിച്ചിരുന്നത്. മിക്കവാറും ദിവസങ്ങളിൽ രാത്രി 12 മണി വരെ "പ്രാക്ടീസ്" ചെയ്ത് സൈക്കിളിൽ വീട്ടിലെത്തുമ്പോഴേയ്ക്കും ഒരു പാട് വൈകും. വീട്ടുകാരുടെ ശക്തമായ എതിർപ്പ് ആദ്യകാലങ്ങളിലുണ്ടായെങ്കിലും ഗോപന്റെ നിശ്ചയദാർഢ്യത്തിനുമുൻപിൽ എല്ലാം അലിഞ്ഞില്ലാതായി. ''ട്രെയിനിങ്ങ്'' കഴിഞ്ഞ് വളരെ വൈകി എത്തുമ്പോഴും ഉറക്കമിളിച്ചിരുന്ന് ഭക്ഷണമെടുത്തു തരാറുള്ള അമ്മയാണ് തന്നെ ഏറ്റവും കൂടുതൽ പ്രോത്സാഹിപ്പിച്ചതെന്ന് ഗോപകുമാർ.

റഷീദ് മാസ്റ്ററുടെ ശിക്ഷണത്തിൽ നിരവധി സംസ്ഥാന ദേശീയ ചാമ്പ്യൻഷിപ്പുകളിൽ മത്സരിച്ച് നേടിയ പുരസ്കാരങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്ന ''ഷെൽഫിന്'' മുന്നിൽ നിന്ന് ഗോപകുമാർ എളിമയോടെ പറയും തന്റെ വിലയിരുത്തലിൽ താനൊരു മികച്ച ഫൈറ്ററായിട്ടില്ലെന്ന്. ഓർമ്മയിലെ മികച്ച ഫൈറ്റിനെ കുറിച്ച് ചോദിച്ചപ്പോൾ നാഷണൽ ചാമ്പ്യൻ ഷിപ്പിൽ 10 സെക്കന്റ് കൊണ്ട് ആസ്സാം റൈഫിൾസിന്റെ ഫൈറ്ററെ നോക്കൗട്ട് ചെയ്തതും, ഇടതു കാലിന്റെ എല്ല് പൊട്ടിയിട്ടും പിന്മാറാതെ "ഫൈറ്റ്" പൂർത്തികരിച്ചതും ഓർത്തെടുത്തു. പൊട്ടിയ കാലും വച്ച് വടി കുത്തിപ്പിടിച്ച് ക്ലാസ്സ് പ്രാക്ടീസ് ചെയ്തത് അതിന്റെ തുടർകഥ. മാർഷ്യൽ ആർട്സിൽ ഏറ്റവും ആവശ്യം തളരാത്ത മനസ്സും, ഗുരുക്കന്മാരുടെ ആശിർവാദവുമാണെന്ന് പറയുമ്പോൾ ഇദ്ദേഹത്തിന്റെ പ്രവർത്തിയിലും വാക്കുകളിലും നമുക്കത് കാണാനാകും.

ഗുരുവിന്റെ ആശിർവാദത്തോടെ 10 വർഷങ്ങൾക്ക് മുൻപ് ഒരു പരസ്യം പോലുമില്ലാതെ ആരംഭിച്ച "Calicut Kick Boxing Team എന്ന Professional Trainig Centere" ഇന്നും പേരിന് ഒരു ബോർഡുപോലുമില്ലാതെയാണ് അയോധന കലകൾ അഭ്യസിപ്പിക്കുന്നത്. അയോധന കലയിൽ പ്രാവീണ്യം തെളിയിക്കാനുള്ള കായിക ശക്തിയും, മാനസിക ശക്തിയും, അഭ്യാസവും ട്രെയിനിംഗിലൂടെ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുകയാണ് ഗോപകുമാറിന്റെ "Professional Trainig Centere ആയ Calicut Kick Boxing Team."

Training കൊടുക്കുന്നതിനുകൂടെ സ്വയം പ്രാക്ടീസ് ചെയ്യുന്നതിനാൽ മികച്ച ഫിറ്റ്നസ് നില നിർത്താനാവുന്നതോടൊപ്പം "ട്രയിനീസി"ന് പ്രചോദനമാവാനും സാധിക്കുന്നു. മാർഷ്യൽ ആർട്സ് ട്രെയിനിംഗ് വ്യക്തി ജീവിതത്തിലും ഒരു പാട് മാറ്റങ്ങൾകൊണ്ടു വരുന്നതാവണം. മനോനിയന്ത്രണം ഒരു Kick Boxer ക്ക് ആവശ്യം വേണ്ട ഒന്നാണ്. വിവിധ ഉദ്ദേ്യശങ്ങളിൽ Kick Boxing പഠിക്കാനെത്തുന്നവരിൽ ശരിയായ ചിന്ത ഉണ്ടാക്കിയെടുക്കുന്നതും ഒരു ട്രെയിനറുടെ കടമയാണ്. Kick Boxing പോലുള്ള അയോധനകലകൾ റിംഗിന് പുറത്ത് ആവശ്യത്തിനല്ല. അത്യാവശ്യത്തിനു മാത്രം ഉപയോഗിക്കാനുള്ളതാണ് ഗോപകുമാർ പറയുന്നു. ഇത്രയും വർഷങ്ങളിൽ എത്ര തവണ റിംഗിന് പുറത്ത് Kick Boxing ഉപയോഗിക്കേണ്ടിവന്നു എന്നു ചോദിച്ചപ്പോൾ ചിരിച്ചുകൊണ്ട് ഗോപകുമാർ പറയുന്നു ഒരു തവണപോലും ആവശ്യ വന്നില്ലെന്ന്. മദ്യപാനവും പുകവലിയും ശീലമാക്കാത്തത്, Veg ഭക്ഷണം മാത്രം കഴിക്കുന്ന ഈ മാസ്റ്റർ ശിഷ്യന്മാർക്കു കൊടുക്കുന്ന ആദ്യ ഉപദേശവും ലഹരി ഉപേക്ഷിക്കാനാണ്.

അയാധനകലയ്ക്കു വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച ഇദ്ദേഹത്തിന്റെ ഏറ്റവും ബുദ്ധിമുട്ടേറിയ സമയമായിരുന്നു 2016 ലെ State Kick Boxing Chambion Ship. ആദ്യമായി ഒരു ചാമ്പ്യൻ ഷിപ്പിന്റെ നടത്തിപ്പ് ഏറ്റെടുത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കവെയാണ് നിനച്ചിരിക്കാതെ അമ്മ മരണപ്പെടുന്നത്. എല്ലാ കാര്യത്തിലും താങ്ങായി നിന്നിരുന്ന അമ്മയുടെ മരണം നടന്ന് ദിവസങ്ങൾക്കകം മനസ്സാന്നിദ്ധ്യം വീണ്ടെടുത്ത് ഏറ്റെടുത്ത ഉത്തരവാദിത്വം ഭംഗിയായി പൂർത്തികരിച്ചു. എല്ലാ അർത്ഥത്തിലും ചാമ്പ്യൻഷിപ്പ് വൻ വിജയം. ഇതിനെ തുടർന്ന് അർഹമായ സ്ഥാനം ഗോപകുമാറിനെ തേടിയെത്തി. നാഷണൽ അസ്സോസിയേഷൻ ഓഫ് കിക്ക് ബോക്സിംഗ് ഓർഗനൈസേഷന്റെ സംസ്ഥാന പ്രസിഡണ്ടാണ് ഇന്ന് ഗോപകുമാർ.

National- State ചാമ്പ്യൻഷിപ്പുകളിൽ സ്വന്തം "Students" നെ ഇറക്കി 3 വർഷത്തിനുള്ളിൽ ക്ലാസ്സിലെത്തിയത് 30 ലധികം മെഡലുകൾ. 2016 ഡിസംബറിൽ തേടിയെത്തിയത് ഇൻർനാഷണൽ കിക്ക് ബോക്സിംഗ് റഫറിയുടെ പട്ടം! തീർന്നില്ല 2016 ഡിസംബറിൽ ആദ്യ ഇന്റർനാഷണൽ മത്സരം നിയന്ത്രിക്കാൻ ഡൽഹിയിലെത്തിയ ഗോപകുമാർ മടങ്ങിയത് അതിലും വലിയ നേട്ടവുമായി.


ചാമ്പ്യൻഷിപ്പിന്റെ അവസാനഘട്ടത്തിൽ Title Belt ന് വേണ്ടിയുള്ള ഇറാന്റെ വെല്ലുവിളി ഏറ്റെടുക്കാൻ ഇന്ത്യയിൽ നിന്നും ആരും തയ്യാറായില്ല. ഒടുവിൽ ഒരു തയ്യാറെടുപ്പും ഇല്ലാതിരുന്നിട്ടും ആത്മാഭിമാനം മുറിവേൽക്കാൻ സമ്മതിക്കാതെ റഫറീയിംഗ് മാറ്റിവെച്ച് സധൈര്യം റിംഗിലിറങ്ങി സ്വന്തമാക്കിയത് Inter National Proffessional Title Belt Runnerup ബഹുമതി. തളരാത്ത പോരാട്ടവീര്യവുമായി ഗോപകുമാർ പറയുന്നു. അടുത്ത ലക്ഷ്യം "Inter National Title Belt" ന്റെ ക്ലാസ്സിൽ എത്തിക്കുക എന്നതാണ്. മനസ്സും ശരീരവും Kick Boxing ന് സമർപ്പിച്ച ഒരു മനുഷ്യനിൽ നിന്നും വരുന്ന വാക്കുകൾ വെറുതെയാവില്ല. തീർച്ചയായും ഇന്ത്യയറിയുന്ന ഫൈറ്റേഴ്സ് "Calicut Kick Boxing Team" എന്ന ഈ കരുത്തന്മാരിൽനിന്നുണ്ടാകും.

National Kick Boxing Champion Ship
Orissa January 5 th to 8 th
13 Fighters From kerala
13 Medals
Kerala II nd runnerup

ദിലീപ്

കഥ

# അവൾ





നിതിൻ എം.എ.

**സു**ഗന്ധം... അയാൾ ആ മുറിയിലേക്ക് കടന്നതോടെ മുറി മുഴുവൻ സുഗന്ധപൂരിതമായി, പൊതുവെ സ്ത്രീകളുടെ ദൗർബല്യത്തിൽ ഒന്നാണിത്. വിദേശത്തു നിന്നും വന്ന സുഹൃത്തിന്റെ കയ്യിൽ നിന്നും ഇരന്നു വാങ്ങിയതാണ്. എല്ലാം അവൾക്കു വേണ്ടി. സ്വർണ്ണ നിറമുള്ള പാദസ്വരങ്ങൾ അണിഞ്ഞ് അവൾ മുറിയിലെത്തി. ഒരു കല്ല്യാണപ്പെണ്ണിന്റെ എല്ലാ ഒരുക്കങ്ങളും അവളിൽ ദൃശ്യമായിരുന്നു. അൽപം നാണത്തോടെ അവൾ കട്ടിലിനരികിൽ നിന്നു. അയാളുടെ കൈകൾ അവളിൽ ആദ്യ സപർശനത്തിന്റെ അനുഭൂതി നൽകി, പതിയെ കട്ടിലിനരികിലേക്ക് അവളെ പിടിച്ചിരുത്തി.

അയാൾ തന്റെ ആഗ്രഹ പൂർത്തീകരണത്തിനായി അവളെ മാറോടടക്കി പിടിച്ചു. കൈ വിരലുകൾ മേനിയിലെ നഗ്നത തേടിയലഞ്ഞു. ഓരോ നിമിഷം കഴിയും തോറും അയാൾ അവളിലേക്ക് അലിഞ്ഞ് ചേരുകയായിരുന്നു. പതിയെ കണ്ണുകൾ തുറന്നു. പോകാനുള്ള സമയമായി, കട്ടിലിൽ നിന്നും എണീറ്റു. അല്പം ദൂരെ മേശപ്പുറത്ത് പേഴ്സിൽ നിന്ന് രണ്ട് ആയിരം രൂപയുടെ നോട്ടെടുക്കുന്നു. കിടക്ക വിരി കൊണ്ട് തന്റെ നഗ്നത മറയ്ക്കുന്ന അവൾക്ക് അത് നൽകി അയാൾ യാത്ര പറഞ്ഞു.

രുഗ്മിണി ഭക്ഷണം പാകം ചെയ്യുന്ന തിരക്കിലാണ്. അടുപ്പത്ത് സാമ്പാർ തിളയ്ക്കുന്നു. അതിന്റെ മണം ആസ്വദിച്ച് അത് ഇറക്കി വയ്ക്കുന്നു, അപ്പോഴാണ് വാതിലിൽ മുട്ടുന്ന ശബ്ദം കേൾക്കുന്നത്. അവൾ വാതിൽ തുറന്നു, ക്ഷീണം വിളിച്ചറിയിക്കുന്ന മുഖവുമായി അയാൾ അകത്തേക്ക് കയറി പിന്നാലെ അവളും. അവൾ പരിഭവത്തിൽ ചോദിച്ചു.

ചേട്ടനന്താ ഇത്രയും വൈകിയത്...

മറുപടിയില്ല. ഷർട്ടഴിച്ചു.

എനിക്കൊന്ന് കുളിക്കണം. അയാൾ വിഷയം മാറ്റി.

ഞാനിപ്പം വെള്ളം ചൂടാക്കാം അവളുടെ മനസ്സിൽ നിന്നപ്പോൾ വൈകി വന്നതിനെ കുറിച്ചുള്ള പരിഭവം തീർന്നു അവൾ പറഞ്ഞു. വേഗം കുളിച്ചുവാ... നല്ല സദ്യയുണ്ടാക്കിയിട്ടുണ്ട്.

ഇന്നെന്താണ് പ്രത്യേകത. ഒന്നും അറിയാത്തതുപോലെ അയാൾ ഇരുട്ടിൽ തപ്പി. അവൾക്കു ശുണ്ഠി വന്നു.

അപ്പോ ഇന്നലെ പറഞ്ഞത് മറന്നോ... ഇന്ന് നമ്മുടെ വെഡിംഗ് ആനിവേഴ്സറിയല്ലെ.

ഉം. ഒരു മൂളൽ മാത്രം നൽകി മുറിയിലേക്ക് അയാൾ പോയി, അവൾ അടുക്കളയിലേക്കും. കുളി കഴിഞ്ഞു, സദ്യയുണ്ട് ഇല തുടച്ച് വൃത്തിയാക്കി കൈവിരലുകൾ നാവുകൊണ്ടും... ഇതൊക്കെ കണ്ടു നിന്ന അവൾ നിർവൃതിയിലാണ്ടു. "കറിക്ക് ഉപ്പു പോരാ" എന്ന താക്കീത് അയാൾ അവൾക്കു നൽകി. ഉച്ചയുറക്കത്തിന്റെ ആലസ്യത്തിലേക്ക് അയാളും അടുക്കളയെന്ന യുദ്ധഭൂമിയിലേക്ക് അവളും യാത്രയായി. പാത്രങ്ങൾ കഴുകിയും, അടിച്ചുവാരിയും ഓരോ നിമിഷത്തിലും നടുവിന് കൈകൊടുത്ത് അവൾ ആശ്വസിക്കുന്നു, അതേ സമയം ഉറക്കത്തിന്റെ കയറ്റിറക്കത്തിൽ ഒരു താളത്തിലായി അയാളുടെ കൂർക്കം വലിയും നടന്നു കൊണ്ടിരുന്നു.

സൂര്യാസ്തമയത്തിന്റെ സമയമായി. നിലവിളക്കിലെ ഒരു തിരിവെളിച്ചം പതിവുപോലെ അവൾ വീടിനു നൽകി. രാത്രിയോടടുക്കമ്പോഴും നേരം വെളുക്കുമ്പോൾ തുടങ്ങിയ കർമ്മപഥത്തിൽ അണുവിട മാറാതെ ഓരോ പണിയും അവൾ കൃത്യമായി ചെയ്തു കൊണ്ടിരുന്നു. മുറ്റത്ത് ആകാശത്ത് നിറഞ്ഞു നിൽക്കുന്ന നക്ഷത്രങ്ങളെ സാക്ഷി നിർത്തി അയാൾ ആത്മാവിന് പുക നൽകികൊണ്ടിരുന്നു. ക്ഷീണിച്ച ശരീരവുമായി ബെഡ്റൂമിലെത്തി കിടക്ക വിരിക്കുന്നു.

പിന്നിൽ നിന്നും രണ്ട് കൈകൾ അവളുടെ അരക്കെട്ടിനോട് ചേർത്തു പിടിച്ച് കഴുത്തിലും കവിളിലുമായി ചുംബനങ്ങൾ നൽകി... ഭർത്താവിന്റെ ഇംഗിതത്തിന് വഴങ്ങി കിടക്കയിലേക്ക് അവളും ...

സൂര്യന്റെ ഉദയത്തോടൊപ്പം അയാളും ഉണർന്നു. പതിവുപോലെ അഴിഞ്ഞു പോയ മുണ്ട് തപ്പിയെടുത്തു. പുതപ്പിനുള്ളിൽ അർദ്ധനഗ്നയായ അവളും എഴുന്നേറ്റു, പേഴ്സിൽ നിന്നും രണ്ട് ആയിരത്തിന്റെ നോട്ടെടുത്ത് അയാൾ അവൾക്ക് നീട്ടി...

അവൾ ഇതെന്തിനാ ചേട്ടാ... പലചരക്കുകടയിലെ പൈസ ഇന്നലെ കൊടുത്തതല്ലെ.

പെട്ടെന്നുള്ള തിരിച്ചറിവിൽ വിറയാർന്ന കൈകളോടും ശബ്ദത്തോടും കൂടി അയാൾ പറഞ്ഞു. ഇന്നലെ നമ്മുടെ വെഡ്ഡിങ്ങ് ആനിവേഴ്സറിയായിരുന്നില്ലേ. നീ ഒരു സാരി വാങ്ങിച്ചോ.

അടുക്കളയിൽ തിളയ്ക്കുന്ന വെള്ളത്തിലേക്ക് അവൾ ചായപ്പൊടി ഇട്ടു.

പരിസരം മറന്ന് പറ്റിയ അബദ്ധത്തെക്കുറിച്ച് അയാൾ ചിന്തിച്ചു. ആ... കുഴപ്പമില്ല. അയാൾ ആശ്വസിച്ചു.

അടുക്കളയിൽ അപ്പോഴും അവൾ കർമ്മനിരതയായിതുടർന്നു.

അയാൾ മുറ്റത്തിറങ്ങി ആത്മാവിനു പുക നൽകി കൊണ്ട് വീണ്ടുമൊരു രാത്രിയ്ക്കായി കാത്തിരുന്നു.

*

ലേഖനം

# മാതൃരാജ്യത്തിന്റെ മാനം കാക്കാൻ



ജോസഫ് പൂതക്കുഴി

ദേശസ്നേഹത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ നമ്മുടെ പൂർവ്വികർ കാട്ടിത്തന്ന ആദർശ ധീരതയും ആത്മാർത്ഥതയും പാരമ്പര്യവും ആണ് നമ്മുടെ ഓർമ്മയിൽ വരുന്നത്. കുട്ടിക്കാലം മുതൽ നാം ഒരു പ്രതിജ്ഞ ചെയ്യാറുണ്ട്. "ഭാരതം എന്റെ നാടാണ്. എല്ലാഭാരതീയരും എന്റെ സഹോദരീ സഹോദരൻമാരാണ്. ഞാൻ എന്റെ നാടിനെ സ്നേഹിക്കുന്നു." എന്നാൽ നമ്മിൽ എത്ര പേർ ഇതിന്റെ അർത്ഥം മനസ്സിലാക്കിയാണ് ഈ പ്രതിജ്ഞ എടുക്കുന്നത് എന്ന് ചിന്തിക്കേണ്ടിയിരിക്കുന്ന. സ്വാർത്ഥലാഭത്തിനു വേണ്ടി, മാതൃഭൂമിയുടെ ഉയർച്ചയ്ക്കും വളർച്ചയ്ക്കും ഉന്നതിക്കും തടസ്സം സൃഷ്ടിക്കുന്ന എന്തെല്ലാം വിധ്വംസക പ്രവർത്തനങ്ങളാണ് ഇന്നീ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നത്.


സാമുദായിക സൗഹാർദ്ദത്തിന്റെ ബലിപീഠത്തിൽ 1948 ജനുവരി 30 ന്ന് നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി സ്വന്തം ജീവൻ ബലിയർപ്പിച്ചപ്പോൾ അതുളവാക്കിയ ദുഃഖത്തിന്റേയും നഷ്ടബോധത്തിന്റേയും അലയിൽ ഭാരതീയരെല്ലാം ആ ലോകാചാര്യന്റെ പാദമുദ്രകൾ പിന്തുടരുമെന്നും ദേശസ്നേഹം ഞങ്ങളുടെ ജീവിത വ്യതമായിരിക്കുമെന്നും പ്രതിജ്ഞ ചെയ്തു. എന്നാൽ കടന്നുപോയ വർഷങ്ങളിലേക്ക് നാമൊന്ന് തിരിഞ്ഞു നോക്കിയാൽ നാമെടുത്ത പ്രതിജ്ഞ വെറും ജലരേഖയായിരുന്നുവെന്ന് കാണുവാൻ കഴിയും.

നമ്മുടെ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഏറ്റവുമധികം ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. അതുകൊണ്ടു തന്നെ മാതൃ രാജ്യത്തിന്റെ സ്വാതന്ത്ര്യ സംരക്ഷണത്തെക്കുറിച്ചും ദേശീയോദ്ഗ്രഥനത്തെക്കുറിച്ചും ഗൗരവപൂർവ്വം പരിചിന്തനം ചെയ്യേണ്ടത് ഓരോ ഭാരതീയന്റേയും കടമയാണ്. നമ്മുടെ രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും പരമാധികാരവും കാത്തുസൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വം നാമോരോരുത്തരിലും നിക്ഷിപ്തമായിരിക്കുന്നുവെന്ന യാഥാർത്ഥ്യം നാം മറന്നുപോകാൻ പാടില്ല.

മതത്തിന്റേയും ജാതിയുടേയും വർഗ്ഗത്തിന്റേയും വർണ്ണത്തിന്റേയും ഭാഷയുടേയും പ്രാദേശികതയുടേയും പേരിൽ ശിഥിലീകരണ ശക്തികൾ രാജ്യത്ത് കലാപങ്ങൾക്ക് ശ്രമിക്കുന്ന കാഴ്ചകൾ നമുക്കിന്ന് കാണുവാൻ സാധിക്കുന്നു. ദേശീയോദ്ഗ്രഥനം പ്രസംഗവേദികളിൽ ഉപയോഗിക്കാനുള്ള സുന്ദരമായൊരു പദമായി മാറിക്കൊണ്ടിരിക്കുകയാണോ എന്ന് ദിവസവും പത്രമാധ്യമങ്ങൾ കാണുമ്പോൾ സംശയിച്ചുപോകുന്നു.

ആരാധനാലയങ്ങൾ ആയുധപ്പുരകളായി മാറുകയും മനുഷ്യമനസ്സുകളിൽ സ്നേഹത്തിന്റെ പനിനീർ തളിക്കേണ്ട, ശാന്തിയുടെ മന്ത്രം പകരേണ്ട മതങ്ങൾ മതവിദ്വേഷത്തിന്റെ പടഹധ്വനികൾ മുഴക്കി നാട്ടിലെമ്പാടും സംഹാരതാണ്ഡവമാടുകയും ചെയ്യുന്നത് നമ്മുടെ നാടിന്റെ ശാന്തിയും സമാധാനവും ഇല്ലായ്മ ചെയ്യുകയും ജന്മനാടിന്റെ ഉൽക്കർഷത്തിനും പുരോഗതിക്കും വിഘാതം സൃഷ്ടിക്കുകയും ചെയ്യുന്നു എന്ന വസ്തുത നാം ഗൗരവപൂർവ്വം കണക്കിലെടുക്കേണ്ടിയിരിക്കുന്നു.

ഇന്ത്യയെ ഇന്ത്യയെന്നും, ഇന്ത്യക്കാരനെ ഇന്ത്യക്കാരനെന്നും മനസ്സിലാക്കാൻ സാധിക്കാതെ തെക്കനെന്നും വടക്കനെന്നും ഹിന്ദുവെന്നും മുസൽമാനെന്നും കൃസ്ത്യാനിയെന്നും ബൗദ്ധനെന്നും പാഴ്സിയെന്നും മാത്രം കാണുന്ന ഒരവസ്ഥയിലേക്കാണോ നാമിന്നു നീങ്ങിക്കൊണ്ടിരിക്കുന്നത് എന്ന് തോന്നിപ്പോകുന്ന വാർത്താ മാധ്യമങ്ങളിലെ പല ദൃശ്യങ്ങളും വാർത്തകളും രാജ്യത്തിന്റെ വികസനത്തിനും പുരോഗതിക്കും അഖണ്ഡതയ്ക്കും ദേശീയതയ്ക്കും മങ്ങലേൽപ്പിക്കുന്ന ദുഃഖകരമായ ഈ വസ്തുതകളെ നാം കണ്ടില്ല എന്നു നടിച്ചുകൂടാ. നമ്മുടെ മാതൃ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും അഭിവൃദ്ധിക്കും തടസ്സമായി നിൽക്കുന്ന ഇത്തരം യാഥാർത്ഥ്യങ്ങളെ അതർഹിക്കുന്ന ഗൗരവത്തോടുക്കൂടിത്തന്നെ നാം കണക്കിലെടുക്കണം. ജാതിയുടേയും മതത്തിന്റേയും ഭാഷയുടേയും പേരിൽ ഭാരതീയർ വേർത്തിരിക്കപ്പെടാൻ പാടില്ല. ജാലിയൻ വാലാബാഗിലെ





പുണ്യഭൂമിയിൽ സ്വാതന്ത്ര്യത്തിനു വേണ്ടി ചിന്തപ്പെട്ട രക്തം ഹിന്ദുവിന്റേയും മുസൽമാന്റേയും സിക്കുകാരന്റേയും ഇടകലർന്നതായിരുന്നു. ബ്രിട്ടീഷുകാരന്റെ ജയിലറകളിൽ ഹിന്ദിക്കാരനും തമിഴനും തെലുങ്കനും മലയാളിയും വേർത്തിരിക്കപ്പെട്ടിരുന്നില്ല. പ്രാദേശികത്വത്തിന്റെ ചട്ടക്കൂടുകൾ നമ്മുടെ ജന്മഭൂമിയുടെ ദേശീയതയ്ക്ക് വിഘ്നം വരുത്തുവാൻ അനുവദിച്ചുകൂടാ.

അമേരിക്കൻ പ്രസിഡണ്ടായിരുന്ന ജോൺ എഫ്. കെന്നഡി പറഞ്ഞിട്ടുള്ള ഒരു വാക്യം ഇത്തരുണത്തിൽ ഓർമ്മയിൽ വരുന്നു. ''രാഷ്ട്രം നിങ്ങൾക്കുവേണ്ടി എന്തു ചെയ്തു എന്നു ചിന്തിക്കാതെ നിങ്ങൾ രാഷ്ട്രത്തിനുവേണ്ടി എന്തു ചെയ്തു എന്നു ചിന്തിക്കുക.'' എത്ര അർത്ഥവത്തായ വാക്കുകൾ. നമ്മുടെ രാജ്യം പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ഈ കാലഘട്ടത്തിൽ തികഞ്ഞ ദേശീയ ബോധമുള്ളവരും ദേശസ്നേഹമുള്ളവരും ആയി രാജ്യത്തിന്റെ സുരക്ഷയ്ക്കും ഉൽക്കർഷത്തിനും സാമൂഹ്യ സാമ്പത്തിക വ്യാവസായിക പുരോഗതിക്കും ഉതകുന്നതരത്തിലുള്ളതായിരിക്കണം നമ്മുടെ ആശയാഭിലാഷങ്ങളും പ്രവർത്തനങ്ങളും.

ഭാരതത്തിന്റെ അതിർത്തി മേഖലകളിലെ ഭീകരവാദികളുടെ നുഴഞ്ഞുകയറ്റങ്ങളും കടന്നാക്രമണങ്ങളും ഇടയ്ക്കിടയ്ക്ക് നടന്നുകൊണ്ടിരിക്കുന്നു. ധീരദേശാഭിമാനികളായ നമ്മുടെ സുരക്ഷാ ഭടന്മാർ അതിർത്തി മേഖലകളിൽ ശത്രുക്കളുടെ മിന്നലാക്രമണങ്ങളിൽ ജീവൻ ബലിയർപ്പിക്കപ്പെടുന്ന ദാരുണ സംഭവങ്ങൾ ഭാരത മാതാവിനെ കണ്ണീരിലാഴ്ത്തുന്ന കാഴ്ച നാം കാണാതിരുന്നുകൂടാ. നാം സുഖമായുറങ്ങാൻ വേണ്ടി നമ്മുടെ സൈനികർ കൊടും തണുപ്പിലും ചൂടിലും ഇമയടയ്ക്കാതെ നമ്മുടെ സുരക്ഷയ്ക്കുവേണ്ടിയാണ് കാവൽ നിൽക്കുന്നത് എന്ന യാഥാർത്ഥ്യം നാം തിരിച്ചറിഞ്ഞു പ്രവർത്തിക്കുന്നു.

ഭാരതാംബയുടെ മനമുരുക്കുന്ന ഭീകരവാദികളേയും രാജ്യ താല്പര്യങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്ന ഭീകരവാദികളേയും അരാജകവാദികളേയും മത തീവ്രവാദികളേയും രാജ്യ താല്പര്യങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്ന വിധ്വംസക പ്രവർത്തികളേയും ഭരണകർത്താക്കളേയും അവർക്ക് ഓശാനപാടുന്ന രാഷ്ട്രീയ അവസരവാദികളേയും നിലയ്ക്ക് നിർത്തുവാൻ സ്വരാജ്യസ്നേഹം മനസ്സിൽ കളങ്കമില്ലാതെ സൂക്ഷിക്കുന്ന ഭാരത മക്കൾ അരയും തലയും മുറുക്കി കർമ്മോത്സുകരായി രംഗത്തിറങ്ങി പോരാടണം. സ്വരാജ്യസ്നേഹികളായ ഉത്തമ പൗരന്മാർ മതേതരത്വത്തിനും മത സൗഹാർദ്ദത്തിനും പോറലേൽപ്പിക്കുന്ന കുൽസിത പ്രവർത്തനങ്ങളെ കണ്ടെത്തി മുളയിതെ നുള്ളിക്കളയുവാൻ ജാഗരൂഗരായിരിക്കണം.





തമസാ നദിയുടെ തീരത്തുനിന്നുകൊണ്ട് – മാനിഷാദ – അരുത് കാട്ടാളാ എന്ന് പാടിയ വാത്മീകിയുടെ നാട്ടിൽ ശ്രീ ബുദ്ധനും മഹാവീരനും ശ്രീ ശങ്കരാചാര്യരും ശ്രീ നാരായണ ഗുരുവും ഉയർത്തിയ മഹദ് വചനങ്ങൾ കേട്ട് രോമാഞ്ചമണിഞ്ഞ ഭാരത നാട്ടിൽ, മഹാത്മ ഗാന്ധിയുടെ പാദസ്പർശമേറ്റ് പവിത്രമായിത്തീർന്ന ഈ പുണ്യഭൂമിയിൽ നിന്ന് നമ്മുടെ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും അഭിവൃദ്ധിക്കും വിഘാതമായി നിൽക്കുന്ന എല്ലാ ദുഷ്ട ശക്തികളേയും തൂത്തെറിഞ്ഞേ മതിയാവൂ. അതിനായി നമുക്കൊറ്റക്കെട്ടായി പരിശ്രമിക്കാം.

*

# ഒരിറ്റ്



ഗിരീഷ്മൂഴിപ്പാടം




Edited, Printed Published by Nakshathra Rajyam E.Radhakrishnan on behalf of Nakshatra Rajyam Monthly Layout: Sundargraphics, Calicut. Printed at Geethanjali Offset Prints, Kundayithode, Calicut